unicef
unite for children

വോള്യം
1

# ബാലസൗഹൃദ ഭരണം

## ബിരുദാനന്തര ഡിപ്ലോമ

**Post Graduate Diploma In Child Friendly Governance**

**ചൈൽഡ് റിസോഴ്സ് സെന്റർ**
**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ് പി.ഒ.,
തൃശൂർ - 680581, കേരള, ഇന്ത്യ

ചൈൽഡ് റിസോഴ്സ് സെന്റർ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ
അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ,
കേരള, ഇന്ത്യ – പിൻ : 680 581
ഫോൺ : 04872207000, 2201312, 2200244
ഫാക്സ് : 04872201062
ഇ–മെയിൽ : mail@kilaonline.org,
kilathrissur@gmail.com
വെബ് സൈറ്റ് : www.kila.ac.in

# ബാലസൗഹൃദ ഭരണം

## ബിരുദാനന്തര ഡിപ്ലോമ

Post Graduate Diploma In Child Friendly Governance

Hand book Volume -1

മാർച്ച് 2017

*ചീഫ് എഡിറ്റർ*
**ഡോ. പി പി ബാലൻ**
ഡയറക്ടർ,കില

*എഡിറ്റർ*
**ഡോ. പീറ്റർ എം രാജ്**
അസോസ്സിയേറ്റ് പ്രൊഫസർ & ചെയർ സിആർസി, കില

*അസോസിയേറ്റ് എഡിറ്റർമാർ*
**കാളിദാസൻ എം ജി**
എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില
**ഭാസ്ക്കരൻ പള്ളിക്കര**
എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില
**റിസ്മിയ ആർ ഐ**
ട്രെയിനിംഗ് അസോസിയേറ്റ്, കില

*Acknowledgement*
*We are thankful to Mr. Job Zachariah, Chief UNICEF Office for Thamilnadu & Kerala and his team for the support*

# ഉള്ളടക്കം


ആമുഖം 5

എഡിറ്റോറിയൽ കുറിപ്പ് 7

പാഠ്യപദ്ധതി വിഷയസൂചി 9

1. കുട്ടികൾക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടിയും ഇന്ത്യൻ സാഹചര്യങ്ങളും 13

2. കുട്ടികളുടെ വികസനം 31

അനുബന്ധം – സി സി ഡി പി ഗൈഡ്‌ലൈൻ 51

# ആമുഖം

കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര പരിശീലനസ്ഥാപനമാണ്. 1990 ൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഈ പരിശീലന കേന്ദ്രത്തിന് രൂപം നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, ജീവനക്കാർക്കും, പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും പരിശീലനം നൽകുക എന്നതാണ് കിലയുടെ മുഖ്യ ഉത്തരവാദിത്വം. വികേന്ദ്രീകൃത ആസൂത്രണത്തെ തുടർന്ന് പ്രാദേശീകാസൂത്രണവുമായി ബന്ധപ്പെട്ട് പഠനഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ബന്ധപ്പെട്ട നയരൂപീകരണത്തിന് ആവശ്യമായ വിദഗ്ദ്ധ ഉപദേശവും സഹായവും നൽകുകയും കിലയുടെ ചുമതലയിലുൾപ്പെടുന്നു.

അന്തർദേശീയ വികസന ഏജൻസികൾ യൂണിസെഫ്, യുഎൻഡിപി, യുഎൻ ഹാബിറ്ററ്റ്, ലോകബാങ്ക്, ഇന്റർനാഷ്ണൽ സോഷ്യോളജിക്കൽ ഫോറം തുടങ്ങിയവയുടെ സഹകരണത്തോടെ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് കില നേതൃത്വം നൽകുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, സാർക്ക് രാഷ്ട്രങ്ങളിൽനിന്നും, പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട് ഉന്നത തല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കിലയിൽ പരിശീലനത്തിന് എത്തിചേരാറുണ്ട്.

കുട്ടികളുടെ ആരോഗ്യകരമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ അന്തരീക്ഷം സംജാതമാക്കുക എന്നതാണ് സാമൂഹിക വികസന രംഗത്തുള്ള കിലയുടെ കാഴ്ചപ്പാട്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ മാത്രമേ അവർക്കനുയോജ്യമായ ഒരു ലോകം കെട്ടിപടുക്കാൻ കഴിയൂ. ഇത് സാക്ഷാത്ക്കരിക്കണമെങ്കിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും തദ്ദേശഭരണസ്ഥാപനങ്ങൾ ഉത്തരവാദികളാകേണ്ടിയിരിക്കുന്നു.

ബാലകേന്ദ്രീകൃതഭരണം സാധ്യമാകണമെങ്കിൽ തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന ഒരു പ്രത്യേക സംവിധാനം കിലയിൽ സ്ഥാപിതമാകണമെന്ന ആശയം യൂണിസെഫ് മുന്നോട്ടുവെച്ചു. ഇതേതുടർന്ന് 2011 ൽ ഇന്ത്യയിലാദ്യമായി ഒരു ചൈൽഡ് റിസോഴ്സ് സെന്റർ (CRC) യൂണിസെഫ് സഹായത്തോടെ കിലയിൽ സ്ഥാപിതമായി. ബാലകേന്ദ്രീകൃത ഭരണം ഉറപ്പാക്കുന്നതിന് ആവശ്യമായ ബഹുമുഖ പ്രവർത്തനങ്ങൾക്ക് ചൈൽഡ് റിസോഴ്സ് സെന്റർ നേതൃത്വം നൽകുന്നു. കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രധാനപ്പെട്ട ഒന്നാണ് ബാലസൗഹൃദതദ്ദേശഭരണം എന്ന നൂതന ആശയം. ഇത് വഴി കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളെ ബാലസൗഹൃദഭരണത്തിലേക്ക് നയിക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. (Child Friendly Local Governance )

ബാലസൗഹൃദഭരണം തദ്ദേശഭരണത്തിന്റെ ഭാഗമാക്കുന്നതോടൊപ്പം കുട്ടികൾക്ക് സേവനം നൽകുന്ന എല്ലാ രംഗങ്ങളിലും കുട്ടികളുടെ അവകാശങ്ങൾ പരിരക്ഷിക്കപ്പെടേണ്ട അവസ്ഥ കൈവരിക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടു. ഇത് സാധ്യമാകണമെങ്കിൽ ഒരു ബിരുദാനന്തര ഡിപ്ലോമ ബാലസൗഹൃദ ഭരണത്തിൽ (Post Graduate Diploma in Child Friendly Governance) ഏർപ്പെടുത്തണമെന്ന് കിലയും യൂണിസെഫും സംയുക്തമായി തീരുമാനിച്ചു. ബാലസൗഹൃദഭരണം എന്നത് ഇതേവരെ പരീക്ഷിക്കപ്പെടാത്ത വിജ്ഞാനശാഖയാണ്. ഈ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് കില അതിന്റെ പ്രഥമ ബാച്ചിൽ ജനപ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി ഒരു കോഴ്സ് രൂപപ്പെടുത്തിയത്. ഒരു മുഴുവൻ സമയക്ലാസ്സ് ആയോ, ഒരു വിദൂരപഠന (Correspondence Course) സമ്പ്രദായത്തിലോ ബാലസൗഹൃദഭരണം പഠിപ്പിക്കുക അസാധ്യമാണെന്ന് വിലയിരുത്തപ്പെടുകയുണ്ടായി. ഇതേതുടർന്ന് എല്ലാ മാസവും മൂന്ന് ദിവസം തുടർച്ചയായ ക്ലാസ്സുകളും, അതിനുശേഷം അസൈൻമെന്റുകളും സ്വപഠനരീതികളും, അവലംബിച്ചുകൊണ്ട് വിഷയത്തിന്റെ ജ്ഞാനമേഖലകളും, വൈദഗ്ദ്ധ്യ മേഖലകളും കൈവരിക്കാനുള്ള ഒരു പരീക്ഷണാത്മക ശ്രമമാണ് ഈ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ. ഒരു പാഠ്യപദ്ധതിയോ, പാഠ്യക്രമമോ നേരിട്ട് രൂപപ്പെടുത്തുകയല്ല ഇതിൽ ചെയ്യുന്നത്. വിഷയസൂചികളെ അടിസ്ഥാനപ്പെടുത്തി ആധികാരികഗ്രന്ഥങ്ങൾ പരിശോധിച്ച് വിദഗ്ദ്ധരായ വ്യക്തികൾ വിഷയാവതരണങ്ങൾ നടത്തുകയും പഠിതാക്കളുടെ സംശയങ്ങളേയും അനുഭവങ്ങളേയും അടിസ്ഥാനപ്പെടുത്തി ഒരു പാഠ്യപദ്ധതി മാറ്റങ്ങൾക്ക് വിധേയമായി ചിട്ടപ്പെടുത്തുക എന്നതാണ് (Evolving curriculum) ഇവിടെ അവലംബിച്ചിരിക്കുന്നത്. അതിനൂതനമായ ഈ പ്രായോഗിക പാഠ്യപദ്ധതിയുടെ വിഷയനിർദ്ദേശങ്ങൾ അഥവാ പാഠനകുറിപ്പുകൾ 5 വോള്യങ്ങളിലായി തയ്യാറാക്കുന്നതാണ്. അതിലെ ഒന്നാമത്തെ പുസ്തകമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

ചൈൽഡ് റിസോഴ്സ് സെന്റർ, കില തയ്യാറാക്കിയ ഈ പുസ്തകം പഠനപങ്കാളികളെ സഹായിക്കുമെന്ന് എനിക്കുറപ്പുണ്ട്. സമയാസമയങ്ങളിൽ സഹായസഹകരണങ്ങൾ നൽകിയ കേരള, തമിഴ്നാട് യൂണിസെഫ് ചീഫായ ശ്രീ. ജോബ് സക്കറിയ അവർകൾക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഈ പാഠപുസ്തകം തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ ചൈൽഡ് റിസോഴ്സ് സെന്റർ, കിലയിലെ ഡോ. പീറ്റർ എം രാജിനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും ഞാൻ അനുമോദിക്കുന്നു.

**ഡോ.പി പി ബാലൻ**

22-3-2017

ഡയറക്ടർ, കില

# എഡിറ്റോറിയൽ കുറിപ്പ്

ഭാരതം 1992ൽ ഐക്യരാഷ്ട്ര സഭയുടെ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടി അംഗീകരിച്ചശേഷം ഈ അവകാശങ്ങൾ അനുഭവവേദ്യമാക്കുന്നതിനായി നിരവധി പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കുട്ടികളുടെ വികസനത്തിനായി കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം രൂപീകരിക്കുകയും കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതിനായി ദേശീയ ബാലാവകാശ കമ്മീഷൻ സ്ഥാപിക്കുകയും ചെയ്തു. ബാലനീതി നിയമം വിദ്യാഭ്യാസ അവകാശ നിയമം, ബാലവേല നിയന്ത്രണ നിയമം, കുട്ടികളെ ലൈംഗീക അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നിയമം, ഭ്രൂണപരിശോധന നിയന്ത്രണനിയമം തുടങ്ങിയവ ഇതിൽ ഉൾപ്പടുന്നു.

ഇത്തരം മഹത്തരങ്ങളായ സംരംഭങ്ങൾ നിലനിൽക്കുമ്പോഴും കുട്ടികൾ ഇന്നും യാതനകൾ അനുഭവിക്കുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യേണ്ടിവരുന്നു. ലോകത്താകമാനമുള്ള ശിശുമരണങ്ങളുടെ ഉദ്ദേശം നാലിലൊന്നും, ന്യൂനപോഷണത്തിന്റെ മൂന്നിലൊന്നും ഇന്ത്യയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു. സ്കൂൾ വിട്ടുനിൽക്കുന്ന കുട്ടികളുടെ നിരക്കിൽ നാലാംസ്ഥാനത്തും, അതിക്രമവിധേയമാകുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ പ്രഥമസ്ഥാനത്തും  പ്രതിഷ്ഠ നേടുന്ന അപമാനകരമായ അവസ്ഥയിലാണ് നമ്മുടെ നാട്ടിലെ കുട്ടികൾ.

കുട്ടികളുടെ അവകാശം സംരക്ഷിക്കുന്ന ചുമതലക്കാരാകട്ടെ കുടുംബങ്ങളും സമൂഹവും സ്ഥാപനങ്ങളും വെച്ചുപുലർത്തുന്ന അജ്ഞതമൂലം മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണ്. ഈ രംഗത്ത് മോണിട്ടറിംഗ് സംവിധാനങ്ങളും പരിമിതികൾ നേരിടുന്നുണ്ട്. വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ കുട്ടികളുടെ അവകാശങ്ങളെകുറിച്ചുള്ള അജ്ഞതയും പ്രശ്നപരിഹാരങ്ങളെ കുറിച്ചുള്ള അവ്യക്തതകളും എല്ലാററിനുമുപരി അവകാശാധിഷ്ടിത ഭരണ നിർവ്വഹണത്തിനായുള്ള നൈപുണികളുടെ അഭാവവുമാണ്, ഈ പരിതാപകരമായ അവസ്ഥക്ക് കാരണം. ഇത് ബാലസൗഹൃദഭരണ നിർവ്വഹണ സങ്കേതങ്ങളുടെ ശാക്തീകരണത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. ബാലാവകാശ ഭരണ സമീപനം, കുട്ടികൾക്കായുള്ള നിയമങ്ങളും, വിവിധ സംവിധാനങ്ങളും ഘടകങ്ങളും നയപരിപാടികളും, ആനുകൂല്യങ്ങളും സ്ഥാപനങ്ങളും എപ്രകാരമെന്ന് തിരച്ചറിയുന്നതിന് അവയുടെ ഗുണഫലങ്ങൾ അവകാശ ലഭ്യതക്കായി ഉപയുക്തമാക്കുവാനും കാര്യമായ സംഭാവന ചെയ്യുമെന്ന് ഉറപ്പുണ്ട്. ഈ കാഴ്ചപ്പാടോട് കൂടിയാണ് കിലയിൽ സ്ഥാപിതമായ ചൈൽഡ് റിഴോഴ്സ് സെന്റർ 12 മാസക്കാലം നീണ്ടുനിൽക്കുന്ന ബാലസൗഹൃദഭരണത്തിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ആരംഭിക്കാൻ തീരുമാനിച്ചത്. ബിരുദധാരികളായ ജനപ്രതിനിധികൾക്കായി ഒരു കോഴ്സ് എന്ന നിലയിലാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്.

## കോഴ്സിനെ കുറിച്ച്

ബാലസംബന്ധിയായ താഴെ പറയുന്ന മേഖലകളെകുറിച്ചുള്ള അറിവും നൈപുണികളും അഭിഭാവവും ഉള്ള വിദ്ഗദരെ വാർത്തെടുക്കുകയാണ് ഈ കോഴ്സ് ലക്ഷ്യമിടുന്നത്

- കുട്ടികളുടെ അവകാശങ്ങളും വ്യത്യസ്തപ്രായോഗിക തലങ്ങളും
- ആരാണ് കുട്ടി അവരുടെ വികസനത്തിന്റെ പ്രാധാന്യവും സാധ്യതകളും
- കുട്ടികളുടെ അവകാശങ്ങൾ ഭരണകാര്യങ്ങൾക്കായി പ്രയോഗത്തിൽ കൊണ്ട് വരുന്നതിനുള്ള നൈപുണി.
- ബാലാവകാശവുമായി ബന്ധപ്പെട്ട അന്തർദേശീയ, ദേശീയ പ്രാദേശിക നയങ്ങളും ഉപാധികളും.
- ബാലാവകാശങ്ങൾക്കനുകൂലമായി വാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തെളിവുകൾ സൃഷ്ടിക്കുക
- ബാലാവകാശ സംരക്ഷണത്തിൽ സ്വീകരിക്കുന്ന സമീപനങ്ങൾ

## പാഠ്യക്രമം

3 ദിവസം ക്ലാസ്സ് റൂം പഠനവും തുടർന്ന് അസൈൻമെന്റുകൾ, ഡിസർട്ടേഷൻ, ആധികാരിക ഗ്രന്ഥവായന തുടങ്ങിയ സ്വയം പഠനവും പ്രവർത്തനവും ചേർന്നതാണ് പാഠ്യക്രമം. 6 പേപ്പറുകൾ ആണ് പരീക്ഷക്കായി തെരഞ്ഞെടുക്കുന്നത്. ഈ പേപ്പറുകളിൽ 10 പ്രധാന വിഷയങ്ങൾ ചർച്ചചെയ്യുന്നുണ്ട് കില തയ്യാറാക്കിയിട്ടുള്ള ബാലസൗഹൃദ തദ്ദേശ ഭരണം പ്രവർത്തനസഹായിയും, മാർഗ്ഗരേഖയുമാണ് അതിപ്രധാനമായ പാഠപുസ്തകങ്ങൾ. കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ വികസനം, വിവരശേഖരണവും വിശകലനവും, ഭിന്നശേഷി, ശിശു കേന്ദ്രീകൃത ഗവേഷണം തുടങ്ങിയവയും പഠനത്തിൽ ഉൾകൊള്ളുന്നു.

## പഠനകുറിപ്പുകൾ

മേൽ സൂചിപ്പിച്ച 10 വിഷയങ്ങളും 6 പേപ്പറുകളും സംബന്ധിച്ച ഏകദേശ ധാരണ പഠിതാക്കൾക്ക് നൽകുകയാണ് പാഠകുറിപ്പ് കൊണ്ട് ലക്ഷ്യമാക്കുന്നത്. 5 വോള്യമായിട്ടാണ് പാഠകുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നത് ഈ സീരിസിലെ ആദ്യത്തെ പാഠകുറിപ്പാണ് ഇതോടൊപ്പം ഒന്നാം വോള്യമായി പ്രസിദ്ധീകരിക്കുന്നത്. ഈ കൈപുസ്തകം ഈ കോഴ്സുമായി ബന്ധപ്പെട്ടിരിക്കുന്ന പഠിതാക്കൾക്കും, പരിശീലകർക്കും, മറ്റു വികസന പങ്കാളികൾക്കും ഉപകാരപ്രദമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സി ആർസി പ്രവർത്തനങ്ങൾ ഉൾപ്പടെ ഈ കോഴ്സിനായി എല്ലാവിധ സഹായങ്ങളും നൽകിവരുന്ന യൂണിസെഫ് ചെന്നൈ ചീഫ് ശ്രീ. ജോബ് സക്കറിയ അവർകൾക്കും, അദ്ദേഹത്തോടൊപ്പം ഈ കോഴ്സിന് സഹായിക്കുന്ന ശ്രീ. സുഗതറോയ്, ഡോ. അകിലരാധാകൃഷ്ണൻ എന്നിവരോടുള്ള നിസീമമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം തയ്യാറാക്കാൻ സാങ്കേതികമായി സഹായം നൽകിയ സി ആർ സി കോർ ടീമംഗങ്ങളായ ശ്രീ. കാളിദാസൻ എം ജി, ശ്രീ. ഭാസ്ക്കരൻ പള്ളിക്കര, ശ്രീമതി. റിസ്മിയ ആർ ഐ എന്നിവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

22-3-2017

**ഡോ.പീറ്റർ എം രാജ്**
അസോസിയേറ്റ് പ്രൊഫസർ & ചെയർ സി ആർ സി ,കില

# ബാലസൗഹൃദ ഭരണം - ബിരുദാനന്തര ഡിപ്ലോമ

## പാഠ്യപദ്ധതി - വിഷയസൂചി

## I. കുട്ടികൾക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടിയും ഇന്ത്യൻ സാഹചര്യങ്ങളും

ആരാണ് കുട്ടി - നിയമനിർവ്വചനങ്ങൾ - മനുഷ്യാവകാശങ്ങൾ -ഭരണഘടന കാഴ്ചപ്പാട്- ഇന്ത്യൻ ഭരണഘടനയും കുട്ടികളും - കുട്ടികളുടെ അവകാശങ്ങളും മനുഷ്യാവകാശങ്ങളും താരതമ്യം - അവകാശങ്ങൾ ഒരു വർഗ്ഗീകരണം - കുട്ടികളുടെ അവകാശങ്ങളുടെ ചരിത്രം - കുട്ടികളുടെ അന്താരാഷ്ട്ര ഉടമ്പടി -ബെസ്റ്റ് ഇന്ററസ്റ്റ് ഓഫ് ചൈൽഡ് - കുട്ടികൾക്കായുള്ള ദേശീയ നയം- കുട്ടികളുടെ സംരക്ഷണത്തിനായുള്ള ദേശീയ നിയമം - ബാലാവകാശ കമ്മീഷൻ - ദേശീയകർമ്മ പദ്ധതി -ബാലനീതി നിയമം - പോക്സോ നിയമം - ബാലവിവാഹനിരോധന നിയമം - ബാലവേല നിരോധന നിയമം - ഗർഭസ്ഥശിശു ലിംഗ നിർണ്ണയ നിരോധന നിയമം - സർക്കാർ പരിശ്രമങ്ങൾ- ദശാബ്ദവികസന ലക്ഷ്യങ്ങൾ- സുസ്ഥിര വികസന ലക്ഷ്യങ്ങൾ.

## II. കുട്ടികളുടെ വികസനം

കുട്ടികളുടെ വികാസം - വികാസഹേതുക്കൾ - വികാസ തത്വങ്ങൽ - വികാസഘട്ടങ്ങൾ - വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ - ശിശുവളർച്ചയുടെ നാഴികകല്ലുകൾ - വളർച്ചയും വികാസവും (നിർവ്വചനങ്ങൾ കൺസെപ്റ്റ്) - കുട്ടികൾക്കായുള്ള വികസന സമീപനം - ജീവിതചക്രവും - ജീവിതഘട്ടങ്ങളും - അവകാശാധിഷ്ഠിത സമീപനം - കുട്ടികളുടെ സമഗ്രവികസനം - കുട്ടികളുടെ ആവശ്യങ്ങൾ ധർമ്മങ്ങൾ - അപായ സാധ്യതകൾ - ശിശുവികസനത്തെ സംബന്ധിച്ച താത്വീക കാഴ്ചപാടുകൾ - ഗസ്സലിന്റെ വികസന ഷെഡ്യൂൾ- ഫ്രോയിഡ് - എറിക്സൺ - കോൾബർഗ്ഗ് - പിയാഷെ - മനുഷ്യന്റെ ആവശ്യങ്ങൾ അഭിപ്രേരണകൾ ( മാസ് ലോ) - കുട്ടികളും മാനസീകാരോഗ്യവും - പ്രശ്നസ്വാഭാവങ്ങൾ -പഠനവൈകല്യങ്ങൾ - ശൈശവക്കാല വികാസം പ്രി-സകൂൾ.

### കുട്ടികളുടെ അവസ്ഥാവിശകലനം

കേരളത്തിലേയും ഇന്ത്യയിലേയും കുട്ടികളുടെ അവസ്ഥാ വ്യതിയാനങ്ങൾ, കുട്ടികളുടെ വികസനം നിർണ്ണയിക്കുന്ന അംഗീകൃത സൂചകങ്ങൾ - ചൈൽഡ് ഡവലപ്പ്മെന്റ് ഇൻഡക്സ് - ഗ്ലോബൽ ഹങ്കർ ഇഡക്സ് - കേരളത്തിലെ കുട്ടികൾ നേരിടുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ - അപഗ്രഥനത്തിനുപയോഗിക്കുന്ന ലളിതമായ സാങ്കേതികോപാധികൾ - കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള തെളിവുകളുടെ നിർമ്മാണം കാമ്പയിൻ അഡ്വവോക്കസി - സോഷ്യൽ മൊബലൈസേഷൻ - കുറഞ്ഞനിലവാരം നിർണ്ണയിക്കുന്നതിനുള്ള ഉപാധികൾ - സ്ക്കോർ കാർഡ് - മാനേജ്മെന്റ് കമ്മിറ്റികൾ - സൂപ്പർവിഷൻ മോണിട്ടറിംഗ് ഇവാല്യുവേഷൻ - നിലവാര നിർണ്ണയ ഭൂമിക ഉപയോഗക്രമം - തടസ്സഘടകങ്ങൾ കണ്ടെത്തലും പരിഹരിക്കലും - സാമൂഹ്യ ഓഡിറ്റ് - നൂതനസംരംഭങ്ങളും, നല്ല മാതൃകകളും.

## III. ബാലസൗഹൃദതദ്ദേശഭരണം

പ്രാദേശികഭരണം ചരിത്രവും നിയമങ്ങളും - 73-ാം ഭേദഗതിയും കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ സാധ്യതകളും (മുഖവുരയും എഡിറ്റോറിയൽ കുറിപ്പും ചേർക്കുക) - പങ്കാളിത്ത ബാലവികസന ആസൂത്രണം ബഡ്ജറ്റിംഗ് ഫോർ ചിൽഡ്രൻ- ബഡ്ജറ്റ് അനാലസിസ് - സാമൂഹ്യപിന്നോക്കാവസ്ഥയും, അപകടാവസ്ഥയും - പ്രശ്നങ്ങൾ ബാധിക്കാൻ സാധ്യതയുള്ളവരുടെ സാമൂഹ്യവർഗ്ഗീകരണം - ജീവിതശൈലീപ്രശ്നങ്ങൽ - രണ്ടാംതലമുറ പ്രശ്നങ്ങൾ പശ്ചാത്തലം, കാരണങ്ങൾ, പ്രതിവിധികൾ - പ്രവർത്തനസഹായി, മാർഗ്ഗരേഖ എന്നിവയിലെ ലക്ഷ്യങ്ങൾ - ബാലസൗഹൃദ തദ്ദേശഭരണം ആവിഷ്ക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

## IV. കുട്ടികളുടെ അതിജീവനാവകാശങ്ങൾ

ബാലസൗഹൃദതദ്ദേശഭരണം പ്രവർത്തന സഹായി അദ്ധ്യായം 1 കുട്ടികളുടെ അതിജീവനം (സ്വയം പഠനത്തിന് പരിശോധിക്കുക) - പഠനമേഖലകൾ കുട്ടികളിലെ കുറഞ്ഞുവരുന്ന പെൺലിംഗാനുപാതം, പെൺകുട്ടികൾക്കും , മുലയൂട്ടുന്ന അമ്മമാർക്കും നിലവാരമുള്ള സേവനങ്ങൾ, പ്രതിരോധകുത്തിവെയ്പുകളും, പ്രതിരോധ ഔഷധ ചികിത്സകളും - ബാലമരണങ്ങൾ നിർമ്മാർജ്ജനം ചെയ്യൽ - ശുദ്ധജലവും ശുചിത്വവും എല്ലായിടത്തും ഈ വിഷയങ്ങൾക്ക് അനുയോജ്യമായ പരിപാടികൾ സേവനസംവിധാനങ്ങൾ പ്രവർത്തന മാതൃകകൾ ഔദ്യേഗിക മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയും പ്രവർത്തനസഹായിയിലും മാർഗ്ഗരേഖയിലും ലഭ്യമാണ്.

## V. കുട്ടികളുടെ വികസനാവകാശങ്ങൾ

ബാലസൗഹൃദതദ്ദേശഭരണം പ്രവർത്തന സഹായി അദ്ധ്യായം 2 കുട്ടികളുടെ വികസനം (സ്വയം പഠനത്തിന് പരിശോധിക്കുക) - ആദ്യശൈശവക്കാല ഉത്തേജനം - ശൈശവക്കാല പരിചരണവും, വിദ്യാഭ്യാസവും - ആരോഗ്യകരമായ വിദ്യാലയങ്ങൾ - എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം - കുട്ടികൾക്ക് സമ്പൂർണ്ണ പോഷണനിലവാരവും കായികക്ഷമതയും - ഈ വിഷയങ്ങൾക്ക് അനുയോജ്യമായ പരിപാടികൾ സേവനസംവിധാനങ്ങൾ പ്രവർത്തനമാതൃകകൾ ഔദ്യോഗിക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും പ്രവർത്തനസഹായിയിലും മാർഗ്ഗരേഖയിലും ലഭ്യമാണ്.

## VI. കുട്ടികളുടെ പങ്കാളിത്താവകാശങ്ങൾ

ബാലസൗഹൃദതദ്ദേശഭരണം പ്രവർത്തന സഹായി അദ്ധ്യായം 4 കുട്ടികളുടെ പങ്കാളിത്തം (സ്വയം പഠനത്തിന് പരിശോധിക്കുക)- പങ്കാളിത്തവേദികളായ ബാലസഭ, കൗമാരക്ലബ്ബുകൾ ആസൂത്രണ പങ്കാളിത്തം, ബാലസൗഹൃദ പൊതുഇടങ്ങൾ. ഈ വിഷയങ്ങൾക്ക് അനുയോജ്യമായ പരിപാടികൾ സേവനസംവിധാനങ്ങൾ പ്രവർത്തനമാതൃകകൾ ഔദ്യേഗിക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും പ്രവർത്തനസഹായിയിലും മാർഗ്ഗരേഖയിലും ലഭ്യമാണ്.

## VII. കുട്ടികളുടെ സംരക്ഷണാവകാശങ്ങൾ

ബാലസൗഹൃദതദ്ദേശഭരണം പ്രവർത്തന സഹായി അദ്ധ്യായം 3 കുട്ടികളുടെ സംരക്ഷണം (സ്വയം പഠനത്തിന് പരിശോധിക്കുക) - കുട്ടികളുടെ നിയമാനുസൃത അവകാശങ്ങളുടെ പരിരക്ഷണം, ദുരുപയോഗം തടയൽ സുരക്ഷിതമായ സ്കൂൾ പരിസരം, സുരക്ഷിതമായ കൗമാരക്കാലം - ബാലവിവാഹങ്ങൾ തടയുക - കുട്ടികൾക്ക് പിൻതുണ ഉറപ്പാക്കുന്ന കുടുംബാന്തരീക്ഷം - വൈകല്യലഘൂകരണം ഈ വിഷയങ്ങൾക്ക് അനുയോജ്യമായ പരിപാടികൾ സേവനസംവിധാനങ്ങൾ പ്രവർത്തനമാതൃകകൾ ഔദ്യേഗിക മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയും പ്രവർത്തനസഹായിയിലും മാർഗ്ഗരേഖയിലും ലഭ്യമാണ്.

## VIII. കുട്ടികളുടെ സംരക്ഷണനിയമങ്ങൾ

കുട്ടികൾ നേരിടുന്ന ലൈഗീക അതിക്രമങ്ങൾ കേരളത്തിലെ സ്ഥിതി, ഭാരതത്തിലെ സ്ഥിതിയുമായ താരതമ്യം - പോക്സോ നിയമവും ഇരകൾക്ക് സംരക്ഷണവും - നിർഭയ - കുറ്റകൃത്യങ്ങൾ തടയുന്നതിന് ജാഗ്രതാസമിതി, സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി, സെക്സ് എഡ്യുക്കേഷൻ

നിയമസംരക്ഷണ ചട്ടം - ബാലനീതി നിയമം - ഐ സി പി എസ് പരിപാടിയും ഘടകങ്ങളും ബാലവേല, ട്രാഫിക്കിംഗ് തടയുന്നതിനുള്ള നടപടികൾ ദേശീയ സംസ്ഥാന തല ബാലാവകാശ കമ്മീഷൻ - കുട്ടികളുടെ സംരക്ഷണത്തിനായുള്ള ക്ഷേമ സ്ഥാപനങ്ങൾ - തൽക്ഷണ ഇടപെടൽ സംവിധാനങ്ങൾ (ചൈൽഡ് ലൈൻ) - സ്ഥാപന പ്രവർത്തന നിയന്ത്രണ അധികാരികൾ

PCPNDT ആക്ട് - വിദ്യാഭ്യാസ അവകാശ നിയമം - ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ് ഇവർക്കെതിരായ അക്രമപ്രതിരോധ നിയമങ്ങൾ - ബാലവേല നിരോധന നിയമങ്ങൾ

ബാലസൗഹൃദ തദ്ദേശഭരണം മാർഗ്ഗരേഖയിൽ വിവിധ അദ്ധ്യായങ്ങളിലായി മേൽ പറഞ്ഞ നിയമങ്ങളും

സംവിധാനങ്ങളും സംബന്ധിച്ച് നൽകിയിട്ടുള്ള നിയമങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുക ഇതോടൊപ്പം ബാലസൗഹൃദതദ്ദേശഭരണം എന്ന പാഠഭാഗത്തിൽ നൽകിയിട്ടുള്ള കുറിപ്പുകളും ശ്രദ്ധിക്കുക.

## IX. ഭിന്നശേഷിക്കാരായ കുട്ടികൾ

എന്താണ് ഭിന്നശേഷി, അവരുടെ പ്രത്യേക പ്രശ്നങ്ങൾ - പെൺകുട്ടികളുടെ പ്രത്യേക പ്രശ്നങ്ങൾ - UNCRPD, ദേശീയ ഭിന്നശേഷി നയം, പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ടും അനുബന്ധസ്ഥാപനങ്ങളും, ഭിന്നശേഷിയുടെ തരംതിരിവുകൾ - ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ പരിപാടി - ദീനദയാൽ റീഹാബിലിറ്റേഷൻ സ്ക്കീം - നാഷണൽ ട്രസ്റ്റും, ഇൻഷുറൻസ് പരിരക്ഷകളും

കേരളസർക്കാരിന്റെ സാമൂഹ്യനീതി വകുപ്പ് സംവിധാനങ്ങൾ - കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ - വികലാംഗ ക്ഷേമ കോർപറേഷൻ വിദ്യാഭ്യാസ വകുപ്പ് സ്പെഷൽ സ്കൂളുകളും IEDയും

തദ്ദേശസ്ഥാപനങ്ങളുടെ പരിപാടികളായ ഉപകരണ വിതരണം സ്കോളർഷിപ്പ് - ബഡ്സ് സ്ഥാപനങ്ങൾ - ഏർളി ഡിറ്റക്ഷൻ

## X. ബാലകേന്ദ്രീകൃത ഗവേഷണങ്ങളും, മീഡിയയും

സാമൂഹ്യ ഗവേഷണം - ഗവേഷണരീതികൾ - അനുവർത്തിക്കേണ്ട മൂല്യങ്ങൾ - ബാലകേന്ദ്രീകൃത ഗവേഷണ രീതികൾ - മാതൃകകൾ - സ്റ്റാറ്റിസ്റ്റിക്കൽ രീതികൾ - ബെസ്റ്റ് പ്രാക്ടീസ് - ആക്ഷൻ റിസർച്ച് - ചൈൽഡ് ബഡ്ജറ്റ് അനാലൈസിസ്

മീഡിയ എത്തിക്സ് - വാർത്തകളിൽ കുട്ടികളുടെ താൽപര്യങ്ങൾക്ക് പരിഗണന - അറിവും അഭിഭാവവും വികസിപ്പിക്കുന്ന മീഡിയ റിപ്പോർട്ടിംഗ് ആധുനിക കമ്മ്യൂണിക്കേഷൻ സമ്പ്രദായങ്ങൾ, ഇന്റർനെറ്റ്, മൊബൈൽ, അവസരങ്ങളും പ്രശ്നങ്ങളും

കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമാക്കുന്നതിനുള്ള ഉപാധികൾ - നിരീക്ഷണം - കെയ്സ് സ്റ്റഡി - കൗൺസെലിംഗ് - ഗൈഡൻസ് - പ്രാഥമിക തത്വങ്ങൾ - ട്രാൻസാക്ഷണൽ അനാലസിസ്

വ്യക്തിത്വ വികസനം - ഉപാധികൾ - പ്രൊജക്ട് മാനേജ്മെന്റ് ടെക്നിക്സ് - പ്രോബ്ലം ട്രീ - സോട്ട് അനാലസിസ് - സ്മാർട്ട് - 5 WH തത്വം - പെർട്ട് ചാർട്ട്



"യുദ്ധങ്ങൾക്കെതിരായ യുദ്ധവും യഥാർത്ഥ സമാധാനവും പഠിപ്പിക്കാൻ കാംക്ഷിക്കുന്നുവെങ്കിൽ അത് കുട്ടികളിൽ നിന്ന് തുടങ്ങട്ടെ"

മഹാത്മാഗാന്ധി

## അദ്ധ്യായം 1

# കുട്ടികൾക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടിയും ഇന്ത്യൻ സാഹചര്യങ്ങളും



## കുടുംബം

ഓരോ കുടുംബത്തിലേയും അമൂല്യമായ അംഗം കുട്ടിയാണ്. നമ്മുക്ക് കുട്ടികളില്ലാത്ത കുടുംബജീവിതത്തെ കുറിച്ച് ചിന്തിക്കാൻ കഴിയുമോ ? ഒരിക്കലുമില്ല കുട്ടികളാണ് നമ്മുടെ ജീവിതത്തിന് പ്രതീക്ഷയും ചലനങ്ങളും സൃഷ്ടിക്കുന്നത്. ഇനിയൊന്നാലോചിക്കൂ കുട്ടികളില്ലാത്ത സ്ഥിതി. മനുഷ്യ വംശത്തിന് അടുത്ത തലമുറ ഉണ്ടാവാത്ത അവസ്ഥ. അതുകൊണ്ട് തന്നെ കുട്ടികൾ സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും അമൂല്യസമ്പത്താണ്.

കുട്ടികൾ നല്ലവണ്ണം പരിപാലിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതോടൊപ്പം അവർക്ക് അന്തസ്സും ആദരവും ഉള്ള പെരുമാറ്റവും ആവശ്യമാണ്. അവർ ഏതൊരു മുതിർന്ന വ്യക്തിയേയും പോലെ മേന്മയുള്ള മനുഷ്യരാണ്, അവർ നാളത്തെ മുതിർന്ന മനുഷ്യരാണ്. കുട്ടികൾക്ക് ലഭിക്കുന്ന പരിചരണവും പിൻതുണകളുമാണ് അവരുടെ ഭാവിയുടെ അടിത്തറ രൂപപ്പെടുത്തുന്നതും സമൂഹത്തിലെ അംഗമെന്നനിലയിൽ മാനവീക വ്യക്തിത്വം രൂപപ്പെടുത്തുകയും ചെയ്യുന്നത്. നല്ല രീതിയിൽ പരിലാളിക്കപ്പെടുകയും വളർത്തപ്പെടുകയും ചെയ്യുന്ന കുട്ടിയാണ് പിന്നീട് ഉത്തരവാദിത്വമുള്ള പൗരനായി വളരുകയും രാജ്യത്തിന്റേയും പ്രദേശത്തിന്റേയും വളർച്ചക്കും വികസനത്തിനും സംഭാവനയായി തീരുകയും ചെയ്യുന്നത്.

മാതാപിതാക്കളും അടുത്ത ബന്ധുക്കളുമാണ് കുട്ടികളുടെ ക്ഷേമജീവിതത്തിന് ചുമതലപ്പെട്ടവർ. എന്നാൽ ചില സാഹചര്യങ്ങളിൽ കുടുംബത്തിന് കുട്ടിയെ പരിലാളിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയാതെ വരുമ്പോൾ അത്തരം കുട്ടികളുടെ സംരക്ഷണത്തിനും, ആവശ്യങ്ങളുടെ പൂർത്തീകരണത്തിനുമുള്ള ഉത്തരവാദിത്വം സമൂഹവും സർക്കാരും ഏറ്റെടുക്കേണ്ടതുണ്ട്.

## ആരാണ് കുട്ടി

ബാല്യകാലം ഇന്ത്യയിലും വിദേശങ്ങളിലും വളരെ വ്യത്യസ്തമായ തലങ്ങളിലാണ് വ്യാഖ്യാനിക്കപ്പെട്ടിരുന്നത്. കുട്ടികളുടെ സാമൂഹ്യസാമ്പത്തിക നിലവാരം, ശാരീരിക മാനസീക ശേഷി, ആവാസകേന്ദ്രങ്ങളുടെ സ്ഥാനം തുടങ്ങിയവ കുട്ടികളുടെ അപായവസ്ഥകളെ ബാധിച്ചിരുന്നു. ഈ വ്യത്യസ്തതകൾ കുട്ടികൾക്കുള്ള സൗകര്യങ്ങളിലും കുട്ടികളോടുള്ള പെരുമാറ്റങ്ങളിലും അസമത്വം പ്രകടമാക്കിയിരുന്നു. പലപ്പോഴും കുട്ടി എന്നാൽ പ്രായം കുറഞ്ഞ പൗരൻ എന്ന തരത്തിലാണ് എടുത്തിരുന്നതെങ്കിലും ഈ കാലഘട്ടം ദൗർബ്ബല്ല്യങ്ങളുടേയും പരാശ്രയത്വത്തിന്റേയും ശേഷികുറവിന്റേയും കാലമായി കണക്കിലെടുക്കുകയും ദുർബ്ബലരായ ഇവരെ എല്ലാ രാഷ്ട്രീയ സ്ഥാനങ്ങളിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ജനന രജിസ്ട്രേഷൻ തുടങ്ങി യാതോരുവിധ പൗരാവകാശങ്ങളും  ഇവർക്കുണ്ടായിരുന്നില്ല.

ഭാരതത്തിൽ കുട്ടികളെ നിയമപരമായി മൈനർ എന്നാണ് കണക്കാക്കിയിരുന്നത്. 1875 ലെ ഇന്ത്യൻ മെജോരിറ്റി ഏക്ട് ഇന്ത്യയിൽ ജനിച്ചു വളർന്ന ഏതൊരാളും 18 വയസ്സ് തികയുമ്പോൾ മേജർ ആയി കണക്കാക്കാം എന്ന് നിർവചിച്ചിരുന്നു. ഇതിൻ പ്രകാരം 18 വയസ്സിൽ താഴെയുള്ളവർ മൈനർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

### കുട്ടികളുടെ അവസ്ഥ

കുട്ടികളുടെ മൂല്യം നിർണ്ണയാതീതമാണ്. ഓരോ കുടുംബവും സമൂഹവും അതിന്റെ ഭാവിയുടെ വെള്ളി നക്ഷത്രമായി കാണുന്നത് കുട്ടികളെയാണ്. അതുകൊണ്ട് തന്നെ കുട്ടികൾക്കായുള്ള ദേശീയ നയത്തിൽ കുട്ടികൾ രാഷ്ട്രത്തിന്റെ അമൂല്യമായ സമ്പത്തും അവർക്കായുള്ള എല്ലാ ഇടപെടലുകളും ശ്രേഷ്ഠമായ നിക്ഷേപങ്ങളുമാണെന്ന്  പ്രഖ്യാപിച്ചിരിക്കുന്നു.

കുട്ടികളുടെ അവസ്ഥയും, അവർക്ക് ലഭിക്കുന്ന പിന്തുണകളും എല്ലായിടത്തും ഒരു പോലെയായിരുന്നില്ല. ഇന്നും സ്ഥിതി പൂർണ്ണമായും മെച്ചപ്പെട്ടിട്ടില്ല. കുട്ടികൾക്കിടയിൽ തന്നെ ഇളം പ്രായക്കാരായ കുഞ്ഞുങ്ങളെയാണ് പൊതുവെ കുട്ടികളായി കണക്കാക്കിയിരുന്നത്. അനിയന്ത്രിതമായ ജനപെരുപ്പവും,  നിലനിന്നിരുന്ന കാർഷിക സംസ്ക്കാരവും, പിതൃദായക സമ്പ്രദായങ്ങളും രണ്ട് വയസ്സിന് മേൽ പ്രായമുള്ള കുട്ടികൾക്ക് പരിചരണങ്ങൾ ലഭിക്കുന്നതിന് സാധ്യത കുറച്ചിരുന്നു. പ്രകൃതിക്ഷോഭങ്ങളും, ഭക്ഷണദാരിദ്ര്യവും, കലാപങ്ങളും, യുദ്ധങ്ങളും, പകർച്ചവ്യാധികളും എല്ലാം ഏറെ ബാധിച്ചിരുന്നത് കുട്ടികളെയാണ്. അതുകൊണ്ട് തന്നെ ബാല മരണങ്ങൾ തിട്ടപ്പെടുത്താൻ കഴിയാത്തവിധം ഉയർന്ന നിരക്കിലായിരുന്നു. പലപ്പോഴും ബാല മരണങ്ങളും രോഗങ്ങളും ഗുരുതരമായ സാമൂഹ്യപ്രശ്നമായി കരുതപ്പെട്ടിരുന്നില്ല. കുട്ടി കുടുംബത്തിന്റെ സ്വന്തം  വസ്തുവായി കണക്കാക്കപ്പെട്ടിരുന്നതിനാൽ അവരെ ശിക്ഷിക്കുന്നതിനും ഉപദ്രവിക്കുന്നതിനും ആരും മടികാണിച്ചിരുന്നില്ല. ഈ അനുഭവം തന്നെയാണ് കുട്ടിക്ക് എവിടെയും ഉണ്ടായിരുന്നത്.

ആദ്യ അന്താരാഷ്ട്രസംഘടനയായിരുന്ന ലീഗ് ഓഫ് നേഷൻസ് രൂപപ്പെടുന്നത് വരെ ഈ അവസ്ഥ ആരാലും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. 1924 ൽ ആണ് കുട്ടികൾക്ക് എല്ലാ മനുഷ്യർക്കുമുള്ള അവകാശങ്ങൾ ഉണ്ടെന്ന ചർച്ച കടന്ന്വരുന്നതും അശരണരായ കുട്ടികളെ പരിപാലിക്കുന്ന പൊതു സംവിധാനങ്ങൾ പകർച്ച വ്യാധികൾ തടയുന്നതിനുള്ള ഉപാധികൾ പൊതുവിദ്യാലയങ്ങൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക നിർഗുണ പരിഹാര പാഠശാലകൾ (Boastal School) തുടങ്ങിയവ രൂപപ്പെടാൻ തുടങ്ങിയത്. എന്നാൽ ഇന്ത്യയിലെ കുട്ടികളുടെ അവസ്ഥ അന്നും മെച്ചപ്പെടുത്തുന്നതിന് വിദേശാധിപത്യംമൂലം  കാര്യക്ഷമമായ ശ്രമങ്ങൾ നടത്തിയിരുന്നില്ല. സ്വാതന്ത്ര്യാനന്തരമാണ് ഭാരതത്തിൽ കുട്ടികളെ സംബന്ധിച്ച പൊതു നയവും കാഴ്ച്ചപ്പാടുകളും രൂപപ്പെടുന്നതിന് തുടക്കം കുറിച്ചത്.

### കുട്ടികൾ അപായാവസ്ഥ നേരിടുന്നു എന്തുകൊണ്ട്?

കുട്ടികൾ ശേഷികുറഞ്ഞവരും സ്വയം ജീവിതം മുന്നോട്ട് നയിക്കാൻ അപ്രാപ്തരും ആയതിനാൽ അവർക്ക് പ്രത്യേക പരിരക്ഷ അനിവാര്യമായി തീരുന്നു. കുടുംബത്തിന് പുറത്ത് ജീവിക്കുവാൻ തന്നെ ഇവർ അശക്തരാണ്. ജീവിതവെല്ലുവിളികളെ നേരിടാനുള്ള കരുത്ത് ഇല്ലെന്നതു പൊലെ സാമ്പത്തിക സ്രോതസ്സു

കളും സേവനങ്ങളും സ്വായത്തമാക്കുന്നതിനും അവർക്ക് കഴിവില്ല. ഈ കഴിവ് കുറവ് അവർക്കു മേൽ ഏത് തരം അതിക്രമങ്ങൾക്കും അവസരം ഒരുക്കുന്നു. രോഗം, ഭക്ഷണദാരിദ്ര്യം, അവഗണന, അതിക്രമങ്ങൾ, ഉപേക്ഷ എന്നിങ്ങനെ പലതും ഇവർക്ക് എപ്പോഴും സംഭവിക്കാം. ഇത് മാത്രമല്ല കുട്ടികളുടെ പ്രായാനുസൃത ഘടകങ്ങളും പ്രശ്നങ്ങളാണ്. ഇവരുടെ ഓരോ പ്രായഘട്ടത്തിലും അതായത് ശൈശവം, ബാല്യം, കൗമാരം എന്നീ അവസ്ഥകളിൽ അവരുടെ ആവശ്യങ്ങളും, ധർമ്മങ്ങളും, വ്യത്യസ്തങ്ങളാണ്. ഇവ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ ജീവനും, വളർച്ചക്കും, വികാസത്തിനും തടസ്സങ്ങൾ ഉണ്ടാക്കുന്നു. മേൽ പറഞ്ഞവ എല്ലാം ചേർന്ന ഒരു അനിശ്ചിതത്വം കുട്ടികളെ പിന്തുടരുന്നതിനാൽ ഇവരെ അപകടാവസ്ഥയിൽപ്പെടാവുന്നവരായി കണക്കാക്കുന്നു. അത്കൊണ്ട് തന്നെ കുട്ടികൾക്ക് പ്രത്യേക പരിരക്ഷണവും, വികസന അവസരങ്ങളും ലഭ്യമാക്കുന്നതിനുള്ള നയവും നിയമങ്ങളും രൂപപ്പെടണമെന്ന് ആവശ്യം ഉയർന്നു വന്നിരുന്നു.

## കുട്ടി ഒരു നിർവ്വചനം

കുട്ടികളുടെ അന്താരാഷ്ട്ര അവകാശ ഉടമ്പടിയിൽ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ മനുഷ്യരേയും കുട്ടികളായി കണക്കാക്കുന്നുവെന്ന് നിർവ്വചിച്ചിട്ടുണ്ട്. ( യു എൻ സി ആർ സി ആർട്ടിക്കിൾ 1) ഇന്ത്യയിലെ ബാലനീതി നിയമവും ഇതേ നിർവ്വചനമാണ് കുട്ടികളെ നിർണ്ണയിക്കുവാൻ കണക്കാക്കിയിട്ടുള്ളത്.

**പല നിയമങ്ങളിലും പ്രായം ഒരുപോലെയല്ല നിർവ്വചിച്ചിട്ടുള്ളത്.**

| നമ്പർ | നിയമത്തിന്റെ പേര് | വയസ്സ് |
|---|---|---|
| 1 | ബാലവേലനിരോധന നിയമം 1986 | 14 |
| 2 | അപ്പരന്റെടിസ് ആക്ട് 1961 | 14 |
| 3 | പ്ലാന്റേഷൻ ലേബർ ആക്ട് 1951 | 14 |
| 4 | ഫാക്ടറീസ് ആക്ട് 1948 | 14 |
| 5 | മൈൻസ് ആക്ട് 1952 | 18 |
| 6 | ആംമ്ഡ് ഫോർസസ് റിക്രൂട്ട്മെന്റ് ആക്ട് | 16 |
| 7 | ഇന്ത്യൻ മാരേജ് ആക്ട് | 18 (പെൺകുട്ടി)<br>21 (ആൺകുട്ടി) |

എല്ലായിടത്തും ഐക്യരൂപേണ കുട്ടികളുടെ പ്രായംനിയമങ്ങളിൽ കൊണ്ടുവരേണ്ടതുണ്ട് എന്ന് നിർദ്ദേശങ്ങൾ ഉണ്ട്. മേൽ പറഞ്ഞ നിയമങ്ങൾ പരിശോധിച്ചാൽ കുട്ടി എന്ന നിർവ്വചനത്തിന്റെ ഉയർന്ന പ്രായപരിധി 14 മുതൽ 21 വരെ ആയിരിക്കുന്നത് കാണാവുന്നതാണ്. ഏകീകൃത പ്രായ നിർണ്ണയത്തിന് തടസ്സമായി നിൽക്കുന്നത് നിലനിൽക്കുന്ന സാമൂഹ്യസംവിധാനങ്ങൾ, സാഹചര്യങ്ങൾ (കൃഷി കുടിൽവ്യവസായം) അപ്രെണ്ടിസ് പോലുള്ള തൊഴിൽ പരിശീലനങ്ങൾ, പ്രതിരോധസേനയിലേക്കുള്ള റിക്രൂട്ടമെന്റ് തുടങ്ങിയവയാണ്. അതുകൊണ്ട് തന്നെ സവിശേഷനിയമങ്ങളിൽ പ്രതിപാദിക്കുന്നതൊഴിച്ച് കുട്ടികളെ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും 18 വയസ്സ് എന്ന പ്രായപരിധിതന്നെയായിരിക്കും കുട്ടിയെ നിർണ്ണയിക്കുവാൻ കണക്കാക്കുന്നത്.

## കുട്ടികളെ സംബന്ധിച്ച ഭരണഘടന കാഴ്ചപാട്

1948ലെ അന്താരാഷ്ട്രമനുഷ്യാവകാശ പ്രഖ്യാപനശേഷം (ഡിസംബർ 10) സമ്പൂർണ്ണമാക്കിയ ഇന്ത്യൻ ഭരണഘടനയിൽ കുട്ടികളുടെ ക്ഷേമത്തിനും വികസനത്തിനും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഭരണഘടനയുടെ മൗലീകാവകാശങ്ങളിൽ 21(എ) അനുസരിച്ച് കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസവും, 24 ൽ ബാലവേലനിരോധനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിർദ്ദേശക തത്വങ്ങളിൽ ആർട്ടിക്കിൾ 39 ൽ കുട്ടികളെ

എല്ലാവിധ ചൂഷണങ്ങളിൽ നിന്നും പരിരക്ഷിക്കണമെന്നും ഇളം പ്രായക്കാർക്ക് ആരോഗ്യത്തോടെ വികാസം പ്രാപിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 1974 ൽ കുട്ടികൾക്കായി ഒരു ദേശീയ നയം പ്രഖ്യാപിക്കുകയും 1975 ൽ ഐസിഡിഎസ് പരിപാടി ആരംഭിക്കുകയും ചെയ്തു.

**ഇന്ത്യൻ ഭരണഘടനയും കുട്ടികളും**

കുട്ടികളുടെ ബലഹീനാവസ്ഥയും, സംരക്ഷിക്കപ്പെടാനുള്ള അവരുടെ അവകാശവും തിരിച്ചറിഞ്ഞ് നിർമ്മിക്കപ്പെട്ടിരിക്കുന്നതാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടന. ഭരണഘടനയിൽ കുട്ടികളുടെ സംരക്ഷണത്തിനായി അനുശാസിക്കുന്ന പ്രധാന വകുപ്പുകൾ താഴെ ചേർക്കുന്നു.

| വകുപ്പുകൾ | വിശദീകരണം |
|---|---|
| 14 | നിയമത്തിനുമുന്നിൽതുല്യതയും തുല്യനിയമ സംരക്ഷണവും |
| 15 | വിവേചനങ്ങൾക്കെതിരെ സംരക്ഷണം |
| 5 | (3)സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വ്യവസ്ഥകൾ |
| 19 (1) (എ) | അഭിപ്രായ പ്രകടന സ്വാതന്ത്ര്യം |
| 21 | ജീവിക്കാനുള്ള അവകാശം |
| 21 (എ) | 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം |
| 23 | ബാലവേലയിൽ നിന്നും ബാല ഭിക്ഷാടനത്തിൽ നിന്നും സംരക്ഷിക്കപ്പെടൽ |
| 24 | 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ബാലവേലയിൽ നിന്ന് സംരക്ഷണം |
| 39 (ഇ) | പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്നുള്ള സംരക്ഷണം |
| 39 (എഫ്) | നല്ല സാഹചര്യവും, ചൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണം |
| 45 | 6 വയസ്സിൽ താഴെയുള്ളവർക്ക് കരുതലും വിദ്യാഭ്യാസവും |
| 32, 226 | മൗലികാവകാശങ്ങൾ സ്ഥാപിച്ച് കിട്ടുവാൻ റിട്ടുകൾ നൽകുന്നതിനുള്ള അവകാശം |

(ഇന്ത്യൻ ഭരണഘടന പൊതുവായി വായിക്കുക)

**കുട്ടികളെ സംബന്ധിച്ച ദേശീയ നിയമങ്ങൾ**

1. ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015 [The Juvenile Justice (Care & Protection of Children) Act, 2015]
2. ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2012 [The Protection of Children from Sexual Offences Act, 2012 (POCSO Act, 2012)]
3. ശൈശവ വിവാഹ നിരോധന നിയമം, 2006
4. കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2009 (RTE Act, 2009)
5. ബാല-കൗമാര വേല (നിരോധനവും നിയന്ത്രണവും) നിയമം, 1986 (The Child and Adolesent Labour ( Prohibition and Regulation Act, 1986)
6. ദേശീയ വികലാംഗ സംരക്ഷണ നിയമം, 1995 (PWD Act) Persons with Disabilities (Equal Opportunities Protection of Right & Full Participation) Act, 1995
7. അടിമവേല നിരോധനവും നിർമ്മാർജ്ജനവും ആക്ട്, 1976

8. ഗർഭപൂർവ്വ-ഗർഭസ്ഥ ശിശു ലിംഗ നിർണ്ണയ (നിയന്ത്രണവും ദുരുപയോഗവും) തടയൽ ആക്ട്, 1994 (Pre-Conception and Pre-Natal Diagnostic Techniques (Prohibition of Sex Selection)Act, 1994

9. അസാന്മാർഗ്ഗിക വ്യാപാരം തടയൽ ആക്ട്, 1956 (Immoral Traffic (Prevention) Act, 1956.

**ദേശീയ/സംസ്ഥാന ചട്ടങ്ങൾ**

1. ഗർഭപൂർവ്വ-ഗർഭസ്ഥ ശിശു ലിംഗ നിർണ്ണയ (നിയന്ത്രണവും ദുരുപയോഗവും) തടയൽ ചട്ടങ്ങൾ, 1996
2. ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ചട്ടങ്ങൾ, 2012
3. കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ, 2010
4. ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ചട്ടങ്ങൾ, 2016

**ദേശീയ നയങ്ങൾ**

1. കുട്ടികൾക്കായുള്ള ദേശീയ നയം (1974, 2013)
2. വിഭിന്നശേഷിയുള്ളവർക്കായുള്ള ദേശീയ നയം (1985)
3. ദേശീയ വിദ്യാഭ്യാസ നയം (1986, 1992)
4. ബാലവേല സംബന്ധിച്ച ദേശീയ നയം (1987)
5. ദേശീയ പോഷകാഹാര നയം (1993)
6. ദേശീയ ആരോഗ്യ നയം (2002, 2013)

**സംസ്ഥാന നയങ്ങൾ**

1. നിർഭയ സ്റ്റേറ്റ് പോളിസി, 2012
2. സംസ്ഥാന പോഷകാഹാര നയം (2014)
3. ഭിന്നശേഷിയുള്ളവർക്കായുള്ള സംസ്ഥാന നയം (2015)
4. സംസ്ഥാന ശിശുനയം, 2016

**മനുഷ്യ അവകാശവും കുട്ടികളുടെ അവകാശവും – ഒരു താരതമ്യം**

അവകാശങ്ങൾ, സാമൂഹ്യ നിഷ്ഠകളായും പിന്നീട് രേഖപ്പെടുത്തപ്പെട്ട നിയമങ്ങളായും ചട്ടങ്ങളായും രൂപപ്പെട്ടുവന്നു. ചില പ്രത്യേക കർമ്മങ്ങൾ ചെയ്യുന്നതിലും ചില പ്രത്യേക അവകാശങ്ങൾ നേടുന്നതിനും പുരാതനകാലം മുതൽ സമൂഹത്തിൽ സാധ്യതകൾ ഉണ്ടായിരുന്നു. ആധുനികലോകത്ത് രൂപപ്പെട്ട ഫ്രഞ്ച് ഡിക്ലറേഷൻ ഓഫ് റൈറ്റ്സ് ഓഫ് മാൻ, യു.എസ്.എയിലെ ഡിക്ലറേഷൻ ഓഫ് ഇൻഡിപെൻഡൻസ് തുടങ്ങിയവ പതിനെട്ടാം നൂറ്റാണ്ടിൽ രൂപപ്പെട്ട അവകാശരേഖകളാണ്.

ഐക്യരാഷ്ട്ര സഭ 1945 ൽ രൂപീകരിച്ചപ്പോൾ അതിന്റെ ഭരണഘടനയുടെ 55, 56 വകുപ്പുകളിൽ (യു.എൻ ചാർട്ടർ) യാതൊരുവിധ വിവേചനങ്ങളും കൂടാതെ മൗലികമായ സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്ക് ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതേ തുടർന്ന് 1948 ഡിസംബർ 10 ന് ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ പ്രഖ്യാപനരേഖ പുറപ്പെടുവിച്ചു. ഈ രേഖ എല്ലാ രാഷ്ട്രങ്ങളും അവരുടെ പ്രവർത്തനങ്ങളിൽ പൗരന്മാർക്ക് അവകാശങ്ങൾ ഉറപ്പാക്കണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചു. ലോകത്ത് സമാധാനവും നീതിയും നിലനിൽക്കണമെങ്കിൽ അത് സ്വാതന്ത്ര്യത്തിന്റെ അടിത്തറയിലും മനുഷ്യന്റെ ജന്മസിദ്ധമായ അന്തസ്സും സമത്വവും ഉറപ്പാക്കികൊണ്ടുമായിരിക്കും എന്ന് പ്രഖ്യാപിച്ചു.മനുഷ്യാവകാശ പത്രികയിലെ ആർട്ടിക്കിൾ 25 ശൈശവവും മാതൃത്വവും പ്രത്യേകപരിചരണത്തിനും ആനുകൂല്യങ്ങൾക്കും അർഹരായിരിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഐക്യരാഷ്ട്രസഭ പല മേഖലകളിലും നിയമങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറായി.

## അവകാശങ്ങൾ ഒരു വർഗ്ഗീകരണം (Classification)

മനുഷ്യാവകാശ പ്രഖ്യാപനം എല്ലാ മനുഷ്യർക്കും തുല്യനീതിയും അന്തസ്സും ഉറപ്പാക്കുന്നതിന് സാധ്യത നൽകി. ഈ പ്രഖ്യാപനം മനുഷ്യാവകാശങ്ങൾക്ക് രാഷ്ട്രീയഅവകാശം, പൗരാവകാശം, സാംസക്കാരിക അവകാശം, സാമ്പത്തിക - സാമൂഹിക അവകാശം എന്നിങ്ങനെ തരംതിരിവുകൾ നൽകി. ഏതെങ്കിലും ഒരു അവകാശം നിഷേധിക്കപ്പെടുന്നത് മൗലികമായ മനുഷ്യാവകാശം നിഷേധിക്കപ്പെടുന്നതിന് കാരണമാകുമെന്ന് യു.എൻ വിലയിരുത്തി. ആ കാരണം കൊണ്ടാണ് പിന്നീട് സമൂഹത്തിൽ വ്യത്യസ്തമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേക നിയമങ്ങൾ രൂപം കൊടുക്കാൻ കാരണമായത്. ഉദാഹരണമായി സ്ത്രീകൾക്ക്, ഭിന്നശേഷിക്കാർക്ക്, ന്യൂനപക്ഷങ്ങൾക്ക് തുടങ്ങിയ ഓരോ വിഭാഗങ്ങൾക്കും അവകാശ പ്രഖ്യാപനങ്ങൾ രൂപപ്പെട്ടു. അവകാശങ്ങളെ പൊതുവെ പ്രകൃതിദത്തമായ അവകാശങ്ങൾ (നാച്യുറൽ റൈറ്റ്സ്) അനുകൂല നിയമങ്ങൾ (പോസിറ്റീവ് റൈറ്റ്സ്) എന്നിങ്ങനെ രണ്ടായി തിരിക്കാം. പ്രകൃതിദത്ത നിയമങ്ങൾ മനുഷ്യസംസ്ക്കാരത്തിന്റെ ഭാഗമായി സമൂഹം പരിപാലിക്കുന്ന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന അലിഖിത നിയമങ്ങൾ ആണ്. എന്നാൽ അനുകൂല നിയമങ്ങൾ എഴുതപ്പെടുന്ന അവകാശങ്ങൾ ആണ്. അതിനുശേഷവും നിയമങ്ങളെ വീണ്ടും വിശകലനം ചെയ്യുന്നതിന് സഹായകരമായ തരം തിരിവുകൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. അപ്രകാരം വ്യത്യസ്ത നിലകളിലുള്ളവർക്ക് പരിരക്ഷണത്തിനായുള്ള അവകാശങ്ങളെ നാല് ആയി തരംതിരിക്കാം

1. പ്രത്യേക അവകാശങ്ങൾ (Privelages) - പ്രസിഡന്റ്, ന്യായാധിപൻ
2. ആനുകൂല്യ അവകാശങ്ങൾ (Claims) - അപകടങ്ങൾ, ദുരന്തങ്ങൾ
3. അധികാരവകാശങ്ങൾ (Powers) - പോലീസ്, ഡിഫൻസ്
4. പ്രത്യേക സുരക്ഷ അവകാശങ്ങൾ (Immunities) - പട്ടികവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ

## കുട്ടികൾക്ക് എന്തുകൊണ്ട് പ്രത്യേക അവകാശങ്ങൾ

പൊതുവെ പറഞ്ഞാൽ എല്ലാ മനുഷ്യാവകാശങ്ങളും കുട്ടികൾക്കും ബാധകമാണ്. എന്നിരുന്നാലും അവരുടെ സവിശേഷതകളും ശേഷി ആർജിക്കുന്നതിനുള്ള കാലദൈർഘ്യവും കണക്കിലെടുത്ത് കുട്ടികൾക്ക് സവിശേഷമായ അവകാശങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിരുന്നു. കുടുംബപരിചരണം, സംരക്ഷണം, രോഗപ്രതിരോധം, വിദ്യാഭ്യാസം തുടങ്ങിയവ അവയിൽ പ്രധാനമായിരുന്നു. കുട്ടികളുടെ സവിശേഷതമൂലം മുതിർന്നവരുടെ പല അവകാശങ്ങളും ശേഷികളും ഇവക്ക് ഉപയുക്തമാക്കുവാൻ കഴിയുന്നവയല്ല. ഉദാഹരണമായി സൂചിന്തിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള കഴിവ് കുറവ് തന്റെ സാഹചര്യങ്ങൾ യുക്തിസഹമായി വിലയിരുത്തുന്നതിനുള്ള കഴിവ് കുറവ് ഗുണകരമായ തിരഞ്ഞെടുപ്പുകൾ വസ്തുനിഷ്ഠമായി തീരുമാനിക്കുന്നതിനുള്ള കഴിവ് കുറവ് തുടങ്ങിയവ കുട്ടികളുടെ പരിമിതികൾ ആണ്. അത്കൊണ്ട് തന്നെ ശാരീരികവും മാനസികവുമായ പരിപക്വനത്തിന്റെ അഭാവത്തിൽ കുട്ടികൾക്ക് പരിചരണം നിയമസംരക്ഷണം തുടങ്ങിയവയിൽ പ്രത്യേക പരിഗണന നൽകണമെന്ന് 1959 ലെ കുട്ടികളുടെ അവകാശപ്രഖ്യാപനത്തിൽ ( Declataion of the Rights of Child) ആമുഖമായി പറയുന്നുണ്ട്.

### കുട്ടികളുടെ അവകാശ പ്രഖ്യാപനരേഖയുടെ ചരിത്രപരിണാമം

#### ഒന്നാം ഘട്ടം

1924 ലെ ജനീവ ഡിക്ലറേഷൻ കുട്ടികളെ ഒരു 'പ്രത്യേക സാമൂഹിക ഘടകമായിട്ടാണ്' കണക്കിലെടുത്തിരുന്നത്. കുട്ടികൾക്ക് ഭക്ഷണം, ചികിത്സ, ദുരുപയോഗങ്ങളിൽ നിന്ന് സംരക്ഷണം, അനാഥത്വം ഒഴിവാക്കൽ, സാധാരണ വികസനതത്തിനുള്ള സാഹചര്യങ്ങൾ ഇവ ഒരുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശത്തെ Declataion of the Rights of Child എന്ന് പേരിട്ടിരുന്നു.

#### രണ്ടാം ഘട്ടം

ഐക്യരാഷ്ട്രസഭയുടെ രൂപീകരണത്തിന് ശേഷം പ്രഖ്യാപിക്കപ്പെട്ട മനുഷ്യാവകാശ രേഖയിൽ കുട്ടികൾക്ക് പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

**മൂന്നാം ഘട്ടം**

ഐക്യരാഷ്ട്രസഭ Declaration of the Rights of Child 1959 ൽ പ്രഖ്യാപിച്ചു. ഈ രേഖയിലാണ് കുട്ടികൾ വ്യത്യസ്തമായ പരിഗണന അർഹിക്കുന്നവരാണെന്ന് നിർദ്ദേശിച്ചത്. ഈ പ്രഖ്യാപനത്തിൽ ആരോഗ്യം, കുടുംബം, വിദ്യാഭ്യാസം, വിനോദം, പോഷണം, ഭവനം, തുല്യത എന്നിവയ്ക്കൊപ്പം ചൂഷണം അവഗണന, ആക്രമം വിവേചനം എന്നിവയിൽ നിന്നുള്ള പരിരക്ഷണവും ഉൾപ്പെടുത്തിയിരുന്നു. 1959 നും 1978 നും ഇടക്ക് വിവിധ തരത്തിലുള്ള അന്താരാഷ്ട്ര മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ഈ ഘട്ടങ്ങളുടെ അവസാനമാണ് 1989 നവംബർ 20 ന് യു.എൻ.സി.ആർ.സി പ്രഖ്യാപിക്കപ്പെട്ടത്.

## ഐക്യരാഷ്ട്രസഭയുടെ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടി (UNCRC)

മുമ്പ് പ്രസ്താവിച്ചത് പോലെ 1959 ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികളുടെ സർവ്വ ലൗകിക അവകാശ ഉടമ്പടി സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യവും ഉറപ്പ് വരുത്തേണ്ട അവകാശങ്ങളെ കുറിച്ച് വ്യക്തത നൽകുന്നു. 1992 ൽ ഇന്ത്യ ഈ ഉടമ്പടി അംഗീകരിച്ചു ഒപ്പുവച്ചു. കുട്ടികളുടെ ആരോഗ്യകരമായ വളർച്ചക്കും പഠനാവസരങ്ങൾ ലഭിക്കുന്നതിനും സ്നേഹിക്കപ്പെടാനും സംരക്ഷിക്കപ്പെടാനും വേണ്ടിയുള്ള ശക്തമായ നിർദ്ദേശങ്ങൾ ആണ് ഉടമ്പടിയിൽ ഉള്ളത് . 1989 നവംമ്പർ 20-ാം തീയതി അതായത് 1959 ലെ Declataion of the Rights of Child ന്റെ 30 -ാം വാർഷികത്തിനാണ് ഇത് പുറപ്പെടുവിച്ചത്. 1992 സെപ്തംബർ 2 ന് ഇന്ത്യ ഉൾപ്പടെയുള്ള 196 രാഷ്ട്രങ്ങൾ ഈ ഉടമ്പടി അംഗീകരിച്ച് ഒപ്പ് വെച്ചു. ഇതിന് ശേഷം 2 നിർബന്ധിത നിബന്ധനകൾ (Optional protocol ) 2000 ആണ്ട് മെയ് 25 ന് ഐക്യരാഷ്ട്രസഭ പുറപ്പെടുവിച്ചു. ആദ്യ നിബന്ധന കുട്ടികളെ സംഘർഷമേഖലകളിൽ യുദ്ധത്തിന് നിയോഗിക്കരുത് എന്നാണ്. രണ്ടാമത്തേത് അശ്ലീലതയ്ക്കും, വ്യഭിചാരങ്ങൾക്കും ഉപയോഗിക്കുന്നതും കുട്ടികളുടെ വിൽപന തടയുന്നതുമാണ്.

## അവകാശാധിഷ്ഠിത സമീപനം

അന്തർദേശീയ മനുഷ്യാവകാശങ്ങൾക്കനുസൃതമായി, മാനവീക വികസനനിലവാരം ഉയർത്തികൊണ്ട് വരുന്നതിന് അവലംബിക്കുന്ന ഭരണനിർവ്വഹണ സമീപനം. ഇതിൽ വികസനത്തിനുള്ള അവകാശം മനുഷ്യ അവകാശമാണെന്ന് പ്രഖ്യാപിക്കപ്പെടുന്നു. വികസനത്തെ ക്കുറിച്ച് പ്രഖ്യാപനരേഖയിൽ ഇപ്രകാരം നിർവ്വചിക്കുന്നു. വികസനത്തിനുള്ള അവകാശം മനുഷ്യാവകാശമാണെന്നും ഈ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ വ്യക്തികൾക്കും ജനതയ്ക്കും സാമ്പത്തിക സാമൂഹ്യ, സാംസ്ക്കാരിക രാഷ്ട്രീയവികാസങ്ങൾ ആസ്വദിക്കുന്നതിനും അതിലേക്ക് സംഭാവന ചെയ്യുന്നതിനും പങ്കാളിത്തത്തിനും അവസരം ഒരുക്കേണ്ടതും അത് വഴി എല്ലാ മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യങ്ങളും പരിപൂർണമായി നേടുവാനും കഴിയേണ്ടതാണ്.

ഈ സർവ്വലോകഅവകാശ ഉടമ്പടി, കുട്ടികളുടെ അവകാശങ്ങളെ പ്രധാനമായും നാല് മേഖലകളിലായി തരംതിരിച്ചിരിക്കുന്നു.

1. അതിജീവനം (SURVIVAL)
2. വികസനം(DEVELOPMENT)
3. സംരക്ഷണം (PROTECTION)
4. പങ്കാളിത്തം (PARTICIPATION)

**1. അതിജീവനാവകാശം: പ്രധാനമായും ജീവിക്കുവാനുള്ള അവകാശം,**

മികച്ച പോഷകാഹാരത്തിനുള്ള അവകാശം, വളർച്ചയ്ക്കാവശ്യമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള അവകാശം, ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള അവകാശം, തനിമയ്ക്കും ദേശീയതയ്ക്കുമുള്ള അവകാശം എന്നിവയാണ് ഈ വിഭാഗം പ്രധാനമായും ഉൾക്കൊള്ളുന്നത്.

**2. വികസനാവകാശം: വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, പരിചരണം, വികാസം,**

വിശ്രമം, വിനോദം, സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുക തുടങ്ങിയ അവകാശങ്ങളാണ് വികസനാവകാശത്തിൽ പ്രതിപാദിക്കുന്നത്.

**3. സംരക്ഷണാവകാശം:** ഇക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ അവകാശത്തിന്റെ പരിധിയിൽ പ്രധാനമായും ചൂഷണം, ദുരുപയോഗം, അവഗണന, മനുഷ്യത്വരഹിതമായ പെരുമാറ്റം, യുദ്ധം, അടിയന്തിരാവസ്ഥ തുടങ്ങിയവയിൽനിന്നുള്ള സംരക്ഷണം എന്നിവയെപ്പറ്റി സൂചിപ്പിക്കുന്നു.

**4. പങ്കാളിത്ത അവകാശം:** കുട്ടികൾക്ക് അവരുടെ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം, അവർക്ക് ആവശ്യമുള്ള അറിവ് ലഭ്യമാക്കുക, അവരുടെ കാഴ്ചപ്പാടുകളെ വേണ്ട രീതിയിൽ പരിഗണിക്കുക, മതപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം ഉണ്ടാകുക തുടങ്ങിയ അവകാശങ്ങളെക്കുറിച്ച് ഈ ഭാഗം വിവരിക്കുന്നു.

*അധിക വായനക്ക് - ''കുട്ടികളുടെ അവകാശ ഉടമ്പടി'' യൂണിസെഫ് പ്രസിദ്ധീകരിച്ച് - സി.ആർ.സി. കില തയ്യാറാക്കിയ തർജ്ജമ*

## അവകാശ പ്രഖ്യാപനരേഖയുടെ പ്രത്യേകതകൾ

കുട്ടികൾക്കായുള്ള അന്താരാഷ്ട്ര പ്രഖ്യാപനത്തിൽ കുട്ടികളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും 54 അനുഛേദങ്ങളിലായി നിർവ്വചിച്ചിട്ടുണ്ട്. 4 അവകാശശ്രേണികളിലും, ഗൈഡിംഗ് പ്രിൻസിപ്പിൽസിലുമായി 42 അനുഛേദങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ പ്രധാനമായവ താഴെ പറയും പ്രകാരം തരം തിരിക്കാവുന്നതാണ്.

**അവകാശ പ്രഖ്യാപന രേഖയുടെ അനുഛേദങ്ങളുടെ പ്രധാന തരംതിരിവുകൾ**

| | |
|---|---|
| **അതിജീവനം** | |
| അനുഛേദം -7 | ജനന രജിസ്ട്രേഷനും പേരും രാഷ്ട്രവും |
| അനുഛേദം -9 | കുട്ടികളെ മാതാപിതാക്കളിൽനിന്നും വേർപിരിക്കാതിരിക്കുക |
| അനുഛേദം -23 | ഭിന്നശേഷിക്കാരായ കുട്ടികളുടെ അവകാശങ്ങൾ |
| അനുഛേദം -24 | ആരോഗ്യസേവനങ്ങൾക്കുള്ള അവകാശം |
| അനുഛേദം -26 | സാമൂഹ്യസുരക്ഷിതത്വത്തിനുള്ള അവകാശം |
| **വികസനം** | |
| അനുഛേദം -27 | മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുന്നതിൽ സർക്കാരിന് ചുമതലയുണ്ട് |
| അനുഛേദം -28 | വിദ്യാഭ്യാസത്തിന് ഉള്ള അവകാശം |
| അനുഛേദം -29 | വ്യക്തിത്വത്തിന്റേയും കഴിവിന്റേയും വികാസം വിദ്യാഭ്യാസത്തിലൂടെ |
| അനുഛേദം -30 | ഭാഷയും ആചാരങ്ങളും പഠിക്കാനും ഉപയോഗിക്കാനുമുള്ള അവകാശം |
| അനുഛേദം -31 | വിനോദത്തിനും വിശ്രമത്തിനുമുള്ള അവകാശം |
| അനുഛേദം -42 | അവകാശ ഉടമ്പടിയെകുറിച്ച് മാതാപിതാക്കൾക്ക് അവബോധം സൃഷ്ടിക്കുക |
| **സംരക്ഷണം** | |
| അനുഛേദം -11 | കുട്ടികളെ അനതികൃതമായി കടത്തികൊണ്ട് പോകരുത് |
| അനുഛേദം -19 | അതിക്രമങ്ങൾ ചൂഷണങ്ങൾ അവഗണന എന്നിവയിൽനിന്ന് സംരക്ഷണം |
| അനുഛേദം -32 | ആരോഗ്യവും വിദ്യാഭ്യാസത്തേയും ബാധിക്കുന്ന പ്രവർത്തനങ്ങൾ പാടില്ല |

| | |
|---|---|
| അനുഛേദം -34 | വികാസത്തെ ബാധിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും പരിരക്ഷ |
| അനുഛേദം -35 | തട്ടികൊണ്ട് പോകൽ, വിൽപ്പന എന്നിവയിൽനിന്നും പൂർണ്ണ സംരക്ഷണം |
| അനുഛേദം -36 | ലൈംഗീകചൂഷണങ്ങളിൽ നിന്നും പൂർണ്ണ സംരക്ഷണം |
| അനുഛേദം -37 | ശിക്ഷകളിൽ നിന്നും പരിരക്ഷ |
| അനുഛേദം -40 | മുതിർന്നവരോടൊപ്പം ജയിലിൽ പാർപ്പിക്കരുത് |
| **പങ്കാളിത്തം** | |
| അനുഛേദം -13 | ഒത്തുചേരാനും സംഘങ്ങളിൽ ചേരാനുമുള്ള അവകാശം |
| അനുഛേദം -14 | മതസ്വാതന്ത്ര്യം ചിന്താസ്വാതന്ത്ര്യം വിശ്വാസസ്വാതന്ത്ര്യം |
| അനുഛേദം -15 | മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കാത്തവിധം സംഘടിത പ്രവർത്തനം |
| അനുഛേദം -16 | സ്വകാര്യതക്കും സൽപേരിനും സംരക്ഷണം |
| അനുഛേദം -17 | മാധ്യമങ്ങൾ വഴി വിശ്വസനീയ അിറവുകൾ ലഭിക്കുന്നതിനുള്ള അവകാശം |
| **ഗൈഡിംഗ് പ്രിൻസിപ്പൽസ്** | |
| അനുഛേദം -1 | 18 ൽ താഴെയുള്ള മുഴുവൻ കുട്ടികളും ഉടമ്പടിയുടെ പരിധിയിൽ |
| അനുഛേദം -2 | വംശം, മതം, കഴിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ല |
| അനുഛേദം -3 | കുട്ടികൾക്കായുള്ള എല്ലാ സ്ഥാപനങ്ങളും ഉത്തമ താൽപര്യം സംരക്ഷിക്കണം |
| അനുഛേദം -4 | പ്രഖ്യാപിത അവകാശങ്ങൾ കുട്ടികൾക്ക് സർക്കാർ ഉറപ്പാക്കണം |
| അനുഛേദം -6 | ജീവിതവും വികാസവും സർക്കാർ ഉറപ്പുവരുത്തണം |
| അനുഛേദം -12 | മുതിർന്നവർ എടുക്കുന്ന തീരുമാനങ്ങളിൽ അഭിപ്രായം പറയാനുള്ള അവകാശം |

## കുട്ടികളുടെ ഉത്തമ താൽപര്യം

*കുട്ടികളുടെ ഉത്തമ താൽപര്യം* (Best interests of the child) എല്ലാ അവകാശ നിയമങ്ങളിലും പലപ്പോഴും ആവർത്തിക്കുന്ന ഒരു താത്വീക നിലപാടാണ്. ഏത് വ്യത്യസ്തമായ സാഹചര്യങ്ങളിലും തീരുമാനങ്ങളിലും കുട്ടികളെ സംബന്ധിച്ചോ കുട്ടികൾക്ക് വേണ്ടിയോ തീരുമാനങ്ങൾ കൈകൊള്ളുമ്പോൾ ഇത് ബാലാവകാശ സംരക്ഷണ സംവിധാനങ്ങളുടെ പ്രധാന അളവുകോലായി പരിഗണിക്കപ്പെടുന്നു. കുട്ടികൾക്ക് എവിടെയെല്ലാം സേവനങ്ങൾ ലഭിക്കുന്നു അവിടെയെല്ലാം കുട്ടികളുടെ ഉത്തമ താൽപര്യമായിരിക്കണം പ്രഥമ പരിഗണയെന്ന് ഇത് ഉദ്ഘോഷിക്കുന്നു. നീതിന്യായസംവിധാനങ്ങളിലും നീതിപാലനത്തിലും ഈ തത്വം പരിപാലിക്കപ്പെടേണ്ടതാണ്.

## കുട്ടികളുടെ ഉത്തമതാൽപര്യം യു എൻ സി ആർ സി യി ൽ

ഈ തത്വം കുട്ടികളുടെ അവകാശ ഉടമ്പടിയുടെ മാർഗ്ഗദർശക തത്വമായി (ഗൈഡിംഗ് പ്രിൻസിപ്പൽ) കണക്കാക്കുന്നു. ഈ ഉടമ്പടിയുടെ അനുഛേദം 3.1 ൽ കുട്ടികളുടെ ഉത്തമ താൽപര്യത്തിനായിരിക്കണം പ്രഥമ പരിഗണനയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം അനുഛേദം 9.1 ൽ കുട്ടിയെ കുടുംബത്തിൽ നിന്നും വേർതിരിക്കേണ്ടിവരുന്ന സാഹചര്യമുണ്ടായാലും ഈ തത്വം തന്നെയായിരിക്കും ബാധകമെന്ന് ഊന്നിപറഞ്ഞിട്ടുണ്ട്. ഈ വാക്ക് കുട്ടികളുടെ ക്ഷേമം ബാലസൗഹൃദം, ബാലകേന്ദ്രീകൃതം തുടങ്ങിയ പദപ്രയോഗം പോലെതന്നെ അവ്യക്തമായി നിർവ്വചിച്ചതും സന്ദർഭോചിതമായി വ്യാഖ്യാനിക്കാവുന്നതാണ്. ഇതിനർത്ഥം ഏതെങ്കിലും ഒരു തീരുമാനം ഈ തത്വം മാനിച്ചാണ് എന്ന വ്യാഖ്യാനത്തോടെ കുട്ടികളുടെ അവകാശങ്ങളെ നിഷേധിക്കാനായി വ്യാഖ്യാനിക്കരുത്. മറിച്ച് ഈ തീരുമാനം കുട്ടിയുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും മാനിക്കുന്നതിനും പ്രോത്സാഹിക്കുന്നതിനും, പൂർണ്ണമാക്കുന്നതിനും മാത്രമായിരിക്കണം.

### കുട്ടികളുടെ സംരക്ഷണവും അവകാശസംരക്ഷണവും

കുട്ടികൾക്ക് സവിശേഷമായി അവകാശങ്ങൾ നിർമ്മിക്കണമെന്ന് 1924ൽ ജനീവ 'ഡിക്ലറേഷൻ' തീരുമാനിക്കുമ്പോൾ കുട്ടികളുടെ ഭക്ഷണം, പാർപ്പിടം, ചികിത്സ എന്നീ 3 കാര്യങ്ങൾക്ക് മാത്രമാണ് പ്രാധ്യാന്യം നൽകിയിരുന്നത്. ഇവിടെ കുട്ടികളുടെ അവകാശങ്ങൾക്ക് പ്രസക്തി ഉണ്ടായിരുന്നില്ല അതുകൊണ്ട് തന്നെ ഉടമ്പടി പ്രഖ്യാപിക്കുന്ന 1989 വരെ കുട്ടികൾക്കായി ഏർപ്പെടുത്തിയിരുന്ന ആനുകൂല്യങ്ങൾ ക്ഷേമസമീപനമോ വികസനസമീപനമോ ആയിരുന്നു. ക്ഷേമ സമീപനത്തിൽ സേവനദാതാവായ സർക്കാരോ സ്ഥാപനമോ കുടുംബമോ തന്നെ സേവനം നൽകുന്നവരുടെ ഔദാര്യമോ, ധർമ്മമോ മാത്രമായി കുട്ടികൾക്ക് സേവനവും പരിചരണവും നൽകുന്നതായി കണക്കാക്കപ്പെട്ടു. ഇതാണ് ക്ഷേമ സമീപനം. സാഹചര്യമൂലം പിന്നിലായിപോയ വ്യക്തികളെ സാധാരണനിലയിലേക്ക് കൈപിടിച്ച് കയറ്റുന്ന ഒരു സേവനനിലപാട് മാത്രമായിരുന്നു ഇത്. ഈ സമീപനത്തിൽ സേവനം നൽകുന്നയാൾ ഉയർന്നതലത്തിലും സേവനം സ്വീകരിക്കുന്നയാൾ താഴ്ന്നതലത്തിലുമായി കണക്കാക്കപ്പെട്ടു. ഇവിടെ അവകാശം ഒരു വസ്തുതയായി കണക്കാക്കപ്പെട്ടില്ല.

അവകാശ സമീപനം നിയമാനുസൃതം കുട്ടികൾക്ക് ജന്മാവകാശങ്ങളും വികസനാവകാശങ്ങളും സംരക്ഷണാവകാശങ്ങളും പ്രഖ്യാപിക്കണമെന്നും, ഈ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള (Entitlement) ശ്രമങ്ങൾ സേവനദാതാവിന്റെ ഔധാര്യമല്ല മറിച്ച് സേവനം സ്വീകരിക്കുന്ന കുട്ടിയുടെ അവകാശമാണ്. കുട്ടിക്ക് ഏതെങ്കിലും തരത്തിൽ അവകാശം നിഷേധിക്കപ്പെട്ടാൽ അത് നിയമാനുസൃതം ചോദ്യം ചെയ്യപ്പെടുന്ന ഒന്നായിരിക്കും. പൊതുസേവന രംഗത്ത് പൗരാവകാശരേഖ സേവനരേഖ തുടങ്ങിയ നിർദ്ദേശങ്ങളും വിദ്യാഭ്യാസ അവകാശം ബാലാവകാശനിയമം തുടങ്ങിയ നിയമങ്ങളും ഈ സമീപനത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതാണ്.

### കുട്ടികൾക്കായുള്ള ദേശീയ നയം

കുട്ടികൾ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണെന്ന് കുട്ടികൾക്കായുള്ള ദേശീയ നയം പ്രഖ്യാപിക്കുന്നു. 1974 ഓഗസ്റ്റിലാണ് ഭാരത് സർക്കാർ ഈ നയം പ്രഖ്യാപിച്ചത്. ക്ഷേമ സമീപനം സ്വീകരിച്ചിരുന്ന ഈ നയം ഒരു നിശ്ചിത കാലയളവിനുള്ളിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസീകവും സാമൂഹികവുമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതിനോപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പുവരുത്തുവാനും കഴിയേണ്ടതുണ്ട് 'കുട്ടികൾക്കനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുക' എന്ന അന്താരാഷട്ര സമീപനം തന്നെയാണ് ദേശീയ നയത്തിനുള്ളത് .

2013 ൽ പുനരാവിഷ്ക്കരിച്ച ദേശീയ നയത്തിന്റെ ആധാരതത്വം കുട്ടികൾക്കായുള്ളതോ കുട്ടികളെ ബാധിക്കുന്നതോ ആയ ദേശീയ സംസ്ഥാന പ്രദേശിക തലത്തിലുള്ള എല്ലാ നടപടികളും, ദേശീയ നിയമങ്ങളും, നയങ്ങളും, പരിപാടികളും കുട്ടികളുടെ അവകാശങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കണം.കുട്ടികളുടെ അതിജീവനം, ആരോഗ്യം, പോഷണം, വികസനം, വിദ്യാഭ്യാസം, സുരക്ഷിതത്വം, പങ്കാളിത്തം എന്നിവയാണ് ഈ നയത്തിന്റ മുൻഗണനകൾ. ഈ കർമ്മപരിപാടികൾക്കൊപ്പം കുട്ടികൾക്കായുള്ള അഡ്വോക്കസി സംയുക്തസംരഭങ്ങൾ, സംയോജനം, മോണിട്ടറിംഗ്, ഗവേഷണങ്ങൾ, ഡോക്കുമെന്റേഷൻ, പ്രാപ്തിവൽക്കരണം, വിഭവസ്രോതസ്സുകൾ എന്നിവ സംസ്ഥാനവും തദ്ദേശ ഭരണവും അനുവർത്തിക്കേണ്ട ചുമലകളാണ്. ഈ നയം എല്ലായിടത്തും പ്രാവർത്തീകമാക്കുന്നതിനുള്ള മഹത്തായ യത്നത്തിന്റെ ഭാഗമാണ് ബാലസൗഹൃദഭരണം.(കുട്ടികളുടെ ദേശീയ നയം പൂർണ്ണമായും വായിക്കണം)

### കുട്ടികൾക്കായുള്ള ദേശീയ നിയമം ( National charter for children)

കുട്ടികൾക്കായുള്ള അന്തർദേശീയ പ്രഖ്യാപനം പൂർണ്ണമായും ഉറപ്പുവരുത്തണം എന്ന ഉദ്ദേശത്തോടെ 2004 ഫെബ്രുവരി 9 ന് കുട്ടികൾക്കായുള്ള ദേശീയ ചാർട്ടർ (2003) പ്രസിദ്ധീകരിക്കപ്പെട്ടു. ഓരോ കുട്ടിക്കും ജന്മസിദ്ധമായ അവകാശം സന്തോഷത്തോടെയും ആരോഗ്യത്തോടെയും അനുഭവവേദ്യമാക്കുകയാണ് ഈ

നിയമത്തിന്റെ ലക്ഷ്യം. എല്ലാ കുട്ടികൾക്കും ആരോഗ്യകരമായ വളർച്ചയും വികാസവും ഉറപ്പുവരുത്തുന്ന തോടൊപ്പം കുട്ടികളെ എല്ലാവിധ ദുരുപയോഗങ്ങളിൽ നിന്നും പരിരക്ഷിക്കുന്നതിനും കുടുംബസംവിധാനം ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യ മന:സാക്ഷി ഉയർത്തികൊണ്ട് വരുവാൻ ഈ നിയമം വിഭാവനം ചെയ്യു ന്നു. ഈ നിയമത്തിന്റെ ഭാഗമായിട്ടാണ് ബാലാവകാശ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. (ചിൽഡ്രൻസ് ചാർട്ടർ പൂർണ്ണമായും വായിക്കണം)

## കുട്ടികൾക്കായുള്ള ദേശീയ കർമ്മപദ്ധതി (നാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഫോർ ചൈൽഡ്)

കുട്ടികൾക്കായുള്ള അവകാശഉടമ്പടിയിൽ കുട്ടികളുടെ ക്ഷേമജീവിതം ഉറപ്പുവരുത്തുന്നതിന് ഉന്നതതല ത്തിലുള്ള രാഷ്ട്രീയ നടപടി ആവശ്യമാണെന്ന് നിർദ്ദേശിച്ചിരുന്നു. (wellbeing of children requires political action at the highest level) കുട്ടികളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് അതിജീവനം, ആരോഗ്യം, ന്യൂനപോഷണം, ദാരിദ്ര്യം, അക്രമം, ശുദ്ധജലം, ശുചിത്വം, കുടുംബശാക്തീകരണം, ദുരവസ്ഥയിലുള്ള കുട്ടികളുടെ സംരക്ഷണം എന്നിവ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താലപര്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് 1992 ൽ ഇന്ത്യയിൽ ആദ്യമായി കുട്ടികൾക്കായുള്ള ദേശീയ കർമ്മപരിപാടി രൂപീകരിച്ചു, (NPAC) ഓരോ സംസ്ഥാ നങ്ങളും അവരുടേതായ സാഹചര്യങ്ങൾക്കനുസരിച്ച് ദേശീയ ലക്ഷ്യങ്ങൾ നേടുന്നതിനും അതിൽ കൂടു തൽ നേട്ടങ്ങൾക്കായി പ്രവർത്തിക്കുന്നതിനും കർമ്മ പദ്ധതി രൂപീകരിക്കണമെന്ന നിർദ്ദേശിച്ചിരുന്നു. 2016 ൽ വീണ്ടും ദേശീയ കർമ്മപദ്ധതി പുനരാവിഷ്ക്കരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും സന്നദ്ധ സംഘങ്ങളും കുട്ടികൾക്കായുള്ള എല്ലാ സേവനങ്ങളേയും കൂട്ടിയിണക്കികൊണ്ട് കുട്ടികൾക്ക് ഉയർന്ന ജീവി തനിലവാരം ലഭ്യമാക്കാൻ കഴിയും എന്ന് ഈ കർമ്മപദ്ധതി പ്രത്യാശിക്കുന്നു. സംസ്ഥാന കർമ്മപദ്ധതി യുടെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലും കുട്ടികൾക്കായുള്ള പ്രാദേശിക കർമ്മപദ്ധതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (നാഷ്ണൽ പ്ലാൻ ഓഫ് ആക്ഷൻ ഫോർ ചൈൽഡ് 2016 പൂർണ്ണമായും വായിക്കണം)

## ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015
## (Juvenile Justice (Care & Protection of Children Act 2015)

ഇൻഡ്യൻ ഭരണഘടനയുടെ 14, 15, 19, 21, 23, 24, 45 അനുച്ഛേദങ്ങൾ കുട്ടികളുടെ സുരക്ഷിത ബാല്യത്തി നായി നിയമങ്ങളും വ്യവസ്ഥകളും സംവിധാനങ്ങളും അനുശാസിക്കുന്നതിനാലും കുട്ടികളുടെ സാർവ്വലൗ കികമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഐക്യരാഷ്ട്ര സഭ മുന്നോട്ടുവച്ച കുട്ടികളുടെ അവ കാശ ഉടമ്പടി 1992-ൽ ഭാരതം ഒപ്പുവച്ചതിനാലും രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് ഭാരതത്തിന്റെ കടമയാണ്. ഈ പശ്ചാത്തലത്തിലാണ് നാളിതുവരെ നിലനിന്നിരുന്ന കുട്ടി കളെ സംബന്ധിക്കുന്ന നിയമങ്ങൾ അവലോകനം ചെയ്തും അന്താരാഷ്ട്ര നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടും സുരക്ഷിത ബാല്യത്തിന് സമഗ്രമായ ഒരു നിയമം സർക്കാർ ആവിഷ്ക്കരിച്ച് നടപ്പി ലാക്കിയത്.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (CHILD IN CONFLICT WITH LAW), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (CHILD IN NEED OF CARE & PROTECTION) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. ഗണം തിരിച്ച് ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭ്യമാക്കുന്ന തിനു വേണ്ടിയാണ് ഈ നിയമം കുട്ടികളെ രണ്ടു തരത്തിൽ നിർവ്വചിക്കുന്നത്. കുട്ടികളെ രണ്ടായി തരം തി രിക്കുന്നതിനൊപ്പം തന്നെ അവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും ആവശ്യമായ സംവിധാന ങ്ങളും ഈ നിയമം ഉറപ്പാക്കുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡും (JJB), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് വെൽഫയർ കമ്മിറ്റിയും (CWC) എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ ഈ നിയമം നിർദ്ദേശിക്കുന്നു. ദത്തെടുക്കൽ, സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നിവയ്ക്കുവേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്വത്തിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU), ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ (DCPU), സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, തുടങ്ങിയവ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദ്ദേശിക്കുന്നു.

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (POCSO Act 2012)

കുട്ടികൾ രാജ്യത്തിന്റെ സമ്പത്താണെന്ന തിരിച്ചറിവുണ്ടാകുകയും മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കുകയും, സർക്കാർ കുട്ടികൾക്കുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോഴും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ നിരന്തരം വർദ്ധിച്ചുവരികയാണ്. ഇതിനെ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ നിയമസംവിധാനങ്ങളുടെ അപര്യാപ്തതയും അവബോധമില്ലായ്മയും ഒരു പരിധിവരെ ഇതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇതേവരെ നിലവിലുള്ള നിയമങ്ങളെ പരിശോധിച്ച് വിലയിരുത്തി മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സമഗ്രമായ ഒരു നിയമം 2012 വർഷം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്. കൂടാതെ ഭരണഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അനുശാസിക്കുന്നതിനാലും കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഭാരതം ഒപ്പുവച്ചിട്ടുള്ളതിനാലും ഇത് സർക്കാരിന്റെ ഉത്തരവാദിത്വം കൂടിയാണ്.

ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിലും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കുവേണ്ടി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം.

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുക, വേശ്യാവൃത്തിക്കോ മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്കോ വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ അനുകരിക്കുന്നതിനും കുട്ടികളെ ഉപയോഗിക്കുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമം സർക്കാർ പ്രാപല്യത്തിൽ വരുത്തിയത്.

### ശൈശവ വിവാഹ നിരോധന നിയമം, 2006

2006–ലെ ശൈശവവിവാഹനിരോധനനിയമം01.11.2007 മുതൽ ജമ്മു–കാശ്മീർ സംസ്ഥാനം ഒഴികെയുള്ള ഇന്ത്യ മുഴുവൻ ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.മേൽനിയമപ്രകാരം 21 വയസ്സ് പൂർത്തിയാകാത്ത പുരുഷനും 18 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയും

തമ്മിലുള്ള വിവാഹം കുറ്റകരമായി പ്രഖ്യാപിച്ചിരിക്കുന്നു. 21 വയസ്സിൽ താഴെയുള്ള പുരുഷനോ 18 വയസ്സിൽ താഴെയുള്ള സ്ത്രീയോ, ഏതെങ്കിലും ഒരാൾ ഏർപ്പെടുന്ന വിവാഹത്തെയാണ് "ശൈശവ വിവാഹ"മായി നിർവ്വചിച്ചിരിക്കുന്നത്.

### ബാല–കൗമാര വേല (നിരോധനവും നിയന്ത്രണവും) നിയമം, 1986

ഈ നിയമ പ്രകാരം ഒരു കുട്ടി ഏതെങ്കിലും തരത്തിലുള്ള തൊഴിലിലോ സംസ്കരണ പ്രവർത്തനങ്ങളിലോ പങ്കെടുക്കാൻ പാടുള്ളതല്ല. എന്നാൽ നിയമത്തിൽ കാണിച്ച പട്ടികയിൽ വിവരിച്ച കഠിന ജോലിയല്ലാത്തതും തന്റെ കുടുംബത്തെയോ കുടുംബത്തിന് പങ്കാളിത്തമുള്ള സംരംഭത്തിലോ സ്കൂൾ സമയമല്ലാത്തപ്പോഴും ഒഴിവ് ദിവസങ്ങളിലും സഹായിക്കുന്നത് ഈ നിയമ പ്രകാരം കുറ്റകരമല്ല. കൂടാതെ സർക്കസല്ലാത്ത, ഓഡിയോ വിഷ്വൽ സംരംഭത്തിലോ, സ്പോർട്സ് പ്രവർത്തനത്തിലോ, ഫിലിം തുടങ്ങിയ മേഖലകളിലോ ഒരു കലാകാരനായി ജോലി ചെയ്യുന്നതും ഈ നിയമപ്രകാരം കുറ്റകരമല്ല. എന്നാൽ അത്തരം യാതൊരു പ്രവർത്തനവും കുട്ടിയുടെ സ്കൂൾ പഠനത്തെ ബാധിക്കുവാൻ പാടില്ല.

### ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഐക്യരാഷ്ട്രസഭയുടെ 2002 മെയ് മാസത്തിൽ കൂടിയ കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക സമ്മേളനം ''കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം'' എന്ന ശീർഷകത്തോടു കൂടിയ ഒരു രേഖ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് 2005–ൽ കേന്ദ്ര സർക്കാർ 'ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ട്' എന്ന നിയമം പാസാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ 'ബാലാവകാശ കമ്മീഷൻ' സ്ഥാപിതമായി. 2013 ജൂൺ 3–ാം തീയതിയാണ് കേരള സംസ്ഥാന ബാലാവകാശസംരക്ഷണകമ്മീഷൻ നിലവിൽ വന്നത്. ഒരു ചെയർപേഴ്സണും ആറ് അംഗങ്ങളുംഉൾപ്പെടുന്നതാണ് കമ്മീഷന്റെ ഘടന. കുട്ടികൾക്കായുള്ള ക്ഷേമ

പദ്ധതികളും സുരക്ഷാഏർപ്പാടുകളും പരിശോധിക്കുകയും ബാലാവകാശങ്ങൾ ലംഘിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ സ്വമേധയാ നടപടി സ്വീകരിക്കുക, ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ ചെയ്യുകയും അങ്ങനെയുള്ള കേസുകളിൽ നടപടികൾക്കാവശ്യമായ ശുപാർശകൾ ചെയ്യുക എന്നിവയാണ് കമ്മീഷന്റെ പ്രധാന ചുമതലകൾ. കൂടാതെ, ബാലനീതി നിയമം (Juvenile Justice Care & Protection Act 2000), കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 (The Right of Children to Free and Compulsory Education Act, 2009), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (Protection of Children from Sexual Offenses Act, 2012) എന്നിവയുടെ ചുമതലയും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

കുട്ടികളുടെ ലിംഗാനുപാതം എന്നാൽ കുട്ടികൾക്കിടയിൽ ആയിരം ആൺകുട്ടികൾക്ക് എത്ര പെൺകുട്ടിയുണ്ടെന്നുള്ള ആനുപാതമാണ്. ഇതിൽ തന്നെ പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളത് 0–6 വയസ് പ്രായത്തിലുള്ള കുട്ടികളുടെ ലിംഗാനുപാതത്തിനാണ്. കുട്ടികളുടെ ലിംഗാനുപാതത്തിൽ ഗണ്യമായ കുറവിനു കാരണമായി ചൂണ്ടി കാണിക്കുന്നത് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഗർഭസ്ഥശിശു പരിശോധന വഴി ഭ്രൂണത്തിന്റെ ലിംഗം തിരിച്ചറിഞ്ഞ് പെൺ കുഞ്ഞാണെങ്കിൽ ഗർഭഛിദ്രം നടത്തുന്ന ദുഷ്പ്രവണതയാണ്. ഇത്തരം ദുരുപയോഗം ഒഴിവാക്കുന്നതിനായി ഭാരത സർക്കാർ ഗർഭസ്ഥ ശിശു പരിശോധന നിയമം (വ്യവസ്ഥകളും നിയന്ത്രണങ്ങളും) 2003 ൽ (PCPNDT Act 2003) പാസാക്കി ഈ രംഗത്ത് വിപുലമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഏറ്റവും ഒടുവിലത്തെ ജനസംഖ്യാ കണക്കനുസരിച്ച് (2011) രാജ്യത്തിന്റെ പെൺ – ആൺ അനുപാതം എക്കാലത്തെയും താഴ്ന്ന നിലയായ 933/1000 എന്ന നിലയിലേക്ക് താഴ്ന്നിരിക്കുകയാണ്. പെൺകുഞ്ഞുങ്ങളുടെ ഹത്യയും പെൺഭ്രൂണഹത്യയും പല വിധേനയുമുള്ള പെൺകുഞ്ഞ് നശീകരണവും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ചില സംസ്ഥാനങ്ങളിൽ ഇത് വളരെ അമ്പരപ്പിക്കുന്നതാണ്. ഇത്തരം പ്രവണതകളെ തടയുന്നതിന് വേണ്ടി ഭാരത സർക്കാർ ഗർഭാവസ്ഥയിലെ ലിംഗനിർണ്ണയ സമ്പ്രദായ നിയമം 1994 ൽ കൊണ്ടുവരികയും 2003ൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം – ജനിതക (പാരമ്പര്യ) ഉപദേശക സെന്ററുകൾ, ജനിതക പരീക്ഷണ ശാലകൾ, ജനിതക ചികിത്സാലയങ്ങൾ എന്നിവ ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്താൽ മാത്രമേ ഇവർക്ക് ഗർഭാവസ്ഥയിലെ വിവിധ നിർണ്ണയ സമ്പ്രദായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനോ, സഹായകമായി പ്രവർത്തിക്കുന്നതിനോ, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനോ അനുമതിയുള്ളൂ. നിയമപ്രകാരം ഏതൊരു ജനിതക ഉപദേശക സെന്ററുകൾക്കോ, ജനിതക പരീക്ഷണ ശാലകൾക്കോ, ജനിതക ചികിത്സാലയങ്ങൾക്കോ, യോഗ്യതയില്ലാത്ത ജോലിക്കാരെയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരേയോ നിയമിക്കാൻ പാടുള്ളതല്ല. ഒരു ജനിതക വിദഗ്ധനോ ഗൈനക്കോളജിസ്റ്റോ കുട്ടികളുടെ ഡോക്ടറോ അല്ലെങ്കിൽ ഏതൊരു തരത്തിലുള്ള ആളുകളോ സ്വയമായോ മറ്റുള്ളവർ മുഖേനയോ ഗർഭസ്ഥ ശിശുവിന്റെ ലിംഗം ഏതെന്നു വെളിപ്പെടുത്തുന്നത് ഈ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. അൾട്രാ സൗണ്ട് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്ന ബന്ധപ്പെട്ട സ്ഥാപനങ്ങൾ ജില്ലാതല അധികാരികൾ മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും കുഞ്ഞിന്റെ ലിംഗം ഏതാണെന്ന് രക്ഷിതാക്കളെയോ ബന്ധുക്കളെയോ അറിയിക്കാൻ പാടില്ല.

ജനിതക ചികിത്സാലയങ്ങളും പരീക്ഷണ ശാലകളും ഈ നിയമം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി എല്ലാ ജനിതക ഉപദേശക സെന്ററുകളും പരീക്ഷണ ശാലകളും ചികിത്സാലയങ്ങളും ഈ നിയമത്തിന് കീഴിൽ രേഖപ്പെടുത്തിയിരിക്കണം. ഈ സ്ഥാപനങ്ങളിൽ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കണം. ഇതിൽ ജനിതക ഉപദേശം തേടുന്ന സ്ത്രീകളുടേയും ഗർഭനിർണ്ണയ പരിശോധന നടത്തുന്ന സ്ത്രീകളുടേയും ക്രമനമ്പർ, പേര്, മേൽവിലാസം, അവരുടെ ഭർത്താവിന്റേയോ അച്ഛന്റേയോ പേര്, കൂടാതെ സന്ദർശന തീയതിയും രേഖപ്പെടുത്തിയിരിക്കണം. ഈ സ്ഥാപനങ്ങളിലെല്ലാം തന്നെ അവിടെ വരുന്ന ജനങ്ങൾ കാണത്തക്ക വിധത്തിൽ ഇംഗ്ലീഷിലും അവരുടെ മാതൃഭാഷയിലും ലിംഗനിർണ്ണയം നടത്തുന്നത് നിയമപരമായി കുറ്റകരമാണെന്ന് എഴുതി വെക്കണം. ഇത് കൂടാതെ ഈ നിയമപ്രകാരം എല്ലാ സ്കാൻ സെന്ററുകളും നിർബന്ധമായും മാസാവസാന റിപ്പോർട്ട്

അടുത്തുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടതാണ്. ഏതെങ്കിലും തരത്തിൽ ലിംഗനിർണ്ണയം, ഗർഭഛിദ്രം നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ശിക്ഷാനടപടി എടുക്കാൻ ബന്ധപ്പെട്ട ജില്ലാ അധികാരികൾക്ക് അധികാരമുണ്ട്.

## കുട്ടികളുടെ അവകാശസംരക്ഷണത്തിനുള്ള കേന്ദ്ര സർക്കാർ പരിശ്രമങ്ങൾ വകുപ്പുകൾ

ഭാരതസർക്കാരിന്റെ കുട്ടികൾക്കായുള്ള വിവിധങ്ങളായ സേവന ഇടപെടലുകൾ രാജ്യത്തെമ്പാടും ഒരേ പോലെ ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാരുകളെ ഈക്കാര്യത്തിലേക്കായി നയിക്കുന്നതിനായി കേന്ദ്ര മന്ത്രാലയങ്ങളും വകുപ്പുകളും രൂപീകരിച്ചിട്ടുണ്ട്. വനിതാ ശിശുവികസന മന്ത്രാലയം ആരോഗ്യകുടുംബ ക്ഷേമ മന്ത്രാലയം മാനവവിഭവശേഷി മന്ത്രാലയം സാമൂഹ്യനീതി വകുപ്പ് തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഇതോടൊപ്പം തന്നെ പട്ടികജാതി വികസന വകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് തൊഴിൽ വകുപ്പ് എന്നിവയും കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്ന വകുപ്പുകളാണ്. മന്ത്രാലയങ്ങളുടെ പ്രധാനപ്പെട്ട പരിപാടികൾ ഇതോയൊപ്പം ചേർക്കുന്നു.

### 1. വനിതാശിശു വികസന വകുപ്പ്

ഈ വകുപ്പിന് കീഴിലാണ് ഇന്ത്യയിലെ വളരെ വിപുലമായ ഐസിഡിഎസ് വകുപ്പ് പ്രവർത്തിക്കുന്നത്. ഈ പ്രോഗ്രാമിന് കീഴിൽ കിഷോറി ശക്തി യോജന, ഐസിപിഎസ് തുടങ്ങിയ സ്ക്കീമുകളും പ്രവർത്തിക്കുന്നുണ്ട്.

### 2. ആരോഗ്യവകുപ്പ്

പൊതുജനാരോഗ്യവും കുടുംബക്ഷേമവും കൈകാര്യം ചെയ്യുന്ന ആരോഗ്യവകുപ്പിന് കീഴിലാണ് അന്താരാഷ്ട്രതലത്തിൽ പ്രസിദ്ധമായ നേഷൽ ഹെൽത്ത് മിഷൻ (National health mission)പ്രവർത്തിക്കുന്നത്.

### 3. സാമൂഹ്യനീതി വകുപ്പ്

കുട്ടികൾക്കായുള്ള സ്ഥാപനതലഗ്രാന്റുകൾ, ഭിന്നശേഷി വിഭാഗം എന്നിവ ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

### 4. വിദ്യാഭ്യാസ മന്ത്രാലയം

സർവ്വശിക്ഷാ അഭിയാൻ, ആർഎംഎസ്എ എന്നീ രണ്ട് വിപുലമായ സ്ക്കീമുകളും വിദ്യാഭ്യാസ അവകാശ നിയമവും നടപ്പാക്കുന്നത് ഈ മന്ത്രാലയം വഴിയാണ്.

### 1. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

സാമൂഹ്യപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിനുള്ള പ്രി-മെട്രിക്ക് ഹോസ്റ്റലുകൾ ആശ്രമം സ്ക്കൂളുകൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങിയവ ഈ വകുപ്പിന്റെ കീഴിൽ കുട്ടികൾക്കായുള്ള സ്ക്കീമുകളാണ്.

ഈ മാതൃകയിൽ തന്നെ എല്ലാ സംസ്ഥാന സർക്കാരുകളും സമാനമായ വകുപ്പുകളും സ്ക്കീമുകളും നടപ്പാക്കിവരുന്നു. ഇതോടൊപ്പം സോഷ്യൽ സെക്യൂരിറ്റി മിഷൻ, കുടുംബശ്രീ മിഷ്യൻ, ആർദ്രം മിഷ്യൻ തുടങ്ങിയവ കേരള സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്.

> കുട്ടികളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി കേരളസംസ്ഥാന സർക്കാർ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അതിനോടനുബന്ധിച്ച അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നതാണ്.

## ദശാബ്ദവികസന ലക്ഷ്യങ്ങൾ (Millennium Development Goals)

21-ാം നൂറ്റാണ്ടിന്റെ പ്രരംഭത്തിൽ (എ ഡി 2000) ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ലോകരാഷ്ട്രങ്ങൾ ഒത്തുചേർന്ന് ഇനിയും തുടർന്നുകൊണ്ടിരിക്കുന്ന ഭീകരമായ ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് സർവ്വ പരിശ്രമങ്ങളും കൊണ്ടുവരുന്നതിന് തീരുമാനിച്ചു. മനുഷ്യത്വരഹിതമായ ദാരിദ്ര്യത്തിന്റെ അവസ്ഥയിൽ

നിന്നും എല്ലാ മനുഷ്യരേയും മോചിപ്പിക്കുന്നതിനായി ഒന്നും ബാക്കി വെക്കാതെ എല്ലാ ശ്രമങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുക എന്നതായിരുന്നു പ്രഖ്യാപനം. 189 രാഷ്ട്രങ്ങൾ ഈ പ്രഖ്യാപനം 2015 നകം നടപ്പാക്കുമെന്ന് തീരുമാനിച്ചു. ഓരോ രാഷ്ട്രത്തിലും നിലനിന്നിരുന്ന 8 ദാരിദ്ര്യത്തിന്റെ സൂചകങ്ങളെ നിശിന്റെതമായ തോതിൽ കുറച്ചുകൊണ്ടുവരിക എന്നതായിരുന്നു തീരുമാനം. ഇപ്രകാരം ഒഴിവാക്കപ്പെടുകയോ ഗണ്യമായി കുറച്ചുകൊണ്ടുവരികയോ ചെയ്യേണ്ടുന്ന 8 അന്താരാഷ്ട്ര വികസന ലക്ഷ്യങ്ങൾ താഴെ നൽകുന്നു.

I. ഗുരുതരമായ ദാരിദ്ര്യവും പട്ടിണിയും നിർമ്മാർജ്ജനം ചെയ്യുക. കുട്ടികൾക്കിടയിൽ കാണുന്ന ന്യൂന പോഷണത്തിന്റെ നിരക്ക് ഗണ്യമായി കുറക്കുക




II. മുഴുവൻ കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുക - കുട്ടികളുടെ കൊഴിഞ്ഞുപോക്കും സ്കൂൾ വിട്ടു നിൽപ്പും അവസാനിപ്പിക്കുക




III. ലിംഗസമത്വം എല്ലാ തലത്തിലും പ്രത്സാഹിപ്പിക്കുകയും വനിതാശാക്തീകരണം ഉറപ്പാക്കുകയും ചെയ്യുക - ബാലവിവാഹങ്ങൾ പൂർണ്ണമായും ഇല്ലായ്മ ചെയ്യുക - ലിംഗവിവേചിത ഗർഭഛിദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുക





*IV. ബാലമര*ണങ്ങൾ ഗണ്യമായി കുറക്കുക - അതിനാവശ്യമായ പ്രതിരോധകുത്തിവെയ്പ്പുകൾ ഗർഭക്കാല പരിചരണ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുക.



V. മാതൃആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക - വൈദ്യശുശ്രൂഷകൾ കുടുംബാസൂത്രണം എന്നിവ ഉറപ്പാക്കുക




VI. ഗുരുതര പകർച്ച വ്യാധികൾ തടയുക - മലേറിയ, എച്ചഐവി തുടങ്ങിയ രോഗങ്ങൾ തടയുക




VII. സുസ്ഥിരമായ പരിസ്ഥിതി പരിപാലിക്കുക - ശുദ്ധജലവും മാലിന്യ നിർമ്മാർജ്ജനവും വികസന പരിപാടിയുടെ ഭാഗമാക്കുക




VIII. വികസന കാര്യങ്ങളിൽ അന്താരാഷ്ട്ര പങ്കാളിത്തം - പ്രാദേശിക ദേശീയ വിവേചനങ്ങളില്ലാതെ വികസനം സാധ്യമാക്കുക




**നേട്ടങ്ങൾ**

രോഗങ്ങൾ ന്യൂനപോഷണം അനാരോഗ്യം നിരക്ഷരത തുടങ്ങിയ ബഹുഭൂരിപക്ഷം ദുരിതങ്ങളും പരമ ദരിദ്രരായ കുട്ടികളാണ് അനുഭവിക്കേണ്ടി വരുന്നത്. നിലവിലുണ്ടായിരുന്ന ഈ രംഗത്തെ മികവുകൾ കുറച്ചുകൊണ്ടുവരുന്നതിന് സഹസ്രാബ്ദ ലക്ഷ്യങ്ങൾക്ക് കഴിഞ്ഞുവെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. (Narrowing the gaps to meet the goals)എന്നാൽ ഏറെ ലക്ഷ്യങ്ങൾ ഇനിയും നേടാനുള്ളതുകൊണ്ട് 2015 ൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു.

**സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable development)**

സഹസ്രാബ്ദവികസനലക്ഷ്യങ്ങളുടെ പുരോഗതി വിലയിരുത്തുന്ന ഘട്ടങ്ങളിൽ അന്തർദേശീയതലത്തിൽ സുസ്ഥിരമായ മനുഷ്യ വികസനം ഉറപ്പാക്കുന്നതിന് കേവലമായ മനുഷ്യവികാസ സൂചകങ്ങൾക്കപ്പുറം ലോകത്തെ ഒന്നായി കണ്ടുകൊണ്ട് പ്രകൃതിയേയും ജീവജാലങ്ങളേയും ഉൾപ്പെടുത്തി ലക്ഷ്യങ്ങൾ കുറിക്ക

ണമെന്ന് നിർദ്ദേശം ഉയർന്നിരുന്നു. 2015 സെപ്തമ്പർ 25 ന് ഐക്യരാഷ്ട്ര ജനറൽ അസംബ്ലി അന്താരാഷ്ട്ര വികസന ലക്ഷ്യങ്ങൾ രൂപം കൊടുക്കുന്നതിന് യോഗം ചേർന്നു. 193 അംഗരാഷ്ട്രങ്ങൾ പങ്കെടുത്ത ഈ യോഗത്തിൽ 17 അന്താരാഷ്ട്ര ഉദ്ദേശങ്ങളും (Goals) 169 ലക്ഷ്യങ്ങളും (Taget)അംഗീകരിക്കപ്പെട്ടു. 2030 തോടെ ലോകമെമ്പാടും ദാരിദ്ര്യം തുടച്ചുമാറ്റപ്പെടുക എന്നതാണ് പ്രധാന ദൗത്യം. ഈ ദൗത്യം പൂർണ്ണമാക്കുന്നതിന് രാഷത്രങ്ങളും പ്രാദേശിക സർക്കാരുകളും വിവിധങ്ങളായ സ്ഥാപനങ്ങളും ഒറ്റകെട്ടായി പ്രവർത്തിക്കും എന്നാണ് പ്രതീക്ഷ.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ ലക്ഷ്യങ്ങൾ ഭരണഘടന നിർദ്ദേശപ്രകാരം നടപ്പാക്കാൻ കഴിയും. നിലവിൽ ലക്ഷ്യങ്ങൾ നേടുന്നതിന് രൂപപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും സ്ക്കീമുകളും ശക്തിപ്പെടുത്തുകയും പ്രകൃതി സംരക്ഷണ നിയമങ്ങൾ ഉറപ്പാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായവിധം പ്രാദേശിക മോഡലുകൾ രൂപപ്പെടണം. ഓരോ ഉദ്ദേശവും നേടുന്നതിന് അതിനോടനുബന്ധമായ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടിയെന്ന് ഉറപ്പാക്കുന്നതിന് ശ്രദ്ധാപൂർവ്വമായ പരിശ്രമം ആവശ്യമാണ്. മനുഷ്യവംശത്തെ ആകമാനമായി കണ്ട് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുവാൻ കഴിയും. സുപ്രധാനമായ 17 ഉദ്ദേശലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.

1. ദാരിദ്ര്യം – നിർമ്മാർജ്ജിതാവസ്ഥ




2. വിശപ്പുരഹിതം




3. നല്ല ആരോഗ്യവും സംതൃപ്ത ജീവിതവും




4. ഗുണമേന്മയുള്ള വിദ്യാഭ്യാസം




5. ലിംഗസമത്വം




6. ശുദ്ധജലവും, മാലിന്യസംസ്ക്കരണവും




7. ചിലവുകുറഞ്ഞ ശുദ്ധമായ ഊർജ്ജം




8. മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും




9. വികസിത പശ്ചാത്തലവും, ഉൽപാദന സംവിധാനങ്ങളും




10. കുറഞ്ഞ അസമത്വം




11. സുസ്ഥിര-വികസിത നഗരങ്ങൾ സമൂഹങ്ങൾ



12. ചുമതലയോടുകൂടിയ ഉപഭോഗവും ഉൽപാദനവും




13. കാലാവസ്ഥ അനുകൂല കർമ്മ പദ്ധതി




14. ജലവും ജലജീവജാലങ്ങളും




15. കരയും ജീവജാലങ്ങളും




16. സമാധാനവും നീതിയും




17. ലക്ഷ്യസാക്ഷാൽക്കാരത്തിനുള്ള കൂട്ടായ്മ




(കൂടുതൽ വിവരങ്ങൾക്ക് ഐക്യരാഷ്ട്രസഭയുടെ sustainable development .un.org സന്ദർശിക്കുക.)

## അദ്ധ്യായം 2

# കുട്ടികളുടെ വികസനം



### കുട്ടികളുടെ വികാസം

മനുഷ്യന്റെ ജനനം മുതൽ മരണം വരെ പലതരത്തിലുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. ഉയരം കൂടുക, അറിവ് വർദ്ധിക്കുക, പുതിയ മനോഭാവങ്ങൾ കൈവരിക്കുക തുടങ്ങിയ അഭിവൃദ്ധീകരമായ പരിവർത്തനങ്ങളായിരിക്കും ചിലത്. ശരീരം മെലിയുക, ഓർമ്മക്ഷയിക്കുക, പേശികൾ ദുർബലമാകുക എന്നിങ്ങനെ ക്ഷയോന്മുഖമായ മാറ്റങ്ങളുമുണ്ടാകാം. ഇവയിൽ പുരോഗമനോന്മുഖങ്ങളായ പരിവർത്തനങ്ങളെയാണ് വികാസം (Development) എന്നു പറയുന്നത്. വികാസത്തിന് ഒരു പരിധിയുണ്ട്. ഈ പരിധിയെ പരിപക്വത (Meturity) എന്ന് പറയുന്നു. ക്രമാനുസൃതമായ വ്യതിയാനങ്ങളാണ് പരിപക്വതയിലേക്ക് നയിക്കുന്നത്. ചുരുക്കത്തിൽ ജീവിതാരംഭം മുതൽ പരിപക്വതവരെയുള്ള പുരോഗമനാത്മകവും ക്രമാനുസാരവുമായ പരിവർത്തനങ്ങളുടെ പരമ്പരയാണ് വികാസം.

### വികാസഹേതുക്കൾ

ശിശുവികാസം രണ്ട് പ്രക്രിയകളുടെ പരസ്പര പ്രവർത്തന ഫലമാണ് - പരിപക്വനവും പഠനവും ബാഹ്യശക്തികളുടെ സ്വാധീനമുണ്ടാകാതെ മനുഷ്യവർഗ്ഗത്തിന് പൊതുവെ സഹജമായ വ്യവഹാരങ്ങൾ ഉണ്ടാകും. ഉദാഹരണമായി എഴുന്നേൽക്കുക നടക്കുക ഓടുക തുടങ്ങിയ പ്രക്രിയകൾ വളർച്ചയുടെ സഹജഭാഗമായി ഉണ്ടാകും. ഈ സഹജമാറ്റങ്ങളെ ഫൈലോജനറ്റിക് ഫങ്ഷൻ (Phylogenetic functions) എന്ന് വിളിക്കാം. എന്നാൽ പഠനത്തിന്റെ ഫലമായി വരുന്ന മാറ്റങ്ങളെ ഓൺടോ ജനറ്റിക് ഫങ്ക്ഷൻ (Ontogenetic functions) എന്ന് പറയും ഉദാ. സൈക്കിൾ ഓടിക്കുക, വയലിൻ വായിക്കുക തുടങ്ങിയവ.

പഠനവും പരിപക്വതയും പരസ്പരം ബന്ധമുള്ളവയാണ് പരിപക്വതയാണ് വികാസത്തിന്റെ സീമ നിർണ്ണയിക്കുന്നത്. അത്രയും മതി അതിനപ്പുറം പോകേണ്ട (Thus far and no farther) അതായത് എത്ര പ്രേരണയുണ്ടായാലും സഹജശക്തിക്കപ്പുറത്തേക്ക് പുരോഗതി നേടുവാൻ ബുദ്ധിമുട്ടാണ്.

**വികാസതത്വങ്ങൾ**

- വികാസം ഒരു അനസ്യൂത പ്രക്രിയയാണ്.
- വികാസം സാമാന്യരീതി (General) യിൽ നിന്നും വിശേഷശേഷികളിലേക്കാണ് (Specific) പുരോഗമിക്കുന്നത്.
- വികാസം ക്രമാനുസൃതമാകുന്നു. അതായത് കുട്ടിയുടെ ശാരീരിക വികാസം ശിരസിൽ തുടങ്ങി പാദം വരെ പാദാതിമുഖക്രമ (Cephalo-Caudal) വും, അക്ഷത്തിൽ നിന്നും പാർശ്വത്തിലേക്ക് -സാമീപ്യ-ദൂരസ്ഥ്യ ദിശാക്രമവും (Proximo-Distal) ഈ ദിശകളെ വികാസഗതി നിയമം എന്ന് പറയുന്നു.
- വികാസത്തിന്റെ ഗതിവേഗത്തിൽ വ്യക്തിഗത വ്യത്യാസങ്ങൾ കാണുന്നു. അക്കാരണത്താൽ കുട്ടികളുടെ പലശേഷികളുടേയും വികാസം വ്യത്യസ്തമായിരിക്കും
- വ്യക്തിത്വവിശേഷകങ്ങളുടെ വികാസം വ്യത്യാസമുള്ളതായിരിക്കും (Personality traits)
- ഓരോ വ്യക്തിയും അന്യരിൽനിന്നും ഭിന്നരാണ്. മറ്റെല്ലാരേയും പോലെയാണ്, മറ്റ് ചിലരിൽപോലെയാണ്, മറ്റ് ആരെയും പോലെയല്ല (Like all, Like some, Like none)

**വികാസഘട്ടങ്ങൾ**

ഗർഭസ്ഥശിശുമുതൽ കൗമാരം വരെയുള്ള വികാസപ്രക്രിയയിൽ കുട്ടി നിർണ്ണായകമായ നിരവധി വികാസഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ട് തന്നെ ഗർഭസ്ഥശിശുവായിരിക്കുന്ന കാലവും ജനനശേഷമുള്ള കാലവും രണ്ട് കാലഘട്ടങ്ങളാണ്. ഗർഭസ്ഥശിശുവിന്റെ (ശരാശരി 267 ദിവസം) വികാസഘട്ടങ്ങൾ മൂന്നായി കണക്കാക്കുന്നു.

**ഗർഭസ്ഥശിശു – ഘട്ടങ്ങൾ**

1. ബീജാഗുരണഘട്ടം (Germinal stage) രണ്ട് ആഴ്ച
2. ഭ്രൂണഘട്ടം (Embrionic Stage) രണ്ടാംവാരം മുതൽ രണ്ടാംമാസാന്ത്യം വരെ
3. ഗർഭഘട്ടം (Fetal Stage) മൂന്ന് മാസം മുതൽ ജനനം വരെ.

**ജനനാന്തരഘട്ടം**

1. നവജാതം (Neonatal) പ്രസവാനന്തരം 28 ദിവസം വരെ.
2. പ്രാഥമിക ശൈശവം (Infancy) പ്രസവം മുതൽ 1 വർഷം വരെ
3. ശൈശവം (Babyhood) 1 വർഷം മുതൽ 2 വർഷം വരെ
4. ആദ്യശൈശവം (Early childhood) മൂന്ന് വർഷം മുതൽ 5 വർഷം വരെ
5. ബാല്യം (Childhood) 6 വർഷം മുതൽ 10 വർഷം വരെ
6. ആദ്യകൗമാരം (Early Adolesence) 11 വർഷം മുതൽ 15 വർഷം വരെ (Puberty)
7. കൗമാരം (Adolesence) 16 വയസ്സു മുതൽ 18 വർഷം വരെ

ഇവിടെ കുറിച്ചിട്ടുള്ള പ്രായം ഏകദേശ കണക്കുകളാണ്. വ്യക്തിഭേദങ്ങൾ സാർവ്വത്രികമാകയാൽ വികാസഘട്ടങ്ങളുടെ പ്രായപരിധിയിൽ പല വ്യാഖ്യാനങ്ങളിലും ഐക്യരൂപമുണ്ടായിരിക്കയില്ല.

**വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

ഓരോ കുട്ടിയും അന്യരിൽനിന്നും ഭിന്നരാണ്. അനന്യാദൃശ്യമായ വികാസത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളിൽ മുഖ്യമായവ രണ്ടാണ്. എ) പാരമ്പര്യവും (Heridity ) ബി) പര്യാവരണവും (Environment)

ജന്മനാ ലഭിക്കുന്നതെന്തോ അതാണ് പാരമ്പര്യം - ഇത് തന്നെ രണ്ടുതരത്തിൽ കാണാം 1. ജനിതകം (Gentic) ജീവശാസ്ത്രപരം (Biological). ജനിതകം ജനനകോശങ്ങളുമായി ബന്ധപ്പെട്ടതാണ്. മാതാപിതാക്കളിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന യുഗ്മകത്തിൽ കോശവിഭജനം മൂലമുള്ള ക്രോമസോം സംയോജനവും ഈ ക്രോമോസോമുകളിൽ അടങ്ങിയിരിക്കുന്ന പാരമ്പര്യത്തെ നിയന്ത്രിക്കുന്ന ജീനുകൾ വഴി പകർന്നുകിട്ടുന്ന വികാസസവിശേഷതകളാണ് ജനിതക പാരമ്പര്യം. ഉദാ- മംഗോളിയത (Mangolism) ജീവശാസ്ത്രപരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗർഭാവസ്ഥയിൽ ബാഹ്യമായി ഉണ്ടാകുന്ന രോഗങ്ങളുടേയും മറ്റും ഫലമായി വന്നുചേരുന്ന ക്ഷതങ്ങളും ന്യൂനതകളുമാണ്. ഇവ യഥാർത്ഥത്തിൽ പാരമ്പര്യ ജനിതകഘടകമല്ല. ഉദാ- ജർമ്മൻ നീസൽസ് വരുത്തുന്ന അംഗപരിമിതികൾ തുടങ്ങിയവ. ജനിതക പ്രശ്നങ്ങളെ സ്വാധീനിക്കുക എളുപ്പമല്ല. എന്നാൽ ജീവശാസ്ത്രപരമായ ഘടകങ്ങളെ സ്വാധീനിക്കുക സാധ്യമാണ്. ഗർഭകാല പരിചരണം രോഗപ്രതിരോധം സുരക്ഷിത പ്രസവം പോഷകാഹാരം തുടങ്ങിയവ കുട്ടിയെ ജീവശാസ്ത്രപരമായ പ്രശ്നങ്ങളിൽ നിന്നും രക്ഷിക്കുന്ന ഘടകങ്ങളാണ്.

### പര്യാവരണം

കുട്ടിയുടെ വ്യക്തിത്വം വളർച്ച പഠനം തുടങ്ങിയവയെ നേരിട്ട് സ്വാധീനിക്കുന്ന പ്രധാന ഘടകം പര്യാവരണം അഥവ സാമൂഹിക പരിസരമാണ്. കുട്ടിയുടെ ആദ്യത്തെ ജനനാനന്തര പരിസരം ഭവനമാകുന്നു. ക്രമേണ അത് വിദ്യാലയത്തിലേക്കും പരിസര സമൂഹത്തിലേക്കും വ്യാപിക്കുന്നു. ദൈനദിന ജീവിതത്തിൽ കുട്ടി നേരിടുന്ന എല്ലാ അവസ്ഥകളും അനുഭവങ്ങളും ഇതിൽപെടും. നല്ല ആരോഗ്യമുള്ളതും കായിക അഭിരുചിയുള്ളതുമായ കുട്ടികൾ പൊതുവേ പരിസരത്തിന്റെ സ്വാധീനമാണ് സൂചിപ്പിക്കുന്നത്. എന്നാൽ വ്യക്തിയെ വാർത്തെടുക്കുന്നതിൽ കൂടുതൽ ശക്തി പാരമ്പര്യത്തിനാണോ പരിസ്തിതിക്കാണോ എന്നത് ഉറപ്പാക്കുവാൻ കഴിയില്ലചില വിശേഷകങ്ങൾ ഉദാ- ശരീരഘടന പ്രധാനമായും പാര്യമ്പര്യസിദ്ധമാണ്. എന്നാൽ അനുകൂല പര്യാവരണമില്ലെങ്കിൽ ശരീരം പുഷ്ടി പ്രാപിക്കുകയില്ല.

### വികാസത്തെ സ്വാധീനിക്കുന്ന ഇതരഘടകങ്ങൾ

ബുദ്ധിശക്തി, പോഷകാഹാരം, ക്ഷതങ്ങളും രോഗങ്ങളും, അന്തസ്രാവീഗ്രന്ഥികൾ, ജനനക്രമം, പരിസരത്തിന്റെ ദുർഘടാവസ്ഥ തുടങ്ങിയവയും വികാസത്തെ നിയന്ത്രിക്കുന്ന ഇതര ഘടങ്ങളാണ്. ഇതിൽനിന്നും ഒരു കാര്യം വ്യക്തമാകുന്നു വികാസം എന്നത് ബഹുമുഖ സ്വാധീനങ്ങളുടെ ഫലമാണ്. എല്ലാ വികാസഘടകങ്ങളും പരസ്പര ബന്ധിതമാണ്. ബഹുമുഖ വികാസത്തിന്റെ അനുയോജ്യമായ സമഗ്ര പിൻതുണയാണ് കുട്ടിക്കാവശ്യം. കുട്ടികളുടെ അവകാശത്തെ ആധാരമാക്കിയുള്ള ബഹുമുഖവികാസത്തെ സഹായിക്കുന്ന പ്രത്യേക ഊന്നൽ നൽകേണ്ട ചില മുഖ്യ മേഖലകളുണ്ട്. ഈ മേഖലകളെ സമഗ്രമായി കുട്ടിക്ക് ലഭ്യമാക്കാനുള്ള പരിശ്രമങ്ങളാണ് കുട്ടികളുടെ വികസനത്തിന്റെ പുരോഗതി നിർണ്ണയിക്കുന്നത്.

### ശിശുവികസനമേഖലകൾ

കുട്ടികളുടെ വികസനം പരസ്പരം ബന്ധിതവും തനിമയോടെ നിരീക്ഷിക്കാവുന്നതുമായ വ്യത്യസ്ത തലങ്ങളിൽ വ്യാപരിക്കപ്പെട്ടിരിക്കുന്നു. ശിശുവികസനത്തെ നാല് പ്രധാന മേഖലകളായി തിരിക്കാം. ഓരോ വികാസ മേഖലക്കും അനുയോജ്യമായ സഹായകമായ ഇടപ്പെടലുകൾ ഒരുക്കുക വഴി കുട്ടികളുടെ സമഗ്ര വികസനം സാധ്യമാക്കാം.

1. ശാരീരിക വികാസം
2. മാനസീക വികാസം
3. വൈകാരീക വികാസം
4. സാമൂഹിക വികാസം

| | |
|---|---|
| ശാരീരികം | മാനസീകം |
| വൈകാരികം | സാമൂഹികം |

## ശാരീരിക വികാസം

ഗർഭാധാരണം മുതൽ പ്രായപൂർത്തിവരെ ശാരീരിക വളർച്ചക്കൊപ്പം ശേഷികൾ കൂടിചേരുമ്പോഴാണ് ശാരീരിക വികാസം പൂർണ്ണമാകുന്നത്. രോഗമില്ലാത്ത അവസ്ഥയും പോഷണഘടകങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കിയാണ് കുട്ടി വളർച്ചയും പുരോഗതിയും കൈവരിക്കുന്നത്. ശാരീരിക വികാസം അതോടൊപ്പം കായികവികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. വളർച്ചയാണ് ഈ വികസനപ്രക്രിയയിൽ പ്രധാനം. പ്രായത്തിനനുസരിച്ചുള്ള ഉയരവും തൂക്കവും ആർജ്ജിക്കുകയെന്നത് വളരെ പ്രധാനമാണ്. ജനനസമയത്ത് കുട്ടിക്ക് 2.5 മുതൽ മൂന്നര കിലോ വരെ തൂക്കമുണ്ടായിരിക്കും. 18 വയസ്സുവരെ ശരീരവികാസം കൃത്യമായി കണക്കാക്കുന്ന ബോഡി മാക്സ് ഇൻഡക്സ് പോലുള്ള ചാർട്ടുകൾ തന്നെ രൂപപ്പെട്ടിട്ടുണ്ട്. നാഡീവ്യൂഹത്തിന്റേയും തലചോറിന്റേയും വികാസവും, ഗ്രന്ഥികൾ, ദന്തം, ആന്തരീക അവയവങ്ങൾ തുടങ്ങിയവയും വളർച്ചയുടെ ഭാഗമായിരിക്കും. ശരീര വളർച്ചയുടെ അതിപ്രധാനമായ ധർമ്മം ചാലകവികാസം (Loco-Motor development) ആണ്. പേശികളുടേയും നാഡികളുടേയും സമന്വത പ്രവർത്തനഫലമായി ശരീരത്തിന്റെ വിവിധ ഭാഗങ്ങൾ ലക്ഷ്യാനുസൃതം ചലിപ്പിക്കുന്നതിനുള്ള കഴിവിനെയാണ് ചാലകക്ഷമത എന്ന് പറയുന്നത്. ആദ്യം കുട്ടിയിൽ സ്ഥൂലചലനങ്ങളാണ് വികാസം പ്രാപിക്കുന്നത്. ഉദാ - നടക്കുക ഓടുക. 4 വയസ്സിന് ശേഷം സൂക്ഷ്മ പേശികളും പ്രവർത്തനനിരതമാകും. ഉദാ - എറിയുക, വരക്കുക, എഴുതുക തുടങ്ങിയവ. ചാലകവികാസത്തിന്റെ വലിയ തത്വം തന്നെ ഇന്ദ്രിയചാലകവികാസമാണ്. ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ശാരീരിക വികാസം വളർച്ചക്കൊപ്പം ചാലകവികാസവും ചേർന്നതാണ്. പഠനം പ്രവർത്തനം എന്നിവ സാധ്യമാവണമെങ്കിൽ ശാരീരിക ചാലക വികാസം പുരോഗതി പ്രാപിക്കണം. ആധുനിക കാലത്ത് ഈ പ്രക്രിയകളെ ശാരീരിക ബുദ്ധിസാമർത്ഥ്യം ( Physical Intelligance) എന്ന് വിളിക്കുന്നു.


## കുട്ടികളുടെ വികസനത്തിന്റെ നാഴികകല്ലുകൾ

ശിശുവികാസം പരസ്പരബന്ധിതമായ ഒരു തുടർ പ്രക്രിയയാണ്. ആർണോൾഡ് ഗസ്സൽ എന്ന വിദഗ്ദനാണ് കുട്ടികളുടെ വികാസം സംബന്ധിച്ച ഒരു പട്ടിക ആദ്യമായി പുറത്തുവിട്ടത്. ഇതേപോലെ തന്നെ സിഗ്മണ്ട് ഫ്രോയിഡ് കുട്ടികളുടെ മനോലൈംഗീക സാമൂഹിക വികാസത്തേയും (Pshyco sexual development) ഘട്ടങ്ങളായി തിരിച്ചിരുന്നു. ശിശുവികാസം പൊതുവെ ശാരീരിക ചാലക വികാസങ്ങളിലും പല്ല് മുളക്കുക ഭാഷ ഉപയോഗിക്കുക തുടങ്ങിയ ശേഷികളിലുമാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഒരു നിശ്ചിത പ്രായത്തിൽ കുട്ടിക്ക് ഒരു നിശ്ചിത ഉയരവും തൂക്കവും ഉണ്ടായിരിക്കണം (Nutritional scale) സവിശേഷമായ കായികശേഷി വികസിക്കണം (Sensory Motor Development) ഭാഷണവികാസം (Language development) എന്നിവയാണ് പ്രധാന വികസന ഗതികൾ. ഇപ്രകാരം സമതുലിതമായി ശിശുക്കൾക്ക് വികാസം ലഭ്യമാകണമെങ്കിൽ അതിനനുയോജ്യമായ പോഷണം പരിചരണം എന്നിവ ഉറപ്പാക്കപ്പെടണം. ഒരു കുട്ടി സാധാരണ നിലവാരമാണോ (Normal) ഭിന്നനിലവാരമാണോ (Abnormal)എന്ന് നിർണ്ണയിക്കുന്നത് വികസന വ്യതിയാനങ്ങൾ തിട്ടപ്പെടുത്തിയാണ്. അതായത് ഒരു കുഞ്ഞ് സാധാരണ നിലയിൽ വികാസം പ്രാപിക്കണമെങ്കിൽ ഓരോ പ്രായത്തിലും നിശ്ചിതമായ ശേഷി കൈവരിക്കാൻ പാകത്തിന് ഇടപ്പെടലുകൾ ഉണ്ടായിരിക്കണമെന്നാണ്. ഓരോ പ്രായത്തിലും ആർജ്ജിക്കേണ്ട ശേഷികൾ കുട്ടിക്ക് ആർജ്ജിക്കാൻ കഴിഞ്ഞില്ലെങ്കിൽ കുട്ടിയുടെ പിൽക്കാലത്തെ വികാസത്തെ പ്രതികൂലമായി ബാധിക്കും അതുകൊണ്ട് ഈ നിർണ്ണായക ഘട്ടങ്ങളെ ശിശുവളർച്ചയുടെ നാഴികകല്ലുകൾ എന്ന് വിശേഷിപ്പിക്കുന്നു.

4-12 ആഴ്ച വരെയുള്ള പ്രായത്തിലാണ് തല ഉയർത്താൻ ശ്രമിക്കുന്നത്. ചാലക വികാസക്രമം താഴെ കൊടുക്കുന്നു

| പ്രായം | ചാലകവികാസം |
|---|---|
| 1 മാസം | താടി ഉയർത്തുന്നു |
| 2 മാസം | നെഞ്ച് ഉയർത്തുന്നു |
| 4 മാസം | താങ്ങി ഇരിക്കുന്നു |
| 7 മാസം | പരസഹായം കൂടാതെ ഇരിക്കുന്നു. |
| 8 മാസം | പരസഹായത്തോടെ എഴുനേൽക്കുന്നു |
| 9 മാസം | പിടിച്ച് നിൽക്കുന്നു |
| 10 മാസം | നീന്തുന്നു |
| 11 മാസം | പിടിച്ച് നടക്കുന്നു |
| 12 മാസം | തനിയെ പിടിച്ച് എഴുനേൽക്കുന്നു |
| 13 മാസം | കോണിപടി കയറുന്നു |
| 14 മാസം | തനിയെ എഴുനേൽക്കുന്നു |
| 15 മാസം | തനിയെ നടക്കുന്നു |

ചാലകവികാസത്തിന്റെ ഒരു സാമാന്യചിത്രമാണിത്. തിരുവനന്തപുരം ഡവലപ്പ്മെന്റ് സ്ക്രീനിംഗ് (TDSC-Chart) ചാർട്ടിൽ ഈ സാമാന്യ സമയക്രമത്തിന് സമയദൈർഘ്യം ഉണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട് (Span) ഉദാ- 4-12 ആഴ്ച വരെയുള്ള പ്രായത്തിൽ തല ഉയർത്താൻ ശ്രമിക്കുന്നു. 12- 22 ആഴ്ച തല നിയന്ത്രിക്കുന്നു.





മറ്റൊരു ഒരു പ്രധാന നാഴിക്കല്ലാണ് പല്ല് മുളക്കുന്നത്. 5- 8 മാസത്തിനിടയിൽ അടിവരിയിൽ നടുവിലുള്ള ഉളി പല്ലുകളാണ് ആദ്യം മുളക്കുന്നത്. 12 -15 മാസത്തിനുള്ളിൽ ആദ്യത്തെ അണപല്ലുകളും 18- 20 മാസത്തോടെ കോമ്പല്ലുകളും മുളക്കും. 6 വയസ്സിനുശേഷമാണ് മേൽ സൂചിപ്പിച്ച പാൽ പല്ലുകൾ കൊഴിഞ്ഞ് സ്ഥിരമായ പല്ലു കൾ മുളക്കുന്നത്.

### വളർച്ചയും വികാസവും (Growth & Development)

ശരീരത്തിനുണ്ടാകുന്ന ഭൗതീകമായ മാറ്റമാണ് വളർച്ച. ബീജാങ്കുരണം മുതൽ കുഞ്ഞ് വളർന്നുകൊണ്ടിരിക്കുന്നു. ജനനശേഷവും ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കും. ഉയരവും തൂക്കവുമാണ് വളർച്ചയുടെ തോത് നിർണ്ണയിക്കുന്നത്. ശരീരവളർച്ചപോലെതന്നെ (Physical) ശാരീരിക ധർമ്മങ്ങളിലും ( Physiological) ആന്തരീയാവയവങ്ങളിലും വളർച്ച സംഭവിക്കുന്നുണ്ട്. രക്തത്തിലെ ഘടകങ്ങൾ പഞ്ചേന്ദ്രീയങ്ങളുടെ പ്രഥമ പ്രവർത്തനങ്ങൾ തലമുടി നഖം പല്ല് തുടങ്ങിയവയിലെല്ലാം ഈ വളർച്ച കാണാവുന്നതാണ്. വളർച്ച എന്ന പ്രക്രിയ മനുഷ്യർക്ക് മാത്രമല്ല എല്ലാ ജീവജാലങ്ങളിലും കാണാം. വളർച്ചയിലും രണ്ട് തരം പ്രക്രിയകളുണ്ട്. 1. ക്രമമായ പുരോഗതി (Atropy) 2. നാശോന്മുഖപ്രക്രിയ (Involution).വളർച്ച ത്വരിതപ്പെടുത്തുവാൻ ആവശ്യമായ പ്രധാന ഇടപ്പെടൽ പോഷണം, കായികപ്രവർത്തനവുമാണ്.

വികസനം മുമ്പ് സൂചിപ്പിച്ചതുപോലെ പരിപക്വനത്തിന്റേയും അനുഭവങ്ങളുടേയും ഫലമായി രൂപപ്പെടുന്ന പുരോഗമനോന്മുഖമായ ശേഷി വികാസങ്ങളാണ്. ചാലകവികാസങ്ങൾ പ്രഥമ നൈപൂണി വികാസമാണ്. ഭാഷ ബുദ്ധിശേഷി വൈകാരികശേഷികൾ തുടങ്ങിയവ വികസനത്തിന്റെ നിരീക്ഷണപരമായ ഭാഗങ്ങളാണ്. വളർച്ചയും വികാസവും രണ്ടാണെങ്കിലും ഇവ പരസ്പരം ബന്ധപ്പെട്ടുതന്നെയാണ് വികാസം പ്രാപിക്കുന്നത്. വികാസത്തിനുള്ള ഇടപ്പെടലുകളിൽ പ്രധാനം വിദ്യാഭ്യാസമാണ്. വളർച്ച ഗണപരവും (Quatitative) വികസനം ഗുണപരവുമാണ് (Qualitative).

**വളർച്ചയേയും വികസനത്തേയും സ്വാധീനിക്കുന്ന ഘടകങ്ങൾ**




### ജീവിതചക്രവും - ജീവിതഘട്ടങ്ങളും (Life-cycle and Life-span)

മനുഷ്യരുടേയും മറ്റു ജീവജാലങ്ങളുടേയും ജീവിതഘട്ടങ്ങൾ നിർണ്ണയിക്കുന്നതിന് ജീവിത ചക്രവും ജീവിത കാലയളവും അതിൽ വരുന്ന മാറ്റങ്ങളും കണക്കാക്കുക പതിവാണ്. ഒരു കുഞ്ഞ് ബീജാങ്കുരണം മുതലുള്ള പ്രായത്തിൽ നിന്നും പരിപക്വനം വരെയുള്ള കാലത്തിലേക്ക് എത്തുന്നതിനിടയിൽ കടന്നുപോകുന്ന നിരീക്ഷണാത്മകമായ വ്യതിയാന ഘടകങ്ങളെ കാണിച്ചുകൊണ്ട് തയ്യാറാക്കുന്ന ഒരു ചാർട്ടാണ് ലൈഫ് സൈക്കിൾ. മറ്റൊരർത്ഥത്തിൽ ജനനം മുതൽ മറ്റൊരു പ്രജക്ക് ജന്മം നൽകാൻ പ്രാപ്തി ഉണ്ടാകുന്ന പ്രായഘട്ടത്തെയാണ് ജീവിത ചക്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനുമുമ്പ് വിശദീകരിച്ചിട്ടുള്ള വികാസ ഘട്ടങ്ങൾ ജീവിത ചക്രത്തിന്റെ ഘട്ടങ്ങളാണ്. 0 – 18 വയസ്സുവരെയുള്ള പ്രായം മനുഷ്യരുടെ ജീവിത ചക്രമായി കണക്കാക്കുന്നു. ആരോഗ്യമുള്ള ഭാവി തലമുറ കെട്ടിപടുക്കുന്നതിന് ഏറ്റവും ശ്രേയസ്കരമായ ഇടപ്പെടലുകൾ നടത്തേണ്ടത്. കുട്ടികളുടെ അവകാശങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തന്നെ

ജീവിത ചക്രം വിജയകരമായി പൂർത്തീകരിക്കുന്നതിന് 4 അവകാശങ്ങളും സമഗ്രമായി ഉറപ്പാക്കുക എന്ന താണ്.


ഓരോ ജീവജാലങ്ങളുടെ ജീവിത കാലയളവും ജീവിതഘട്ടങ്ങളും ജീവശാസ്ത്രത്തിൽ (Biology) ഏക ദേശം നിർണ്ണയിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ആയൂർ ദൈർഘ്യം ഒരു ഉദാഹരണമാണ്. ഈ ജീവിത കാലയ ളവിൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങലെ നാലു ഘട്ടങ്ങളുണ്ടെന്നും ആയൂർദർഘ്യം 90 വയസ്സാണെന്നും കണക്കാക്കിയിരിക്കുന്നു. ഇത്തരത്തിൽ ജീവിതകാ ലയളവിലെ പ്രധാന പ്രായഘട്ടങ്ങളെ ആധാരമാക്കി ആവശ്യങ്ങൾ, പ്രശ്നങ്ങൾ, ധർമ്മങ്ങൾ എന്നിവയെ തിട്ടപ്പെടുത്തുന്ന സമീപന രീതിയെ ലൈഫ് സ്പാൻ അപ്രോച്ച് എന്ന് പറയുന്നു.

**കുട്ടികളുടെ സമഗ്രവികസനം**

കുട്ടികൾക്ക് ഭാവിയിൽ ആരോഗ്യമുള്ള പൗരന്മാരായി വളരുവാൻ കഴിയണം. ഇതിന് സാധ്യമാകണമെ ങ്കിൽ വ്യക്തിത്വത്തിന്റെ സമസ്ത മേഖലകളും ഒരേപോലെ പുരോഗതി പ്രാപിക്കണം. ഇതിന് ആവശ്യ മായ അനിവാര്യമായ വികസനമേഖലകളെ നാലായി തരം തിരിച്ചിട്ടുണ്ട്. അവ ശാരീരികം മാനസീകം വൈകാരീകം സാമൂഹികം എന്നിവയാണ്. ഈ 4 വികസന മേഖലകളേയും തുല്ല്യ പ്രാധാന്യം നൽകി ഒരേ സമയം അവ പരിപോഷിപ്പിക്കുന്നതിനുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിനെയാണ് സമഗ്രവികസനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. പല വികസനരംഗങ്ങളിലും വികസനാംശങ്ങളെ ഈ നാലിനൊപ്പം കൂടുതൽ കൂട്ടിചേർക്കലുകളോടെ അവതരിപ്പിക്കാറുണ്ട്. ആസ്വാദനം, ഭാഷ, ആധ്യാത്മീകത തുടങ്ങിയവ ഇതിൽപെടു ന്നു. ഇതിനുമപ്പുറം മൾട്ടിപ്പിൽ ഇന്റലിജൻസ് അഥവ ബഹുമുഖ ബുദ്ധി എന്നതിൽ 9 ഘടങ്ങളെ ബുദ്ധി വികാസത്തിന്റെ മേഖലകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകത്തിൽ ആദ്യം പരാമർശിച്ച ശാരീരിക മാനസീക വൈകാരീക സാമൂഹിക മേഖലകളെയാണ് കുട്ടികളുടെ സമഗ്രവികസനമേഖലകൾ എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്.

ജീവിതചക്രസമീപനം – ജനനം മുതൽ പരിപക്വനം വരെ കുട്ടികളുടെ ഓരോ വികസന ഘട്ടങ്ങൾക്കും അനുയോജ്യമായ പരിചരണം ഉറപ്പുവരുത്തി അവരെ കഴിവുറ്റവരും ആരോഗ്യവാൻമാരും ആക്കി മാറ്റുന്ന വികസനസമീപനത്തെ ജീവിതചക്രസമീപനം എന്ന് പറയാം. ഗർഭകാലപരിരക്ഷ, നവജാതശിശു പരിചര ണവും മുലപാലൂട്ടലും ടേക്ക് ഹോംറേഷൻ, പ്രതിരോധകുത്തിവെയ്പ്പ്, അങ്കണവാടി സേവനം സ്കൂൾ വിദ്യാഭ്യാസം എന്നിങ്ങനെ പ്രായോഗികമായി, അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നത് ജീവിത ചക്ര സമീപനത്തിന്റെ ഭാഗമാണ്. ഈ സമീപനത്തിൽ സേവനം ലഭ്യമാക്കുക എന്നതാണ് പ്രധാനം. അത് ആര് ചെയ്യുന്നു എന്നതിന് പ്രാധാന്യം കുറവാണ്.

അവകാശാധിഷ്ഠിത സമീപനം –ജീവിതചക്രസമീപനം ഉദ്ദേശിച്ച ഫലം ചെയ്യണമെങ്കിൽ സേവനങ്ങൾ അവകാശമായി മാറണം. കുട്ടികളുടെ വികസനാവശ്യങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അത് ഒന്നൊഴി യാതെ എല്ലാ കുട്ടികൾക്കും വിവേചനങ്ങളില്ലാതെ ഉറപ്പാക്കപ്പെടുകയാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സമീപനത്തിൽ സേവനം ഔദാര്യമല്ല കുട്ടികളുടെ അവകാശമാണ്. ഈ സമീപനത്തിൽ മാത്രമേ എല്ലാ കുട്ടികൾക്കും അവരുടെ വികസനാവശ്യങ്ങൾ ലഭ്യമാകുകയുള്ളു.



**കുട്ടികളുടെ സമഗ്രവികസനസമീപനം** – മുൻ സൂചിപ്പിച്ചതുപോലെ യാതൊരു വിവേചനവും കൂടാതെ ഓരോകുട്ടിക്കും തങ്ങളുടെ നൈസർഗ്ഗിക ശേഷികൾ പൂർണ്ണതയിലെത്തിക്കാനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ സഹായം അനിവാര്യമാണ്. ഇപ്രകാരം പ്രശ്നപരിഹാരങ്ങൾക്ക് ഊന്നൽ നൽകികൊണ്ടും ആവശ്യമെങ്കിൽ പ്രത്യേക പരിഗണന നൽകികൊണ്ടും അവകാശാധിഷ്ടിതമായി ജീവിതചക്ര പരിഗണയോടെ സേവനങ്ങൾ പ്രധാനം ചെയ്യുന്ന നയസമീപനമാണ് സമഗ്രവികസന സമീപനം. കുട്ടികളുടെ വികസനാവശ്യങ്ങൾ വ്യത്യസ്തങ്ങളായ വകുപ്പുകൾ വഴിയോ മേഖലകളായി തരം തിരിച്ചോ നൽകുന്ന മേഖലാ സമീപനമാണ് അനുവർത്തിച്ചു പോരുന്നത്. (Sectoral Programme) ആരോഗ്യമേഖലയിൽ പ്രതിരോധകുത്തിവെയ്പ്പ് ആശുപത്രി സേവനം. ഐസിഡിഎസിൽ ഗർഭികളുടെ രജിസ്ട്രേഷൻ, അമ്മമാരുടെ മീറ്റിംഗ്, പ്രി സ്കൂൾ വിദ്യാഭ്യാസം പല വകുപ്പുകളും ഏജൻസികളും ചിലയിടങ്ങളിൽ പഠനം മാത്രം പോഷകാഹാരമില്ല. ഇപ്രകാരമാകുമ്പോൾ ഓരോ കുട്ടിക്കും ആവശ്യമായ വ്യത്യസ്തങ്ങളായ സേവനങ്ങൾ ഒരേ സമയം ലഭിക്കുവാനുള്ള സാധ്യത കുറയുന്നു. ഇതിനുപുറമേ പ്രായം തിരിച്ച് പലതരം വകുപ്പുകൾ പലതരം പ്രവർത്തനങ്ങൾ നടത്തുമ്പോഴും അവരുടെ പരസ്പരധാരണകുറവുമൂലം സമഗ്രമായ വികസനം അസാധ്യമാകുന്നുണ്ട്. ഉദാ– പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, അഡോളസന്റ് പരിപാടി, ബാലസഭ പ്രോഗ്രാം തുടങ്ങിയവ പരസ്പരം ബന്ധമില്ലാതെ നടക്കുന്നതായി കാണാം.

## കുട്ടികളുടെ ആവശ്യങ്ങളും വികസന ധർമ്മങ്ങളും

കുട്ടികൾക്ക് ഓരോ പ്രായത്തിലും ശാരീരിക വികസനത്തിന് അനിവാര്യമായ കാര്യങ്ങളുണ്ട്. ഉയരവും തൂക്കവും ഊർജ്ജവും നേടുന്നതിന് ആവശ്യമായ ഭക്ഷണം, എല്ലുകളുടേയും പല്ലുകളുടേയും സംരക്ഷണത്തിനുവേണ്ട ന്യൂന പോഷകങ്ങൾ തലചോറിന്റേയും ഇന്ദ്രിയങ്ങളുടേയും പുരോഗതിക്കാവശ്യമായ അനുഭവങ്ങൾ ഇപ്രകാരമുള്ള കാര്യങ്ങൾ കുട്ടികളുടെ ആവശ്യങ്ങളായി കണക്കാക്കാം. എല്ലാ മനുഷ്യരേയും പോലെഭക്ഷണം, വസ്ത്രം, പാർപ്പിടം, വിനോദം, വിശ്രമം തുടങ്ങിയവയെല്ലാം കുട്ടികളുടെ ആവശ്യങ്ങളാണ് (Needs)

ആവശ്യങ്ങൾ പോലെതന്നെ പരമപ്രധാനമാണ് വികസന ധർമ്മങ്ങൾ അഥവ Developmental Tasks ഓരോ പ്രായത്തിലും കുട്ടിയിൽനിന്നും പ്രതീക്ഷിക്കുന്ന ശേഷീവികാസങ്ങളും അതിനനുസൃതമായ കായികമാനസീക പ്രവർത്തനങ്ങളും ഉണ്ട്. ഇത് പ്രധാനമായും ജ്ഞാനവും നൈപുണികളും ചേർന്നതാണ്. പ്രായാനുസൃതമായ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് കുട്ടിക്ക് കഴിഞ്ഞില്ലെങ്കിൽ പിൽക്കാല വളർച്ചയെ അത് സാരമായി ബാധിക്കും. ഇതിന് മുമ്പ് നൽകിയിട്ടുള്ള ചാലകവികാസ ക്രമം ഇളം പ്രായത്തിലെ കുട്ടിയുടെ ധർമ്മം സൂചിപ്പിക്കുന്നുണ്ട്. ഈ വിധശേഷികൾ നടത്തത്തിൽനിന്നും നടനത്തിലേക്കും, വരകളിൽനിന്നും അക്ഷരങ്ങളിലേക്കും തുടർന്ന് പഠനങ്ങളും നൈപുണികളും നേടാൻ കഴിയുന്നതും കാലാനുസൃതങ്ങളായ ധർമ്മങ്ങളാണ്. ചുരുക്കി പറഞ്ഞാൽ ഓരോ കുട്ടിക്കും ഓരോ പ്രായഘട്ടത്തിനനുസരിച്ചും വ്യത്യസ്തങ്ങളായ ശാരീരിക മാനസീക വൈകാരിക മാനസീക ആവശ്യങ്ങളും അതോടൊപ്പം നിർവ്വഹിക്കാൻ ശേഷി നേടേണ്ടുന്ന ധർമ്മങ്ങളും ഉണ്ട്. ഇപ്രകാരമുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനും ധർമ്മങ്ങൾ വിജയകരമായി നിർവ്വഹിക്കുന്നതിനും കുട്ടിക്ക് പ്രാപ്യത നൽകുക എന്നതാണ് ബാലവികസന നയത്തിന്റെ ലക്ഷ്യം.

### ശിശുവികസന ആവശ്യങ്ങൾ ധർമ്മങ്ങൾ

**കൗമാരം 10–19 വയസ്സ്**

ഉയരത്തിലും തൂക്കത്തിലും ദ്രുത ഗതിയിൽ വർദ്ധനവ്

വ്യക്തിത്വ വികാസം

**ബാല്യം 2–10**

ആദ്യബാല്യം 3–5

പേശികളുടെയും മനസ്സിന്റേയും ഏകോപനം സാമൂഹിക വികസനം സ്വയം പര്യാപ്ത സ്വഭാവം – വളർച്ച

ബാല്യം 6–10

ദ്രുതഗതിയിലുള്ള പഠന പുരോഗതി സാമൂഹിക വൈകാരിക വികാസം

**ശൈശവം 0–2**

ദ്രുതഗതിയിലുള്ള ശാരീരിക വികാസം, തലചോറിന്റെ വികാസം, ഇന്ദ്രിയ – ചാലക വികാസം – വളർച്ച

**പ്രസവപൂർവ്വഘട്ടം**

അമ്മയുടെ ആരോഗ്യം സുരക്ഷിത ഗർഭസ്ഥജീവിതം അപകടങ്ങളിൽനിന്നും പരിരക്ഷ ആശുപത്രി സേവനങ്ങൾ

## കുട്ടികൾ നേരിടുന്ന അപായസാധ്യതകൾ (Hazards)

ബിജാങ്കുരണം മുതൽ കുഞ്ഞ് ഗുരുതരമായ അപകടാവസ്ഥകൾ അഭിമുഖീകരിക്കാൻ തുടങ്ങുന്നു. ജീവശാസ്ത്രപരമായ വിവിധരൂപത്തിലുള്ള അപകടങ്ങൾ ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞിനെ ബാധിക്കാം. ജനനാനന്തരം പ്രസവഗുരുതരാവസ്ഥകൾ മാരകരോഗബാധ തുടങ്ങിയവക്കുള്ള അവസരം കൂടുതലാണ്. ഇതിനുശേഷവും ന്യൂനപോഷണം പകർച്ചവ്യാധി അപകടങ്ങൾ എന്നിവ കുട്ടി അഭിമുഖീകരിക്കണം. ഈ അപായാവസ്ഥകളെ പൊതുവായി ഒഴിവാക്കുന്നതിനുള്ള സമഗ്രപരിപാടികളാണ് കുട്ടികൾക്കായുള്ള പ്രധാന ഇടപ്പെടലുകളിൽ ഒന്ന്. വസ്തുനിഷ്ഠമായി കുട്ടികൾ നേരിടുന്ന അപകടാവസ്ഥകളെ ഇപ്രകാരം തരംതിരിക്കാം ഭൗതീക അപായങ്ങൾ (Physical hazards) മാനസീകമായ അപായങ്ങൾ (Psychological hazards) വളർത്തുരീതികൾ, ഭക്ഷണക്രമങ്ങൾ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവ ഇവയിൽ പ്രധാനമാണ്.


### കുട്ടികളുടെ : സമഗ്രവികസനം ഇടപ്പെടലുകൾ

- ജീവിതചക്രത്തിലെ ഓരോ നിർണ്ണായക ഘട്ടത്തിലും അനുയോജ്യമായ സമഗ്രവികസന ഇടപെടലുകൾ ഉറപ്പാക്കുക – കുട്ടി ഏത് പ്രായത്തിലായാലും ഏത് സംവിധാനത്തിലായാലും അവിടെയെല്ലാം സമഗ്രവികസനത്തെ പോഷിപ്പിക്കുന്ന ഇടപെടലുകൾ കുട്ടിക്ക് ലഭ്യമാകണം
- കുട്ടികളെ സംബന്ധിച്ച വിവരശേഖരണവും പദവി പഠനവും അവകാശമേഖലകൾ പൂർണ്ണമായും ഉൾക്കൊണ്ട് നടത്തുകയും അപഗ്രഥിക്കുകയും പ്രശ്ന പരിഹാരം തേടുകയും ചെയ്യുക

- സേവനധാതാക്കളെ പരസ്പരം ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സമഗ്രസേവനത്തിലേക്ക് നയിക്കുകയും ചെയ്യുന്നതിന് പ്രാദേശിക സർക്കാരും സംസ്ഥാന സർക്കാരിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് പ്രവർത്തിക്കുക.
- സ്വകാര്യ സ്ഥാപനങ്ങളും കുട്ടികളെ സംബന്ധിച്ച കാര്യങ്ങളിൽ അവകാശാധിഷ്ഠിതമായ സമഗ്രവികസനം ഉറപ്പാക്കുക

### ഗസ്സൽ - വികസന ഷെഡ്യൂൾ (Developmental Shedule)

കുട്ടിയുടെ വികാസ പരിണാമങ്ങൾ സാധാരണനിലയിലാണോ എന്ന് തിരിച്ചറിയാനുള്ള വ്യഗ്രത മാതാപിതാക്കൾക്കും വിദഗ്ദരായ വ്യക്തികൾക്കും ഉണ്ടായിരിക്കും. ഏകദേശ കണക്കുകൾ പരാമ്പരാഗതമായി ഓരോ സമൂഹത്തിനും അറിവുള്ളതായിരുന്നു. എന്നാൽ അതിന് ഐക്യരൂപ്യമുണ്ടായിരുന്നില്ല എന്ന് മാത്രമല്ല പരിഹാര പ്രവർത്തനങ്ങൾ എന്തെന്ന് അറിയാനോ വ്യതിയാനങ്ങൾ എത്രമാത്രമെന്ന് തിട്ടപ്പെടുത്തുവാനോ കഴിഞ്ഞിരുന്നില്ല. ഈ സന്ദർഭത്തിലാണ് കുട്ടിയുടെ വികാസ പരിണാമങ്ങൾ നിരീക്ഷിക്കാൻ കഴിയും വിധം ചിട്ടപ്പെടുത്തിയ ഗസ്സൽ ഡവലപ്പ് മെന്റ് ഷെഡ്യൂൾ (Gessel Developmental – Shedule or – GDS) പുറത്തിറങ്ങുന്നത്. താഴെ പറയുന്ന 4 വികസനമേഖലകളിലായി ജനനം മുതൽ 72 മാസം വരെ ഓരോ 6 മാസം കൂടുമ്പോഴും കുട്ടിക്കുണ്ടാകുന്ന പുരോഗതി കണക്കാക്കാൻ കഴിയും. എന്നാൽ ആദ്യത്തെ 12 മാസത്തെ പുരോഗതി എല്ലാ മാസവും കണക്കാക്കാൻ കഴിയും വിധമാണ് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.



**ശിശുക്കളുടെ നിയതവികസന മേഖലകൾ**

1. ചാലകവികാസം (Motor development)
2. ദൈനംദിനജീവിതനൈപുണികൾ (Adaptive behaviuor)
3. ഭാഷാവികസനം (Language Development)
4. സാമൂഹീകവൈയക്തിക വികാസം ( Personal Social development)

**കുട്ടികളുടെ വികാസം സംബന്ധിച്ച മന:ശാസ്ത്രസമീപനങ്ങൾ**

**എ) സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud 1856 – 1939)**


കുട്ടികളുടെ വികസനത്തെ പരപക്വന സ്വഭാവവുമായി ബന്ധപ്പെടുത്തിയാണ് അദ്ദേഹം ഘട്ടങ്ങളായി തിരിച്ചത്. കുട്ടികളുടെ ചിന്തകളും താൽപര്യങ്ങളും ഓരോ പ്രായത്തിലും എപ്രകാരമായിരിക്കും എന്ന വിവരണമാണ് അദ്ദേഹം നൽകിയത്. പരിപക്വനം ഒരു ലൈഗീകവികാസമായിട്ടാണ് ഫ്രോയിഡ് കണക്കിലെടുത്തത്. കുട്ടികളുടെ മനോവൈജ്ഞാനിക വികാസത്തെ ഓരോ ഘട്ടത്തേയും ലൈഗീക താൽപര്യങ്ങൾ സ്വാധീനിക്കുന്നുണ്ടെന്ന് അദ്ദേഹം കണ്ടെത്തി. ഈ സിദ്ധാന്തത്തെ മനോലൈഗീകവികാസ സിദ്ധാന്തം (Theory of psychosexual development) എന്നാണ് വിളിക്കുന്നത്. ലൈഗീകത (Sexuality) എന്നത് വ്യാപകമായ അർത്ഥത്തിലാണ് ഫ്രോയിഡ് പ്രയോഗിക്കുന്നത്. ലൈഗീകതയുടെ മൗലീക ധർമ്മം വിവിധ ശരീരമേഖലകളിൽ നിന്നും സുഖാനുഭവം ലഭിക്കുകയത്രെ. ഈ ശരീരമേഖലകളെ കാമോത്തേജകമേഖലകൾ (Erogenous zones) എന്ന് പറയാം ഈ ധർമ്മം പിൽക്കാലത്തുള്ള പ്രജനനത്തിന് സഹായകമായി തീരുന്നു. ലൈകീക ജീവിതം കൗമാരത്തോടുകൂടി മാത്രമേ ആരംഭിക്കുന്നുള്ളു എന്ന ധാരണ ശരിയല്ല. ജനനം മുതൽ തന്നെ ലൈഗീകത പ്രകടിതമാകുകയും താഴെ പറയുന്ന ഘട്ടങ്ങളിൽ കൂടി വികസിച്ച പക്വതയിൽ എത്തിചേരുകയും എന്നാണ് കണ്ടെത്തൽ.

1. **മൗലീക ഘട്ടം (Oral stage)** ആദ്യത്തെ ഒന്നര വർഷം - കുഞ്ഞിന്റെ ആദ്യകാലം സന്തോഷം പ്രധാനമായും ഭക്ഷണപ്രിയമാണ്. എന്നാൽ ഭക്ഷണക്രമത്തിൽ മാറ്റം വരുമ്പോൾ കുട്ടിക്ക് ആകുലതകൾ ഉണ്ടാകുന്നു. ആദ്യ മുലപാൽ ഊട്ടൽ തുടങ്ങി വിവിധകാരണങ്ങളാൽ പാലൂട്ടൽ തടസ്സപ്പെടുകയും മാറ റപ്പെടുകയും മററു ഭക്ഷണപദാർത്ഥങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമ്പോൾ കുട്ടിക്ക് ആകാക്ഷയും വ്യാകുലതയും അനുഭവപ്പെടുന്നു. പിന്നീടുണ്ടാകുന്ന പല ദുശീലങ്ങൾക്കും കാരണം ഈ കാലഘട്ടത്തിലെ അനുഭവങ്ങളാണ്. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ മനുഷ്യന് രണ്ട് പ്രധാന സഹജവാസനകൾ ഉണ്ട്. ഒന്ന് കാമം അഥവഈറോസ് (Eros) എന്നോ രണ്ടാമതായി തനാറ്റോസ് (Thanatos) മറ്റൊർത്ഥത്തിൽ സന്തോഷത്തിനും മരണത്തിനും ഒരേ തരത്തിലുള്ള സഹജമായ വാസനകളാണ്. ഇതിലേത് വാസന പ്രബല്ല്യം നേടുന്നോ അതനുസരിച്ചുള്ള സ്വഭാവസവിശേഷതകൾ കുട്ടി പ്രകടിപ്പിക്കും.
2. **പായുഘട്ടം (Anal stage)** ഒന്നര വയസ്സുമുതൽ മൂന്ന് വയസ്സുവരെ - ഈ ഘട്ടത്തിൽ സന്തോഷവും സന്താപവും പരോക്ഷമായി പ്രകടിപ്പിക്കുന്നതിന് ഉപകരണമായി ഉപയോഗിക്കുന്നത് വിസർജ്ജനമേഖലകളെയാണ്. പരപീഢനസ്വഭാവങ്ങൾ, (Sadism, Masotism) സ്വയംപീഢനസ്വഭാവങ്ങൾ തുടങ്ങിയ സ്വഭാവങ്ങൾ ഈ കാലഘട്ടത്തിന്റെ അനുഭവങ്ങളിൽനിന്നും ഉരുതിരയുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
3. **ശിശ്നഘട്ടം (Phallic phase)** 3-7 വയസ്സുവരെ ബാലകരിൽ ലിംഗത്തിന്റെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും ആൺ പെൺ വ്യത്യാസങ്ങളായി കാണപ്പെടുന്ന കാലമാണ് ഇത്. നല്ല കുട്ടിയും ചീത്ത കുട്ടിയും തരംതിരിക്കുന്നതിന് അവരുടെ സ്വയം സ്പർശനത്തേയോ അന്യസ്പർശനത്തേയോ കൂട്ടിചേർത്ത് സംസാരങ്ങളുണ്ടാകാം. ഈ കാലഘട്ടത്തിലാണ് Castration complex സൃഷ്ടിക്കുന്ന ആശങ്കകൾ ഉടലെടുക്കുന്നത് എന്ന് അദ്ദേഹം കണ്ടെത്തി. ഈഡിപ്പസ്സ് കോപ്ലക്സ് (Oedipus complex) ഇലട്രാ കോപ്ലക്സ് (Eletra coplex), എന്നീ പ്രസക്തങ്ങളായ ആൺപെൺ മക്കളുടെ മാതാപിതാക്കളിൽ എതിർലിംഗക്കാരോടുള്ള വാത്സല്ല്യഭാവത്തെ അദ്ദേഹം ഈഡിപ്പൽ സ്ഥിതി (Oedipal situation) എന്ന് പറയുന്നു.

4. **കാമപ്രസുപ്തി ഘട്ടം (Latency Period)** 5-12 വയസ്സ് - വികസനത്തിന്റെ ശ്രദ്ധ കായികതലങ്ങളിലേക്കും മാനസീകതലങ്ങളിലേക്കും വളരെവേഗം മുന്നോട്ടു പോകുന്ന ഈ കാല ഘട്ടത്തിൽ പ്രകടമായ കാമത്വരത കുട്ടികളിൽ കാണുന്നില്ല. ജീവിതത്തിലെ ഏറ്റവും നല്ല വിദ്യാഭ്യാസ വികസനത്തിന്റെ കാലമായി ഈ ഘട്ടം പരിണമിക്കുന്നതും ഈ നിലീനകാലഘട്ടത്തിലാണ് (Lateant).

5. **ജനനേന്ദ്രിയ ഘട്ടം (Genital Stage)** 12-20 വയസ്സ് ഈ കാലഘട്ടം അന്തസ്രാവ ഗ്രന്ഥികളാലും ജനനേന്ദ്രിയ വികാസത്താലും സ്വതസിദ്ധമായ കാമതയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്ന ഘട്ടമാണ്. ലൈഗീകമായ ബന്ധങ്ങളോട് (പ്രേമം) താൽപര്യം ജനിക്കുന്ന ഈ ഘട്ടത്തിൽ തന്നെ മനോവൈജ്ഞാനീക വികാസം ചിന്താദിശയിലേക്ക് (Thinking Stage) മാറിപോകുന്നതുകൊണ്ട് പഠനവും പുരോഗതിയും അതിന്റെ ഒരു ഭാഗമായി കാമാതുരത്വവും (Sexuality) കുട്ടികളിൽ പ്രകടമാകുന്നു. Sexual Orientation അഥവ പ്രയോജനമുള്ള ക്രിയാപരമായ പൗരനായും ഭാവിക്കാല ലൈഗീക ജീവിതത്തിന്റെ തുടക്കം കുറിക്കുവാനും ഈ ഘട്ടമാണ് വഴി ഒരുക്കുന്നത്.

ഫ്രോയിഡിന്റെ നിലപാടുകളെ ശാസ്ത്രലോകം പൂർണ്ണമായും അംഗീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുന്നില്ല എന്നാൽ ലൈഗീക വികാസമാണ് മനുഷ്യവികാസത്തിന്റെ അതിപ്രധാന വികസന രീതി എന്നത് പലർക്കും ഉൾക്കൊള്ളാനായിട്ടില്ല.



### ബി) എറിക് എറിസൺ (Erick Erison)

ഫ്രോയിഡിന്റെ വികാസ ഘട്ടങ്ങളെ പ്രായോഗീക രീതിയിൽ വിശകലനം ചെയ്ത് ഒരു നൂതനമായ സിദ്ധാന്തം അദ്ദേഹം ആവിഷ്ക്കരിച്ചു. മനസ്സാമൂഹിക (Pshychosocial) വികാസ ഘട്ടങ്ങൾ എന്ന് അതിനെ പേരിട്ടു. ബിഹേവിയർ അപ്രോച്ചിന് കീഴിൽ അദ്ദേഹം ബാല്യകാലത്തിന് ശേഷവും വളരെയേറെ മാറ്റങ്ങൾ വ്യക്തിക്ക് സംഭവിക്കുന്നുണ്ട് എന്ന് കണ്ടെത്തി. ജീവിതക്കാലം മുഴുവൻ ഉൾക്കൊള്ളുന്ന 8 വികാസഘട്ട ങ്ങളെ (Psychosocial stages) അദ്ദേഹം കണ്ടെത്തി. ഓരോ വികാസഘട്ടത്തിലും വ്യക്തി ഒരുവികാസാത്മക കൃത്യം (Developmental Task)അഭിമുഖീകരിക്കുന്നു. ഇത് ഒരു പരിധി വരെ ആ ഘട്ടത്തിന്റെ ധർമ്മമാണ്. പ്രസ്തുത ധർമ്മം നിർവ്വഹിക്കുന്നതിൽ പരാജയം നേരിട്ടാൽ സംഘർഷാവസ്ഥ സംജാതമാകുകയും (Conflit) ഒരു സന്നിഗ്ദഘട്ടം (Crisis) രൂപപ്പെടുകയും ചെയ്തു. ഓരോ ഘട്ടത്തിലേയും ധർമ്മങ്ങൾ നിർവ്വഹിക്കാനും സംഘർഷാവസ്ഥകൾ ഒഴിവാക്കുവാനും കഴിയുകയാണ് വികസന ലക്ഷ്യം. ഓരോ ഘട്ടത്തിലും വികസന ധർമ്മങ്ങളും അതിന്റെ വിപരീതവും ചേർന്നതാണ് ആഘട്ടത്തിന്റെ നാമമായി അദ്ദേഹം നൽകിയിട്ടുള്ളത്

**Erikson's Stage Theory in its Final Version**

| *Age* | *Conflict* | *Resolution or "Virtue"* | *Culmination in old age* |
|---|---|---|---|
| Infancy (0-1 year) | Basic trust vs. mistrust | Hope | Appreciation of interdependence and relatedness |
| Early childhood (1-3 years) | Autonomy vs. shame | Will | Acceptance of the cycle of life, from integration to disintegration |
| Play age (3-6 years) | Initiative vs. guilt | Purpose | Humor; empathy; resilience |
| School age (6-12 years) | Industry vs. Inferiority | Competence | Humility; acceptance of the course of one's life and unfulfilled hopes |
| Adolescence (12-19 years) | Identity vs. Confusion | Fidelity | Sense of complexity of life; merging of sensory, logical and aesthetic perception |
| Early adulthood (20-25 years) | Intimacy vs. Isolation | Love | Sense of the complexity of relationships; value of tenderness and loving freely |
| Adulthood (26-64 years) | Generativity vs. stagnation | Care | Caritas, caring for others, and agape, empathy and concern |
| Old age (65-death) | Integrity vs. Despair | Wisdom | Existential identity; a sense of integrity strong enough to withstand physical disintegration |

1. വിശ്വാസം അല്ലെങ്കിൽ അവിശ്വാസം (Trust vs mistrust) 01 വയസ്സുവരെ. വിശ്വാസം സ്ഥാപിക്കുക യാണ് ഈ ഘട്ടത്തിലെ പ്രധാന ധർമ്മം. ആഹാരം ലഭിക്കുക, പരിരക്ഷണം ലഭിക്കുക തുടങ്ങിയവ യെല്ലാം അമ്മയോ മറ്റു വ്യക്തിയോ ആയിരിക്കും നൽകുന്നത്. ഇത് ആവശ്യമായ സമയത്ത് ലഭ്യമാകു ന്നുവെങ്കിൽ വിശ്വാസവും ലഭ്യമായില്ലെങ്കിൽ അവിശ്വാസവും ഉടലെടുക്കും. ഈ പ്രക്രിയയാണ് ഈ ഘട്ടത്തിലെ പ്രധാന സംഘർഷം. ഈ സന്നഗ്ദ്ധ ഘട്ടത്തിൽ അസ്തിരത അനുഭവിക്കുന്ന കുട്ടിക്ക് ആശങ്കയും അവിശ്വാസവും സ്വഭാവമായി പരിണമിക്കും. ഇത് ഒഴിവാക്കും വിധം വിശ്വസിനീയമായി യഥാസമയം കുട്ടിക്ക് പരിചരണം ലഭിക്കണം.
2. സ്വതന്ത്രത അല്ലെങ്കിൽ നാണക്കേട് (Autonomy vs Shame and Doubt) 2-3 വയസ്സ്
3. മുൻകൈഭാവം അല്ലെങ്കിൽ കുറ്റബോധം (Initiative vs Guilt) 4-5 വയസ്സ്
4. പ്രയത്ന ശീലം അല്ലെങ്കിൽ പിന്നോക്കബോധം (Industry vs Inferiority) 6-11 വയസ്സ്

5. സ്വത്വബോധം അല്ലെങ്കിൽ സ്വത്വസംഘർഷം (Identity vs Identity Confusion) 12–18 വയസ്സ്

6. ആത്മബന്ധം അല്ലെങ്കിൽ ഒറ്റപ്പെടൽ (Intimacy vs Isolation) ഇളം യൗവനം


7. ക്രിയാത്മകത അല്ലെങ്കിൽ മന്ദീഭാവം - (Generetuvity vs Stagination) മദ്ധ്യയൗവനം

8. ഉദ്ഗ്രഥനം അല്ലെങ്കിൽ നിരാശ - (Intagrity vs Stagination) വാർദ്ധക്യം

**സി) കോൾബർഗ്ഗിന്റെ നൈതിക വികാസഘട്ടങ്ങൾ (Stages of moral development by Kolberg)**

വ്യക്തികളുടെ സദാചാരപരമായ വ്യവഹാരം (Moral Behaviour)പൊതുജനസമ്മിതിയും സാമൂഹ്യ അംഗീകാരവും ലഭിക്കത്തക്കവിധം വികസിച്ചുവരുന്നത് 3 ഘട്ടങ്ങളിലായിട്ടാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. പ്രാക് പരമ്പരാഗതരീതി (Preconventional) പരമ്പരാഗത രീതി (Conventional ) പരമ്പര്യേതര രീതി (Post conventional ). ആദ്യ കാലങ്ങളിൽ കുട്ടിയുടെ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നത് രക്ഷിതാക്കളുടെ ആജ്ഞകളും ചട്ടങ്ങളും നിയമങ്ങളുമാണ്. ശിക്ഷ ഒഴിവാക്കുന്നതിനായി അനുസരിക്കുകയാണ് പതിവ്. യഥാർത്ഥത്തിൽ സ്വന്തം താൽപര്യത്തിനാണ് കുട്ടി ശ്രമിക്കുന്നതെങ്കിലും മറ്റുള്ളവർക്കുവേണ്ടി കുട്ടി അഭിനയിക്കുകയാണ്. കുറച്ചുകൂടി കഴിയുമ്പോൾ കുട്ടികൾ പരസ്പര ബന്ധത്തോടെ പെറുമാറാൻ തുടങ്ങുന്നു. ഇവിടെ നൈതീകത കണ്ടീഷനലാണ്. ഉദാ- എന്നെ തല്ലിയാൽ ഞാനും തല്ലും. തുടർന്നുള്ള പ്രായഘട്ടങ്ങളിൽ സന്ദർഭത്തിന്റെ മഹത്വം മനസ്സിലാക്കി സാമൂഹ്യബന്ധങ്ങൾ നിലനിർത്താൻ കഴിയും വിധം സാമാന്യ മര്യാദകൾ പ്രകടിപ്പിക്കുന്നു. (Conventional). അടുത്തഘട്ടത്തിൽ സ്വതന്ത്രമായി തത്വാധിഷ്ഠിതമായി നൈതീകത പ്രകടിപ്പിക്കുന്നു. രാഷ്ട്രീയബോധം ഉദാഹരണമാണ്. ഇവിടെ ഉപയോഗിതാ വാദത്തിന് മുൻതൂക്കം കൊടുക്കാൻ തുടങ്ങുന്നു. യുക്തിപരത ആദിപത്യം നേടും. ഓരോഘട്ടത്തിനം അനുയോജ്യമായ അദ്ധ്യാപനം ആസൂത്രണം ചെയ്യുന്നതിനാണ് കോൾബർഗ്ഗ് കുട്ടികളുടെ മോറൽ ഡവലപ്പ്മെന്റിന്റെ തലങ്ങൾ സൂചിപ്പിച്ചത്.

**ഡി) പിയാഷെയുടെ വൈജ്ഞാനീക വികാസസിദ്ധാന്തം (Coginative Development by Geanpiaget)**



സംജ്ഞാനാത്മക വികാസം അഥവ കോഗിനേറ്റീവ് ഡവലപ്പ്മെന്റ് എന്ന തത്വം പര്യാവരണം തിരിച്ച റിഞ്ഞ് കുട്ടി സ്വയം ജ്ഞാനം നിർമ്മിക്കുകയാണ് എന്ന ധാരണയെ അടിസ്ഥാനപ്പെടുത്തിയാണ്. അദ്ദേഹ ത്തിന്റെ അഭിപ്രായത്തിൽ ശൈശവക്കാല വിജ്ഞാനസമ്പാദനത്തിന്റെ അടിസ്ഥാനം സംപ്രത്യയനമാണ് (Concept) തന്റെ മുന്നിലെത്തുന്ന ഒരു വസ്തുവിനെ പ്രത്യക്ഷണം നടത്തി സംവേദനവുമായി (Perception) കൂട്ടിചേർത്ത് കുട്ടി പരിശോധിക്കുകയാണ്. ഇന്ദ്രീയസംവേദനവും പൊതുധാരണയും സമർത്ഥമായി കൂട്ടി യിണക്കി ഓരോ വസ്തുവിനേയും കുഞ്ഞ് സംപ്രത്യയനത്തിലേക്ക് കൊണ്ടുവരികയാണ്. പിയാഷേയുടെ സിദ്ധാന്തത്തിൽ പരിസരത്തുനിന്നും ലഭിക്കുന്ന അനുഭവങ്ങളിൽ നിന്നും രൂപാന്തരപ്പെടുത്തുന്ന മനോവ്യ പാരങ്ങളെ  അദ്ദേഹം സംക്രിയകളെ ഓപ്പറേഷൻ എന്ന് വിളിച്ചു.

**വൈജ്ഞാനീക വികാസ ഘട്ടങ്ങൾ**

1. സംവേദക ചാലക ഘട്ടം (Sensory motor stage) 0-2 വയസ്സ്
2. പ്രാക്സംക്രിയാഘട്ടം (Pre-operational stage) 2 - 7 വയസ്സ് ഈ ഘട്ടത്തെ വീണ്ടും രണ്ടായി തരംതിരിച്ചിട്ടുണ്ട്.

   എ) പ്രാക്സംപ്രത്യേയഘട്ടം (Pre-conseptual stage) 24 വയസ്സ്

   ബി) അന്തപ്രജ്ഞാത്മകഘട്ടം (Intutive Stage) 4-7 വയസ്സ്
3. സംക്രിയാഘട്ടം (Operational Stage) 7 - 16 വയസ്സ് ഈ ഘട്ടത്തെ വീണ്ടും രണ്ടായി തരം തിരിച്ചിട്ടുണ്ട്.

   എ) മൂർത്തസംക്രിയാഘട്ടം (Concrete Operational stage) 7-11 വയസ്സ്


   ബി) ഔപചാരിക സംക്രിയാഘട്ടം (Formal Operational Stage) 16 - 11 വയസ്സ് ബുദ്ധിവികാസത്തെ സംബന്ധിച്ച പിയാഷെയുടെ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി അദ്ധ്യാപനം ചിട്ടപ്പെടുത്താൻ കഴിയും. പരിസരത്ത് നിന്നും പ്രവർത്തനങ്ങൾ വഴി സംക്രിയകൾ സൃഷ്ടിക്കുകയും അതുവഴി ബുദ്ധി വികസിക്കുകയുമാണ്.

   പഠനമെന്നത് വിദ്യാർത്ഥികളുടെ വൈജ്ഞാനീക രൂപങ്ങൾ ആവിർഭവിക്കുകയും പരിവർത്തന വിധേയമാകുകയും ചെയ്യുന്ന സാഹചര്യങ്ങളുടെ ഫലമായി ഉണ്ടാകുന്നതാണ്. സ്വയം കണ്ടെത്തലാണ് ജ്ഞാനസമ്പാദന മാർഗ്ഗം അതുകൊണ്ട് തന്നെ പഠന സാഹചര്യങ്ങൽ ഒരുക്കുക എന്നത് കുടുംബത്തിലും വിദ്യാലത്തിലും ശ്രദ്ധിക്കേണ്ട കാര്യമാണ്. പിയാഷേയുടെ അനുമാനത്തിൽ ജ്ഞാനം 3 തരമുണ്ട്. ഭൗതീകം (Physical) സാമൂഹ്യം (Social) താർക്കീകം (Logical)

**ഇ) മാസ്‌ലോ യുടെ അഭിപ്രേരണാ സിദ്ധാന്തം (Theory of Human Motivation)**

എബ്രഹാം മാസ്‌ലോ ആരോഗ്യകരമായ സമായോജനമാണ് (Adjustment) മനുഷ്യരുടെ ഉന്നതമായ ശേഷി യായി കാണുന്നത്. ആവശ്യങ്ങളുടെ പൂരണത്തിനുള്ള സാധ്യതകളാണ് മനുഷ്യന്റെ വികാസത്തെ നിർണ്ണ യിക്കുന്നത്. മൗലീകമായ ആവശ്യങ്ങൾ (Biolagical needs) നേടുന്നതിനുള്ള ശ്രമത്തിൽനിന്നും സ്വത്വസമ്പൂർണ്ണ തയിലേക്കുള്ള (Self Actualization needs) പ്രയാണമാണ് മനുഷ്യന്റെ അതിപ്രധാനമായ പ്രേരണ. ഒരു ആവശ്യം നേടുവാൻ കഴിഞ്ഞില്ലെങ്കിൽ അത് സമ്മർദ്ദം സൃഷ്ടിക്കുകയും ആ സമ്മർദത്തെ അതിജീവിക്കാൻ നൂതന മാർഗ്ഗങ്ങൽ തേടുകയുമാണ് ഒരു മനുഷ്യൻ ചെയ്യുന്നത്. അദ്ദേഹത്തിന്റെ പ്രശക്തമായആവശ്യങ്ങളുടെ ശ്രേണി ത്രികോണമിതി മാതൃക ( Need Hierarchy) മനുഷ്യന്റെ അതിപ്രധാനമായ 5 ആവശ്യശ്രേണികളെ പ്രതിനി ധാനം ചെയ്യുന്നു. പ്രഥമ തലത്തിൽ ശാരീരിക ആവശ്യങ്ങൾ (Physiological needs) തൊട്ടുമുകളിൽ സുരക്ഷാ ആവശ്യങ്ങൾ (Safety needs) അതിന് മുകളിൽ സാമൂഹികാവശ്യങ്ങൾ (Social needs) അതിന്റേയും ഉയർന്ന തലത്തിൽ അഹംബോധആവശ്യങ്ങൾ  (Self esteem needs) ഏറ്റവും ഉയർന്നതലത്തിൽ സ്വത്വസമ്പൂർണ്ണത (Self Actualization Needs) എന്നിവയാണ്. പിരമിഡിന്റെ ആദ്യ മൂന്ന് പാദശ്രേണികളിൽപ്പെട്ട ആവശ്യങ്ങൾ എല്ലാ മനുഷ്യർക്കും അനിവാര്യമാകയാൽ അതിനെ അടിസ്ഥാന ആവശ്യങ്ങൾ എന്ന് പറയുന്നു. അടി സ്ഥാന ആവശ്യങ്ങൾ നേടി കഴിഞ്ഞാൽ അതിനുമുകളിലുള്ള അഹംബോധത്തിനും തുടർന്ന് സ്വത്വസമ്പൂർണ്ണ തയും നേടുന്നതിന് മനുഷ്യന് അന്തർപ്രേരണ ഉണ്ടാകുന്നതായി കണക്കാക്കുന്നു.

**മാസ്‌ലോ യുടെ ആവശ്യങ്ങളുടെ ശ്രേണി**




**കുട്ടികളുടെ പ്രശ്നങ്ങളും പരിഹാരങ്ങളും**

കുട്ടികളുടെ പ്രശ്നങ്ങൾ ഏതെങ്കിലും ഒരു വിഷയത്തിൽ  മാത്രമായി ഒതുങ്ങുന്നില്ല. അവരുമായി ബന്ധപ്പെടുന്ന ഓരോ വികസനമേഖലയിലേയും ആവശ്യങ്ങളുടെ പൂർത്തീകരണത്തിൽ വന്നുഭവിക്കുന്ന വിടവുകളാണ് പ്രശ്നങ്ങളായി മാറുന്നത്. അങ്ങിനെയെങ്കിൽ കുട്ടികളുടെ പൊതുവായ പ്രശ്നങ്ങളെ താഴെ പറയും പ്രകാരം  പട്ടികപ്പെടുത്താം.

| അവകാശമേഖല | ഉപമേഖല | പ്രശ്നങ്ങൾ |
|---|---|---|
| അതിജീവനം | ഗർഭിണികൾക്കുള്ള  സേവനം<br>പ്രതിരോധ  ചികിത്സ<br>ശുദ്ധജലം,  ശുചിത്വം<br>ശിശുമരണം<br>പെൺലിംഗാനുപാതം | |
| വികസനം | ആദ്യശൈശവകാല  പരിചരണം<br>ശൈശവകാല  പരിചരണ  വിദ്യാഭ്യാസം<br>ആരോഗ്യവിദ്യാലയം<br>നിർബന്ധിത  വിദ്യാഭ്യാസം<br>പോഷണനിലവാരം | |

| | | |
|---|---|---|
| സംരക്ഷണം | ദുരുപയോഗങ്ങൾ<br>സുരക്ഷിത സ്കൂൾ പരിസരം<br>ബാലവിവാഹം<br>സൗഹൃദപരമായ കുടുംബാന്തരീക്ഷം<br>ഭിന്നശേഷി | |
| പങ്കാളിത്തം | ബാലസഭ<br>കൗമാരക്ലബ്ബുകൾ<br>സ്കൂൾ ക്ലബ്ബുകൾ<br>ആസൂത്രണ പങ്കാളിത്തം<br>പൊതുഇടങ്ങൾ | |

- മേൽ പറഞ്ഞ അവകാശമേഖലകളിൽ ബന്ധപ്പെട്ട ഉപമേഖലകളിൽ ഏതെല്ലാം പ്രശ്നങ്ങളാണ് കുട്ടികൾ അഭിമുഖീകരിക്കുന്നത് എന്ന് സ്വയം പട്ടികപ്പെടുത്തുക

**കുട്ടികളുടെ അന്തർമേഖല പ്രശ്നങ്ങൾ -**

**എ) നൈപുണി പരിമിതികൾ ( skill deficit) രണ്ടായി തരംതിരക്കാം**

1) മനോശ്ചാലക പ്രവർത്തന പരിമിതി - (Psycho motor skill deficit) കായികമായ പ്രവർത്തനങ്ങൾ സാധാരണ രീതിയിൽ കൃത്യതയോടെ നിർവ്വഹിക്കാൻ കഴിയായ്ക ഉദാ- ഓടുക ചാടുക കയറുക നൃത്തം ചവിട്ടുക, ഭാരം എടുക്കുക, എറിയുക, പിടിക്കുക തുടങ്ങിയവ പ്രയാസം. അംഗപരിമിതിയും കാരണമാകാം. - സൂക്ഷ്മപേശി, സ്ഥൂലപേശി പരിമിതികൾ അനിയന്ത്രിത ചലനം തുടങ്ങിയവ.

2) പഠനനൈപുണി പരിമിതി (Acadamic Skill Deficit) പഠനപ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്ന രീതിയിൽ പുരോഗമിപ്പിക്കുന്നതിന് ആവശ്യമായ ശേഷികൾ ഇല്ലാതിരിക്കുന്ന അവസ്ഥ ഭാഷ ഗണിതം സംപ്രത്യയനം തുടങ്ങിയവ ഗ്രഹിക്കുന്നതിനും പ്രയോഗിക്കുന്നതിനും അനുഭവപ്പെടുന്ന പോരായ്മകളാണ്.

**ബി) പ്രശ്നസ്വഭാവങ്ങൾ (Problem behaviours)**

കുട്ടികളുടെ സാഹചര്യം കുടുംബപ്രശ്നങ്ങൾ വ്യക്തിത്വ പ്രശ്നങ്ങൾ വൈകാരിക തകരാറുകൾ ലഘു മനോവിഭ്രാന്തി തുടങ്ങിയ കാരണങ്ങളാൽ ചില കുട്ടികൾ അച്ചടക്കം കുറഞ്ഞ അനുചിത ചേഷ്ഠകളും സ്വഭാവവും കാണിക്കുന്നു. ഇത്തരം സ്വഭാവങ്ങൾ പലപ്പോഴും സ്കൂൾ പഠനത്തിന് യോജിക്കാത്ത വിധം ഗുരുതരമായിരിക്കും. കുട്ടികളുടെ പ്രശ്നസ്വഭാവം കുടുംബത്തിനും വിദ്യാലയത്തിനും കളിയിടങ്ങൾക്കും എല്ലാം പ്രയാസങ്ങളുണ്ടാക്കുന്നതിനാൽ ഒഴിവാക്കപ്പെടുന്നതിന് സാധ്യത കൂടുതലാണ്. ഈ സ്വഭാവങ്ങൾ കടുത്ത ശിക്ഷകൊണ്ട് പരിഹരിക്കുക സാധ്യമല്ല. മാത്രമല്ല ശിക്ഷകൾ കുട്ടിയുടെ അവകാശം ഇല്ലാതാക്കുന്നു. അത്കൊണ്ട് ഇത് പരിഹരിക്കുന്നതിന് വ്യവഹാരവ്യതിയാന തന്ത്രങ്ങൽ (Behaviour modification techniques) പഠിക്കുകയും പ്രയോഗിക്കുകയുമാണ് പരിഹാരം. പലപ്പോഴും പഠനപ്രശ്നങ്ങളുടെ കാരണം ഇത്തരം സ്വഭാവ വ്യതിയാനങ്ങളാണ്. Attension deficit highper active disorder തുടങ്ങിയ അവസ്ഥകളിലും ഇത്തരം സ്വഭാവങ്ങൾ കാണാം.

**പ്രധാന പ്രശ്നസ്വഭാവങ്ങൾ**

1. അക്രമസ്വഭാവം - നാശസ്വഭാവം (Agresieve behaviour)
2. ദുർവാശി (Obstinate behaviour)

3. അനുചിതഭാഷണം - ചേഷ്ട (Abusieve behaviour)
4. സ്വയം മുറിവേൽപ്പിക്കൽ (Self injurious behaviour)
5. ഒറ്റപ്പെട്ട പെരുമാറ്റങ്ങൾ (Odd behaviour)
6. വഴക്കാളി സ്വഭാവം (Quarrelsom behaviour)
7. സാമൂഹ്യവിരുദ്ധസ്വഭാവം (ചെറിയ കളവ്, ലൈഗീക ബോധകുറവ്) (Anti social behaviour)
8. അകാരണ ഭീതി - ആകാംക്ഷ (Anxiety)
9. അടങ്ങിയിരിക്കാൻ കഴിയായ്ക. (Hyperactive behaviour)

കുട്ടികൾ ഏത് സ്വഭാവം പ്രകടിപ്പിക്കുന്നതും ഏതെങ്കിലും കാര്യസാധ്യത്തിനായിരിക്കും. പൊതുവെ ഉചിതരീതികൾ (Positieve behaviour) ആണ് ഉപയോഗിക്കുക എന്നാൽ ചില കുട്ടികൾ കാര്യസാധ്യത്തിന് അനുചിത രീതികൾ (Negetive behaviour) അവലംബിക്കുന്നത് കാണാം. കുടുംബ പരിപാലനരീതികളും കൂട്ടുകെട്ടുകളും ഇതിന് കാരണമാകാം. ഇതിൽനിന്നും വ്യക്തമാകുന്നത് പ്രശ്ന സ്വഭാവങ്ങൾ കുട്ടി അനുകരണപഠനം വഴി അല്ലെങ്കിൽ റി ഇൻഫോഴ്സ്മെന്റ് വഴി വളർത്തികൊണ്ടുവരുന്നതാണ്. അതുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വം സ്വഭാവ വൈകല്ല്യങ്ങൾ മാറ്റുന്നതിന് വ്യവഹാരവ്യതിയാന നവീകരണ (Behaviour modification techniques) തന്ത്രങ്ങൾ ഉപയോഗിക്കുകയാണ് വേണ്ടത്.

**സി) പഠനവൈകല്യങ്ങൾ (Learning disability)**

ഇക്കാലത്ത് എവിടേയും ഒരു പ്രധാന സംസാരവിഷയം പഠനവൈകല്യങ്ങളെ കുറിച്ചാണ്. നേരത്തെ സൂചിപ്പിച്ച രണ്ട് സ്വഭാവ വ്യതിയാനങ്ങളും പഠനവൈകല്യത്തിന്റെ ഭാഗമായി പൊതുവേ കാണപ്പെടുന്നു. എന്നാൽ അതിനപ്പുറം ജീവശാസ്ത്രപരമോ പാരിസ്തിതികമോ ആയ ഒരു കൂട്ടം ന്യൂനതകളുടെ ഫലമായി രൂപപ്പെടുന്ന ഒന്നാണ് പഠന വൈകല്യം. നിലവിൽ പഠനവൈകല്യം അംഗപരിമിതിയുടെ പരിധിയിൽ (Disability) ഉൾപ്പെടുത്തിയിട്ടുണ്ടെന്നത് അതിന്റെ ഗുരുതരാവസ്ഥയേയും വ്യാപനത്തേയും സൂചിപ്പിക്കുന്നു.

പൊതുവേ പറഞ്ഞാൽ തലചോറിനുണ്ടാകുന്ന പരിക്കുകളോ ബൗദ്ധീകവെല്ലുവിളികളോ മൂലമല്ലാതെ കുട്ടികൾക്കിടയിൽ കാണപ്പെടുന്ന പഠന പ്രശ്നങ്ങളെയാണ് പഠനവൈകല്യമെന്ന് വിളിക്കുന്നത്. ശ്രദ്ധ, ഭാഷണം, വായന, എഴുത്ത്, യുക്തിചിന്ത (Reasaning), ഗണിതം തുടങ്ങിയ പഠന പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിക്കുന്നു. എന്നാൽ ബുദ്ധിമാന്ദ്യം, അന്ധത, ബധിരത, വിഭ്രാന്തി തുടങ്ങിയ ഭിന്നശേഷി കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ പഠനവൈകല്യത്തിൽ ഉൾപ്പെടുകയില്ല. പഠനവൈകല്യമുള്ള കുട്ടികൾ പൊതുവേ ആരോഗ്യവാന്മാരും ബുദ്ധിനിലവാരം സാമാന്യ നിലയിൽ ഉള്ളവരുമാണ്. എന്നാൽ ബഹുമുഖ ബുദ്ധികളിൽ ചിലത് ഇവർക്ക് പരിമിതമായിരിക്കും. താഴെ പറയുന്ന ഒന്നിലധികം ന്യൂനതകൾ പഠനനൈപുണികളെ ഗണനീയമായി ബാധിക്കുന്ന ഒന്നാണ്.

1. Dyselexia – ഭാഷ കൈകാര്യം ചെയ്യുന്നതിൽ അനുഭവപ്പെടുന്ന പരിമിതി ( അക്ഷരം വാക്ക് വാചകം വായന തുടങ്ങിയവ തെറ്റായി ഉപയോഗിക്കുന്നു.)
2. Discalculia – ഗണിതന്യൂനതകൾ - അക്കങ്ങൾ മറിച്ചെഴുതുക, സങ്കലനക്രിയകൾ അപൂർണ്ണമാവുക വഴിതെറ്റിക്കുക, ക്രമഭംഗം വരുത്തുക തുടങ്ങിയ ന്യൂനതകൾ
3. Disgraphia – ജ്യോമതി ചിത്രങ്ങൾ വരക്കുക ഗ്രാഫ് രേഖപ്പെടുത്തുക തുടങ്ങിയവയിൽ അനുഭവപ്പെടുന്ന പരിമിതികൾ
4. Communication Disorder - ഭാഷാ പ്രയോഗിക്കുന്നതിനും ആശയങ്ങൾ ഗ്രഹിക്കുന്നതിനും അനുഭവപ്പെടുന്ന പരിമിതികൾ.
5. Coordination Deficit disorder –സൂഷ്മ പേശികൾ ഉപയോഗിച്ച് കോർക്കുക, ചിത്രം വരക്കുക നിറം കൊടുക്കുക തുന്നുക തുടങ്ങിയ പഠനാനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിമിതികൾ.

### ശൈശവകാലവികസനവും പ്രി-സ്കൂളും (Early Childhood Development)

കുട്ടികളുടെ വികാസത്തെകുറിച്ചും വികസന പ്രക്രിയകളെകുറിച്ചും നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും പ്രവചനീയമായ ഒരു വികസന രീതി ഉണ്ട്, അതോടൊപ്പം തനിമയാർന്ന വ്യത്യസ്ത രീതിയും ഉണ്ടാകും. പരമ്പരാഗതമായ സാഹചര്യനുഭവപ്രകാരം ഓരോ കുട്ടിയുടേയും വികസനത്തിന് വ്യത്യാസം വരുന്നുണ്ട്. വികാസത്തിന്റെ നാഴികകല്ലുകളെകുറിച്ചും വികസനഹേതുക്കളെകുറിച്ചും സൂചിപ്പിച്ചുകഴിഞ്ഞു. ഭക്ഷണവും പരിചരണവും കഴിഞ്ഞാൽ കുട്ടിയുടെ പ്രധാന ആവശ്യം ആദ്യക്കാല പഠനവും വ്യക്തിത്വവികസനവും ത്വരിതപ്പെടുത്തലുമാണ്. ഇത് സംബന്ധിച്ച കാഴപ്പാടുകൾ താഴെ കൊടുക്കുന്നു.

| |
|---|
| ശൈശവത്തിൽ ഒരു കുട്ടിക്ക് വൈവിദ്ധ്യമുള്ള ഉത്തേജകജനകമായ പഠനസാഹചര്യങ്ങളും അന്വേഷണ കൗതുകം വർദ്ധിപ്പിക്കുന്നതിനുള്ള ലഘു സംവിധാനങ്ങളുമുണ്ടെങ്കിൽ അവന്റെ വികാസം ത്വരിതപ്പെടും. |

- കുഞ്ഞ് ജനിക്കുമ്പോൾതന്നെ പഠിക്കാൻ തുടങ്ങുന്നു- പഠനാനുഭവങ്ങൾ ജനനംമുതൽതന്നെ ലാളനയിലും കളികളിലുമായി കുട്ടിക്ക് ലഭിക്കണം.
- കുട്ടിയുടെ ആദ്യത്തെ സാമൂഹ്യകേന്ദ്രം കുടുംബമാണ്. കുട്ടിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കുടുംബത്തിന് വലിയ പങ്ക് വഹിക്കാനുണ്ട്.
- ആദ്യക്കാല പരിചരണം നൽകുന്ന ശ്രദ്ധ പോഷണം തുടങ്ങിയവ കുട്ടിയുടെ അതിജീവനത്തിനും വളർച്ചക്കും വികാസത്തനും വഴിയൊരുക്കും (Survival Grouth and Development)
- കുട്ടിയുടെ ശാരീരിക പരിചരണത്തിന് ആവശ്യമായ ഘടങ്ങൾ ആഹാരം, ഉറക്കം, വിശ്രമം, വസ്ത്രം, കളി തുടങ്ങിയവയാണ്.


### ശിശുക്കളുടെ ആദ്യക്കാല ഉത്തേജനത്തിന്റെ പ്രാധാന്യം

- ശിശുക്കളുടെ ആദ്യക്കാല പഠാനുഭവങ്ങൾ ലാളനകൾ, കളി, ശ്രദ്ധ, താരാട്ട്, കാഴ്ചകൾ തുടങ്ങിയവയിൽ നിന്നും ആരംഭിക്കുന്നു.
- തന്റെ പരിമിതമായ ചുറ്റുപാടിൽ സുരക്ഷ പാലിച്ച് സ്വതന്ത്രമായി നടക്കാൻ കഴിയണം. ചുറ്റുപാടുകളെകുറിച്ച് കുട്ടി സ്വയം അറിയുകയാണ് പഠനത്തിന്റെ പ്രധാന തലം.
- കുട്ടികളുടെ ആദ്യക്കാല ഉത്തേജനം കാര്യക്ഷമമാക്കുന്നത് അമ്മയും പരിചരണസേവകരും കുട്ടിയോട് പ്രകടിപ്പിക്കുന്ന ബന്ധമാണ്.

### പ്രി-സ്കൂൾ വിദ്യാഭ്യാസം

ശിശുക്കൾക്ക് ആവശ്യമായ പഠന ഉത്തേജകപ്രവർത്തനങ്ങൽ കുടുംബത്തിൽതന്നെ ഏർപ്പെടുത്തുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിന്റെ അഭാവത്തിൽ കുട്ടിയുടെ മനോവികാസത്തിലും വൈകാരിക സാമൂഹിക വികാസത്തിലും കുറവുകൾ വന്നുചേരും. ഭാഷ പരിസ്തിതി ബോധം, സംഘബോധം, കൂട്ടായ കളികൾ തുടങ്ങിയവയെല്ലാം കുട്ടിക്ക് പ്രായാനുസൃതം ലഭിക്കേണ്ടതാണ്. പാഠപുസ്തക കേന്ദ്രീകൃതമായ പ്രൈവറ്റ് പ്രി-സ്കൂളുകൾ വിദ്യാലയങ്ങൾ കുട്ടികളുടെ നൈസർഗീക വികാസത്തിന് അനുയോജ്യമല്ലാത്ത രീതികളാണ് പിൻതുടരുന്നത്. അസ്വതന്ത്രമായ ഇത്തരം രീതികൾ പിൽക്കാലത്ത് പല കുട്ടികളുടേയും വ്യക്തിത്വവികാസത്തെ ബാധിക്കാൻ സാധ്യതയുണ്ട്. മാത്രമല്ല ഈ സ്ഥാപനങ്ങളുടെ ചിലവും കൂടുതലാകയാൽ പല കുടുംബങ്ങൾക്കും കുട്ടികളെ പ്രസ്തുത സ്ഥാപനങ്ങളിലേക്ക് അയക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഇതാകട്ടെ പല കുട്ടികൾക്കും അവർക്ക് അനിവാര്യമായ പ്രി- സ്കൂൾ പഠനം ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കും. കുട്ടികൾക്ക് പഠനത്തേക്കാൾ പ്രാധാന്യം പോഷണത്തിനാണ്. സ്വകാര്യസ്ഥാപനങ്ങളിൽ പോഷണം ലഭ്യമല്ലാത്തതും മറ്റൊരു പ്രശ്നമാണ്. അതുകൊണ്ട്തന്നെ കുട്ടികൾക്ക് അഭികാമ്യമായ സംവിധാനം ശൈശവകാലപരിചരണവും വിദ്യാഭ്യാസവും (ECCE)ഒരുക്കുന്ന അങ്കണവാടികളാണ്. ഈ കേന്ദ്രങ്ങളുടെ പരിമിതികൾ ഇല്ലാതാക്കുന്നതിനുള്ള ശ്രമം കുട്ടികളുടെ ശൈശവകാല വികസനത്തെ സമ്പൂർണ്ണമായി സ്വാധീനിക്കും.

**ശൈശവകാലപരിചരണവും വിദ്യാഭ്യാസവും- പ്രവർത്തന ഭൂമിക**



# അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനായി കില സമർപ്പിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.1413/2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 05.04..2016.

---

പരാമർശം:- 1. കില ഡയറക്ടറുടെ 30.10.2015 ലെ കില /സി.ആർ.സി/146/2015 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06.01.2016 ലെ 2.9 നമ്പർ തീരുമാനം.

ഉത്തരവ്

കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം കില സമർപ്പിച്ച, ഇതോടൊപ്പം ഉള്ളടക്കം ചെയ്ത മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കില
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം,
സാമൂഹ്യക്ഷേമ വകുപ്പ് , തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## കുട്ടികളുടെ സമഗ്ര വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ

### 1. ആമുഖം

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അതിനാവശ്യമായ സേവനങ്ങളും സൗകര്യങ്ങളും അവർക്ക് പ്രാപ്യമാക്കുക എന്നത് എല്ലാ കാലത്തും സമൂഹം ഏറ്റെടുക്കേ ചുമതലയാണ്. സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ കേരളം ഏറെ പുരോഗതി നേടിയെങ്കിലും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽപല രംഗങ്ങളിലും ഗുരുതരമായ വീഴ്ച്ച വരുത്തുന്നു. കേരളത്തിലെ കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സമഗ്ര വികസന സമീപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപം കൊള്ളേ ിയിരിക്കുന്നു.

### 2. സമഗ്ര വികസന സമീപനത്തിന്റെ പ്രാധാന്യം

ഗർഭാവസ്ഥയിലുള്ള ശിശു മുതൽ പതിനെട്ട് വയസ് വരെയുള്ളവരെയാണ് നാം കുട്ടികൾ എന്ന് നിർവചിക്കുന്നത്. സർവ്വ ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ അവകാശപ്രഖ്യാപന രേഖയിലെ (UNCRC) നാലു സുപ്രധാന അവകാശങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്നതാവണം സമഗ്ര വികസന പരിപാടിയുടെ ലക്ഷ്യം. അതിജീവനം (ആരോഗ്യം, ശുചിത്വം), വികസനം (പോഷകാഹാരം, വിദ്യാഭ്യാസം), സംരക്ഷണം (സാമൂഹ്യ സുരക്ഷിതത്വം), പങ്കാളിത്തം (കുട്ടികളുടെ പങ്കാളിത്തവും പശ്ചാത്തല സൗകര്യങ്ങളും) എന്നിവയാണ് കുട്ടികളുടെ 4 അവകാശങ്ങൾ. കുട്ടികൾക്ക് വേ ിയുള്ള സേവനങ്ങളും പ്രവർത്തനങ്ങളും ഏതെങ്കിലും ഒരു വിഷയ മേഖലയിലോ വകുപ്പിലോ ഏജൻസിയിലോ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

രക്ഷിതാക്കളുടെ മദ്യപാനം, ആത്മഹത്യാ പ്രവണത, മാനസിക ആരോഗ്യ കുറവ്, കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാന - മയക്കുമരുന്ന് ശീലങ്ങൾ, സൈബർ ക്രൈം, കുടിവെള്ള മലിനീകരണവും ജലജന്യരോഗങ്ങളും, പ്രവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഢനവും, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യ ആവശ്യങ്ങൾ തുടങ്ങിയ കേരളത്തിലെ കുട്ടികൾ അഭിമുഖീകരിക്കുന്ന ര ാം തലമുറ പ്രശ്നങ്ങൾക്ക് പരിഹാരം മേഖലാതല സമീപനം കൊ ് (Sectoral Approach) സാധ്യമല്ല. കുട്ടികൾ നേരിടുന്ന ബഹുമുഖ പ്രശ്നങ്ങൾക്ക് സംയോജിതമായ ശ്രമങ്ങൾ ആവശ്യമായതിനാൽ വിവിധ മേഖലകളിൽ നിരന്തരം ഇടപെടുവാൻ സാധ്യതയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആയിരിക്കണം കുട്ടികളുടെ സമഗ്ര വികസനത്തിന് രൂപവും നേതൃത്വവും നൽകേ ത്.

### 3. പ്രാദേശിക സർക്കാരുകളുടെ സാധ്യതകൾ

പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ കുട്ടികളുടെ സമഗ്ര വികസന പ്രവർത്തനത്തിന് സാധ്യതകൾ ഏറെയാണ്. വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലൂടെയും പഞ്ചായത്തീരാജ് - മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം നിക്ഷിപ്തമായ ചുമതലകളുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ വികസനത്തിനായി പല മേഖലകളിലും പ്രവർത്തനങ്ങൾ ഏറ്റെടു

ക്കാനും ഫ ് വകയിരുത്താനും അവസരമു ്. ഇതോടൊപ്പം കുട്ടികൾക്ക് വേ ി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേതായ നിരവധി പദ്ധതികളും നിലവിലു ്. കുട്ടികൾക്ക് വേ ി പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളും (അങ്കണവാടി, സ്കൂൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതലായവ) അവയിലെ ഉദ്യോഗസ്ഥരുമെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. വികേന്ദ്രീകൃത ഭരണ സംവിധാനത്തിലൂടെ കൈവന്ന ഈ സാധ്യതകൾ ഉപയേഗപ്പെടുത്തി കുട്ടികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ രൂപപ്പെടുത്താൻ വളരെ വിപുലമായ സാധ്യതകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ളത്.

**4. തദ്ദേശ സ്വയംഭരണ സർക്കാറുകൾക്കുള്ള മാർഗ്ഗരേഖയുടെ പ്രാരംഭം**

മാതൃ ശിശു ആരോഗ്യം ,ശിശുവികസനം, വിദ്യാഭ്യാസം തുടങ്ങി അനിവാര്യമായ പല സേവനങ്ങളും വിവിധ വകുപ്പുകളിലായി പരസ്പര ബന്ധമില്ലാതെ നിലകൊള്ളുമ്പോൾ കുട്ടികളുടെ വികസനത്തിനായി ഒരു സമഗ്ര കാഴ്ചപ്പാടിനുള്ള സാധ്യത കുറവാണ്. കുട്ടികൾക്കായുള്ള 2004 ലെ കർമ്മപദ്ധതിയും പ്രാദേശിക സംയോജനത്തിന്റെ അഭാവത്താൽ പൂർണ്ണത കൈവരിച്ചില്ല. ഈ സന്ദർഭത്തിലാണ് യൂണിസെഫിന്റെ സഹായത്തോടെ കിലയിൽ ചൈൽഡ് റിസോഴ്സ് സെന്റർ 2011 ൽ ആരംഭം കുറിച്ചത്. വിദഗ്ദ്ധ നിർദ്ദേശത്തെ തുടർന്ന് ശില്പശാലകൾ നടത്തി തദ്ദേശഭരണ സ്ഥാനപങ്ങൾക്കായി കുട്ടികളുടെ സമഗ്രവികസന പദ്ധതി എന്ന പരിശീലന കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം നൽകുകയു ായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുട്ടികൾക്കായി സമഗ്രവികസന പദ്ധതി രൂപം നൽകുന്നതിന് എല്ലാ വകുപ്പുകളുടെയും സേവനങ്ങളെ പ്രാദേശിക തലത്തിൽ ഏകോപിപ്പിക്കേ തിന്റെ ആവശ്യകത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചൂ ിക്കാണിക്കുകയു ായി. ഇതോടൊപ്പം സമഗ്ര വികസന കാഴ്ച്ചപ്പാടോടു കൂടി പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും ഏകോപനപ്രവർത്തനങ്ങൾക്കുമായി മാർഗ്ഗരേഖ സർക്കാർ ഉത്തരവായി പുറപ്പെടുവിക്കേ താണെന്ന നിർദ്ദേശവും ഉ ായി.. ഈ സാഹചര്യത്തിലാണ് കുട്ടികളുടെ അവകാശ പ്രഖ്യാപന രേഖയും വകുപ്പുകളുടെ വിവിധ സേവനങ്ങളെയും ഒരേ പോലെ കോർത്തിണക്കി കൊ ് കുട്ടികളുടെ സമഗ്രവികസനത്തിനായി തദ്ദേശസ്വയംഭരണ. സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ കില തയ്യാറാക്കിയിട്ടുള്ളത്.

## 5. കുട്ടികൾക്ക് വേ ിയുള്ള പ്രവർത്തനങ്ങൾ

കുട്ടികൾക്ക് വേ ി തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന ആറ് വിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്. ഓരോ വിഭാഗങ്ങളിലും ചെയ്യേ തായ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ തുടർന്ന് നൽകിയിരിക്കുന്നു.

- ആരോഗ്യം, ശുചിത്വം
- പോഷകാഹാരം
- വിദ്യാഭ്യാസം
- സാമൂഹ്യ സുരക്ഷിതത്വം
- പങ്കാളിത്തം, വികസനം
- പശ്ചാത്തല സൗകര്യങ്ങൾ, സേവന ഗുണമേന്മ

## 5.1 – ആരോഗ്യം, ശുചിത്വം

**5.1.1 ഗർഭിണികളുടെയും ശിശുക്കളുടെയും ആരോഗ്യം**

- 100% ഗർഭിണികളുടേയും രജിസ്ട്രേഷനും അവർക്കുള്ള അടിസ്ഥാന സേവനങ്ങളും ഉറപ്പാക്കുക
- ഗർഭസ്ഥ ശിശു ലിംഗ നിർണ്ണയ നിരോധന നിയമം പൂർണ്ണമായും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുക
- ശിശു-ബാല മരണങ്ങൾ ഇല്ലാതാക്കുന്നതിന് ലഭ്യമായ മുഴുവൻ സേവനങ്ങളും പരിപാടികളും സമഗ്രമായി സംയോജിപ്പിക്കുക
- പ്രതിരോധ മരുന്നുകളുടേയും വിളർച്ച തടയുന്നതിനുള്ള മരുന്നുകളുടേയും ലഭ്യതയും (IFA tablets) വിതരണവും ഉറപ്പ് വരുത്തുക
- ഗർഭകാലത്ത് നടത്തേ 5 തവണത്തെ മെഡിക്കൽ പരിശോധന ഉറപ്പ് വരുത്തുക.
- അപകടാവസ്ഥയിലുള്ള ഗർഭിണികൾക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ ലഭ്യമാണെന്ന് ഉറപ്പാക്കുക
- 100% കുട്ടികൾക്കും ബൂസ്റ്റർ ഡോസ് ഉൾപ്പെടെ പ്രതിരോധ കുത്തിവെപ്പുകൾ/മരുന്നുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുക
- പട്ടികജാതി/പട്ടികവർഗ തീരദേശ മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ നൽകാനുതകുന്ന തരത്തിലേക്ക് സൗകര്യം (മരുന്ന്, കിടത്തി ചികിത്സ ഉൾപ്പെടെ) ഉയർത്തിക്കൊ ്വരിക
- ഗുരുതരമായ വളർച്ചാക്കുറവ് നേരിടുന്ന കുട്ടികൾക്ക് ചികിത്സാ പോഷണ ഭക്ഷണം (Theraputic nutrition) ലഭ്യമാക്കുക.
- അങ്കണവാടി പ്രദേശത്ത് 5 വയസിന് താഴെയുള്ള എല്ലാ കുട്ടികളേയും മൂന്ന് മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തുക. അവർക്ക് ഹെൽത്ത്കാർഡ് ലഭ്യമാക്കുക
- കുട്ടികൾക്കായി കാലേകൂട്ടിയുള്ള വൈകല്യ നിർണ്ണയ (early detection) പരിശോധന സംഘടിപ്പിക്കുക.
- ഗർഭസ്ഥ സ്ത്രീകൾക്ക് ന്യൂട്രീഷ്യൻ കൗൺസിലിംഗിനൊപ്പം പ്രസവ തയ്യാറെടുപ്പുകൾ, നവജാത ശിശു പരിചരണം, ശുചിത്വം എന്നിവയിൽ അവബോധം സൃഷ്ടിക്കുക.

**5.1.2 ബാല സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ**

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അവയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലും താഴെപ്പറയുന്ന ബാല സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേ താണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ഫ ുകൾക്ക് പുറമെ എൻ.എച്ച്.എം. ഫ ും ഈ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

- ഗർഭിണികൾക്കും കുട്ടികൾക്കും പരിശോധനക്കും ചികിത്സക്കും ആവശ്യമായ ഉപകരണങ്ങളും പ്രത്യേക പരിശോധനാ മുറിയും ആവശ്യമായ മറ്റു സംവിധാനങ്ങളും ഒരുക്കുക

- ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഒരുക്കുക
- മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേക സൗകര്യം ഒരുക്കുക
- ആരോഗ്യ സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊ മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക ക്ലിനിക്കുകളും (നിശ്ചിത ദിവസങ്ങളിൽ) കൗൺസിലിംഗ് സൗകര്യങ്ങളും ഒരുക്കുക
- കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നൽകുന്ന സേവനങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുക
- വേദനരഹിത (Painless)കുത്തിവെപ്പ് പ്രചരിപ്പിക്കുക
- ഡോക്ടർമാർക്കും ഹെൽത്ത് സ്റ്റാഫിനും താമസിക്കാനുള്ള ക്വോർട്ടേഴ്സ് സജ്ജീകരിക്കുക

### 5.1.3 ആരോഗ്യ വിദ്യാഭ്യാസം

- ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ അങ്കണവാടികളിൽ വച്ച് അമ്മമാർ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/ കൗമാരപ്രായക്കാരായ ആൺകുട്ടികൾ എന്നിവർക്ക് പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുക.
- സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ആവശ്യമായ ആരോഗ്യ വിദ്യാഭ്യാസം നൽകുക. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുറമെ അദ്ധ്യാപകരെയും ഇതിനായി ചുമതലപ്പെടുത്താവുന്നതാണ്.
- SSA യുടേയും DIET ന്റേയും സഹകരണത്തോടെ അദ്ധ്യാപക പരിശീലനത്തിൽ ആരോഗ്യ വിദ്യാഭ്യാസം എന്ന വിഷയം ഉൾപ്പെടുത്തി അദ്ധ്യാപകർക്ക് പരിശീലനം നൽകുക.

### 5.1.4 ശുചിത്വം, കുടിവെള്ളം

കുട്ടികളുടെ ആരോഗ്യപരമായ ജീവിതത്തിന് അതിപ്രധാനമായ ഒന്നാണ് ശുചിത്വം. ശുചിത്വമുള്ള പരിസരവും ശുദ്ധജലവും കുട്ടികളുടെ അവകാശമാണ്. ഈ അവകാശം ഉറപ്പാക്കേ ത് പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്. ഇതിനായി താഴെപ്പറയുന്നവ അനിവാര്യമായും ചെയ്യേ താണ്.

- ഖരമാലിന്യങ്ങൾ ശേഖരിക്കുക, സംസ്ക്കരിക്കുക
- സാംക്രമിക രോഗവാഹികളായ കൊതുക്, ഈച്ച തുടങ്ങിയവയെ നിയന്ത്രിക്കുക
- ചേരികൾ, പട്ടികജാതി /പട്ടികവർഗ മേഖല, തീരദേശം തുടങ്ങിയ മേഖലകളിൽ അനുയോജ്യമായ ശുചിത്വ സംവിധാനങ്ങളും ശുദ്ധജല വിതരണവും ഏർപ്പെടുത്തുക

- വീടുകളിലും പൊതു സ്ഥലങ്ങളിലും സെപ്റ്റിക് ടാങ്കുള്ള കക്കൂസുകളാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുക
- പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും സഹകരിപ്പിച്ചുകൊ ് പ്രാദേശിക തലത്തിൽ കുടിവെള്ള ഗുണമേന്മ പരിശോധന (അനുയോജ്യമായ ഇടവേളകളിൽ) നടത്തുക.

## 5.2 - പോഷകാഹാരം

### 5.2.1 അങ്കണവാടി പോഷകാഹാരം

ഗർഭാവസ്ഥയിലുള്ള ശിശു തൊട്ട് 18 വയസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അതാത് പ്രായത്തിനനുസരിച്ചുള്ള പോഷകാഹാരം ലഭിക്കുന്നതിന് താഴെപ്പറയുന്നവ ഉറപ്പുവരുത്തേ താണ്.

- ഗർഭിണികളായ മുഴുവൻ സ്ത്രീകൾക്കും മുലയൂട്ടുന്ന മുഴുവൻ അമ്മമാർക്കും, 6 മാസം മുതൽ 6 വയസ് വരെയുള്ള അർഹരും ആവശ്യക്കാരുമായ മുഴുവൻ കുട്ടികൾക്കും ,കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നു ന്ന് ഉറപ്പാക്കുക
- അങ്കണവാടിലെവൽ മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നു ന്ന് ഉറപ്പു വരുത്തുക

### 5.2.2 സ്കൂൾ ഉച്ചഭക്ഷണ പരിപാടി

സർക്കാർ -എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കായി (പ്രീ-പ്രൈമറി വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഉൾപ്പെടെ) വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന സ്കൂൾ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേ താണ്.

- മുഴുവൻ സ്കൂളുകളിലും വൃത്തിയുള്ളതും സുരക്ഷിതവുമായ അടുക്കള, ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറി, ആവശ്യത്തിനുള്ള പാത്രങ്ങൾ, ഭക്ഷണം കഴിക്കുന്നതിനും കൈകഴുകുന്നതിനുമുള്ള സൗകര്യങ്ങൾ, കുടിവെള്ള സൗകര്യം, അഴുക്ക് വെള്ളം കെട്ടികിടക്കാതിരിക്കാൻ വേ ക്രമീകരണങ്ങൾ തുടങ്ങിയവ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന വിധം ഉറപ്പു വരുത്തുക. പാചകക്കാർ രോഗബാധിതരല്ലാത്തവരും പരിശീലനം ലഭിച്ചവരും ആയിരിക്കണം. സർക്കാർ സ്കൂളുകളിൽ ഈ സൗകര്യങ്ങളെല്ലാം പി.ടി.എ ഫ ും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫ ും വിനിയോഗിച്ച് അതാത് തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തേ താണ്. എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ, മാനേജ്മെന്റ് എന്നിവയെ പ്രേരിപ്പിച്ച് ഉച്ചഭക്ഷണ പരിപാടിയുടെ ഗുണനിലവാരം ഉറപ്പാക്കുക.
- കൃഷിക്ക് അനുയോജ്യമായ സ്ഥല സൗകര്യമുള്ള എല്ലാ അങ്കണവാടികളിലും സ്കൂളുകളിലും കൃഷിഭവന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ കുട്ടികളുടെ നേതൃത്വ

ത്തിൽ പച്ചക്കറി തോട്ടങ്ങൾ ഉ ാക്കുകയും ലഭിക്കുന്ന പച്ചക്കറികൾ അങ്കണവാടി/സ്കൂൾ ഭക്ഷണത്തിന്റെ ഭാഗമാക്കുകയും ചെയ്യുക.

### 5.2.3 കുട്ടികളുടെ പോഷക നിലവാരം ഉയർത്തൽ

- കൗമാരക്കാരായ കുട്ടികളിലെ വിളർച്ച ഇല്ലാതാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള **WIFS** പരിപാടി മുഖേനയുള്ള **IFA** ടാബ്ലറ്റ് വിതരണവും ഉപയോഗവും ഉറപ്പു വരുത്തുക.
- പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ലഭ്യത, അളവ്, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനതല പൊതുവിതരണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

### 5.2.4 അങ്കണവാടി– ഭൗതിക സൗകര്യങ്ങൾ

ദേശീയതലത്തിലും സംസ്ഥാനതലത്തിലും അങ്കണവാടികൾക്ക് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡിന് അനുസൃതമായി വേ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേ താണ്. ഇതിനാവശ്യമായ തുക വികസന ഫ ്, മെയിന്റനൻസ് ഫ ്, ലോക ബാങ്ക് സഹായം) തുടങ്ങി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിവിധ ഫ ുകളിൽ നിന്ന് ക ത്താവുന്നതാണ്.

- മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായ കെട്ടിടം നിർമ്മിക്കുക.
- സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് ആവശ്യമായ ഭൂമി വാങ്ങി പുതിയ കെട്ടിടം നിർമ്മിക്കുക.
- കുട്ടികൾക്ക് ആനുപാതികമായ വിസ്തൃതി കെട്ടിടത്തിനു ന്നും അങ്കണവാടികൾക്ക് ക്ലാസ് മുറി, സ്റ്റോർമുറി, അടുക്കള എന്നിങ്ങനെ ചുരുങ്ങിയത് മൂന്ന് മുറിയെങ്കിലും ഉ ന്നും ഉറപ്പുവരുത്തുക.
- മുഴുവൻ അങ്കണവാടികളിലും കുടിവെള്ള ലഭ്യതയും കുട്ടികൾക്കാനുപാതികമായി ടോയ്ലെറ്റുകളും ഉറപ്പാക്കുക
- മുഴുവൻ അങ്കണവാടികളിലും ചുറ്റുമതിൽ കളിസ്ഥലം, ശിശുസൗഹൃദ കളിയുപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ ഉറപ്പാക്കുക.
- ഘട്ടം ഘട്ടമായി എല്ലാ അങ്കണവാടികളേയും മോഡൽ അങ്കണവാടികളുടെ നിലവാരത്തിലേക്ക് ഉയർത്തുക. ശിശുക്കൾ, കൗമാര പ്രായക്കാർ, വയോജനങ്ങൾ എന്നീ മൂന്നു തലമുറയിൽപെട്ടവരുടെയും സംഗമ വേദിയായി മോഡൽ അങ്കണവാടികളെ വികസിപ്പിക്കുക.

മുകളിൽ പറഞ്ഞവ ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും ചുമതലയിൽപ്പെട്ടവയാണെങ്കിലും ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, പുതിയ കെട്ടിട നിർമ്മാണം എന്നിവ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് തനിച്ചും സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്.

## 5.3 -വിദ്യാഭ്യാസം

### 5.3.1 പ്രീ പ്രൈമറി വിദ്യാഭ്യാസം

- 3-5 പ്രായത്തിലുള്ള മുഴുവൻ കുട്ടികളും പ്രീ സ്കൂളുകളിൽ (അങ്കണവാടി/മറ്റ് പ്രീ സ്കൂളുകൾ) ചേരുന്നുെ ന്ന് ഉറപ്പുവരുത്തുക.
- അങ്കണവാടികളിലെ പഠന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും തലമുറകൾ തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും വേ ി സേവന സന്നദ്ധരായ മുതിർന്നവരെ (സർവീസിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥർ ഉൾപ്പെടെ) ഉൾപ്പെടുത്തിക്കൊ് ഒരു റിസോഴ്സ് ഗ്രൂപ്പ് ഓരോ അങ്കണവാടി തലത്തിലും രൂപീകരിക്കുക.
- മെച്ചപ്പെട്ട പഠനാന്തരീക്ഷവും പഠനോപകരണങ്ങളും ഭൗതിക സൗകര്യങ്ങളും അംഗൻവാടികളിൽ ലഭ്യമാക്കുക.
- അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് നിശ്ചിത യോഗ്യത ഉ ന്ന് ഉറപ്പു വരുത്തുക.

### 5.3.2 സ്കൂൾ വിദ്യാഭ്യാസം

മുഴുവൻ കുട്ടികളും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും ഓരോ കുട്ടിയും മിനിമം നിലവാരം ആർജ്ജിക്കുന്നതിനും താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേ താണ്.

- സ്കൂൾ ബാഗിന്റെ ഭാരം വിദ്യാർത്ഥിയുടെ പ്രായത്തിനനുസരിച്ച് ക്രമീകരിക്കുക
- 5 വയസ് പൂർത്തീകരിച്ച എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നു ് എന്നും ഒരു കുട്ടിയും പഠനം ഇടയ്ക്ക് വെച്ച് നിർത്തുന്നില്ലെന്നും ഉറപ്പുവരുത്തുക.
- വിദ്യാലയ ആരോഗ്യ പരിശോധന പരിപാടി ക്രമമായി നടക്കുന്നുെ ന്ന് ഉറപ്പാക്കുക.
- എല്ലാ വിദ്യാലയങ്ങളുടെ പരിസരവും പുകയില, മദ്യ മയക്കു മരുന്ന് വിമുക്ത പ്രദേശമായി പ്രഖ്യാപിക്കുക.
- എല്ലാ വിദ്യാലയങ്ങളിലും തിളപ്പിച്ചാറിയ/ഫിൽറ്റർ ചെയ്ത കുടിവെള്ളം ഉറപ്പു വരുത്തുക.
- ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ, വിദ്യാഭ്യാസ വകുപ്പ്, SSA, DIET, RMSA എന്നിവയുടെ പങ്കാളിത്തത്തോടെ ജില്ലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സ്കൂൾ മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി ജീവിതനൈപുണ്യ വിദ്യാഭ്യാസവും കൗൺസെലിംഗ് സൗകര്യവും എല്ലാ ഹൈസ്ക്കൂൾ-ഹയർ സെക്കന്ററി സ്കൂളുകളിലും ലഭ്യമാക്കുക. നിലവിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാകാത്തിടങ്ങളിൽ പി.ടി.എ. യുടെ സഹായത്തോടെ കൗൺസിലറുടെ സേവനം ലഭ്യമാക്കുക.
- വിദ്യാലയങ്ങളിൽ ആവശ്യത്തിനുള്ള അദ്ധ്യാപകരുെ ന്ന് ഉറപ്പുവരുത്തുക.

### 5.3.3 വിദ്യാലയ ഭൗതിക സൗകര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ നിയന്ത്രണത്തിലുള്ള മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലും താഴെപ്പറയുന്നവ ലഭ്യമാക്കാൻ വേ   നടപടികൾ സ്വീകരിക്കേ   താണ്.

- ആവശ്യത്തിനുള്ള ക്ലാസ്മുറികൾ, ഓഫീസ് മുറി, സ്റ്റാഫ് മുറികൾ, ഫർണ്ണീച്ചർ
- ലൈബ്രറി-ലബോറട്ടറി, കമ്പ്യൂട്ടർ മുറികളും അവയിൽ ആവശ്യമായ സാധന സാമഗ്രികളും
- അടുക്കള, ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറി, ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യങ്ങൾ
- ചുറ്റുമതിൽ, കളിസ്ഥലം, കളിയുപകരണങ്ങൾ
- കുട്ടികളുടെ ലൈബ്രറി
- വിവിധ കലാ-സാംസ്ക്കാരിക-സാഹിത്യ - ആരോഗ്യ - പരിസ്ഥിതി ക്ലബ്ബുകൾ
- ആൺ-പെൺ കുട്ടികൾക്ക് വെവ്വേറെ മൂത്രപ്പുര, കക്കൂസ് (കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി) എന്നിവയും അവയുടെ ശുചീകരണവും വെള്ളത്തിന്റെ ലഭ്യതയും ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളും
- ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായി തടസ്സ വിമുക്ത സജ്ജീകരണങ്ങൾ
- കുടിവെള്ള സൗകര്യം, പാത്രം കഴുകുന്നതിനും കൈകഴുകുന്നതിനുമുള്ള സൗകര്യങ്ങൾ.

എയ്ഡഡ്-അൺ എയ്ഡഡ് വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ഉ   എന്ന് ഉറപ്പാക്കേ   താണ്. മാനേജ്മെന്റിന്റേയും പി.ടി.എ. യുടേയും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ലഭ്യമാക്കാൻ കഴിയുന്ന ഫ   ിന്റെയും സഹായത്തോടെ ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ   താണ്. എസ്.എസ്.എ, ആർ.എം.എസ്.എ, തുടങ്ങി ലഭ്യമാക്കാൻ കഴിയുന്ന എല്ലാ ഫ   ുകളും ഈ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

## 5. 4 -സാമൂഹ്യ സുരക്ഷിതത്വം

### 5.4.1 അതിക്രമങ്ങൾ, പീഢനങ്ങൾ, ചൂഷണങ്ങൾ തടയൽ

"കുട്ടികൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വമുള്ള ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ" എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേ താണ്.

- അതിക്രമങ്ങൾ, പീഢനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും എല്ലാ കുട്ടികൾക്കും പരിരക്ഷ ലഭിക്കുന്നുെ ന്ന് ഉറപ്പാക്കുക. കുട്ടികളുടെയും വനിതകളുടെയും അവകാശങ്ങളും സുരക്ഷയും ഉറപ്പാക്കുവാനായി സംസ്ഥാന ബാലാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ എന്നീ സംവിധാനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുക.
- സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീമിന്റെ ഭാഗമായുള്ള ചൈൽഡ് വെൽഫെയർ കമ്മറ്റി, ചൈൽഡ് ലൈൻ, എന്നിവയുടെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ പ്രയോജനപ്പെടുത്തി കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുക.
- അപായ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ ക ത്തി (Vulnerability Mapping നടത്തി) ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുക. ഇതിനായി ക്രൈംമാപ്പിംഗ് പോലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് തുടർ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
- അപകട സാധ്യതയുള്ള പ്രദേശങ്ങളിൽ കുട്ടികളുടെ അവകാശ സാക്ഷരത, നിയമ സാക്ഷരത, കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സഹായത്തിനുമുള്ള സ്ഥാപനങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ തുടങ്ങിയവ ലഭ്യമാക്കുക.
- ബാല വിവാഹ രഹിത പ്രദേശം ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- ഒരു കുഞ്ഞും ഉപേക്ഷിക്കപ്പെടാതിരിക്കാൻ വേ ശ്രദ്ധയും മുൻകരുതലും കൈക്കൊള്ളുക. ഉപേക്ഷിപ്പെട്ട അവസ്ഥ ഉ ായാൽ ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മറ്റി എന്നിവ വഴി സഹായം ലഭ്യമാക്കുക.
- ബാലഭവനങ്ങളിൽ (അനാഥാലയങ്ങൾ ഉൾപ്പെടെ) താമസിക്കുന്ന കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നില്ല എന്ന് പഞ്ചായത്ത് പ്രസിഡ ് അംഗമായിട്ടുള്ള ഓർഫനേജ് മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പാക്കുക
- കുട്ടികളുടെ അനാഥത്വം ഇല്ലാതാക്കുന്നതിന് Adoption, Foster care, Sponsorship തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
- കേരള സ്റ്റേറ്റ് ലീഗൽ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ എല്ലാ ഹൈസ്കൂളുകളിലും ഹയർ സെക്ക റി സ്കൂളുകളിലും നിയമ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

- വാർഡ്തലത്തിലും ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിലും ജാഗ്രതാ സമിതി പ്രവർത്തനം ശക്തിപ്പെടുത്തുക
- പൊതുസമൂഹത്തിന്റെ കുട്ടികളോടുള്ള പെരുമാറ്റവും സമീപനവും സൗഹൃദപൂർണ്ണമാക്കുന്നതിനുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക, പോസ്റ്ററുകൾ പ്രദർശിപ്പിക്കുക.
- വിദ്യാലയ പരിസരങ്ങളിൽ പുകയില ഉല്പന്നങ്ങൾ, മയക്കുമരുന്ന്, മദ്യം തുടങ്ങിയവ ഒരിക്കലും വില്പന നടത്തുന്നില്ല (സീറോസോൺ) എന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ ഉറപ്പു വരുത്തുക.

### 5.4.2 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പരിരക്ഷ

ശാരീരിക മാനസിക വൈകല്യങ്ങൾ ഉ ാകാതിരിക്കുന്നതിനും (Prevention) പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ സേവനങ്ങളും സജ്ജീകരണങ്ങളും ഉറപ്പു വരുത്തുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

- കാലേകൂട്ടിയുള്ള വൈകല്യ നിർണ്ണയ പരിശോധനയും ഇടപെലുകളും നടത്തുക
- സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും എല്ലാവർക്കും ലഭ്യമാക്കുക
- അർഹരായ എല്ലാ കുട്ടികൾക്കും പ്രതിമാസ/വാർഷിക ബത്തകൾ/സ്കോളർഷിപ്പുകൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമാക്കുക. (ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളുമാണ് ഇത് ചെയ്യേ ത്).
- എല്ലാ പൊതു സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക.
- പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്കും പൊതു വിദ്യാലയങ്ങളിൽ പോകാത്തവർക്കും IEDC യുടെ ഭാഗമായി ലഭ്യമാക്കാൻ കഴിയുന്ന ഉപകരണങ്ങൾ ലഭ്യമാക്കുക. ഇങ്ങനെ ലഭ്യമാക്കാൻ കഴിയാത്തവ തദ്ദേശഭരണ സ്ഥാപനം ലഭ്യമാക്കുക. . ഇതിനായി ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പുകൾ ബ്ലോക്ക്/മുനിസിപ്പാലിറ്റിതലത്തിൽ നടത്തേ താണ്.
- ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചുക്കൊ ് ഈ വിഭാഗത്തിൽപ്പെട്ടവർക്കായി BUDS സ്കൂളുകൾ സ്ഥാപിച്ച് നടത്തുക.
- ജില്ലയിലെ വൈകല്യ നിയന്ത്രണ ഇടപെടൽ കേന്ദ്രങ്ങൾ (District Early Intervention Centre), മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ജില്ലാതല കേന്ദ്രം എന്നിവയുടെ

പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. (ജില്ലാ പഞ്ചായത്തു കളാണ് ഇത് നടത്തേ ത്).

### 5.4.3 പട്ടികജാതി വിഭാഗം കുട്ടികൾ

പ്രാദേശികമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള താഴെ പറയുന്ന നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേ താണ്.

- പ്രീ മെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സൗകര്യങ്ങളും നടത്തിപ്പും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേ താണ്.
- പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കൗമാര ക്ലബ്ബുകൾ രൂപീകരിക്കുക.
- ഹോസ്റ്റലുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.
- പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക

### 5.4.4 പട്ടികവർഗ വിഭാഗം കുട്ടികൾ

അതാത് പ്രദേശത്ത പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേ താണ്.

- ദുർഘട വനമേഖലകളിൽ സീസണൽ തൊഴിലുകൾക്കായി കൂട്ടത്തോടെ പോകുന്ന ആദിവാസി കുടുംബങ്ങളിലെ കുട്ടികൾക്ക് ഭക്ഷണ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ തദ്ദേശ സ്വയംഭരണ സർക്കാരുകൾ നടപടി സ്വീകരിക്കുക.
- ആദിവാസ വിഭാഗങ്ങളിൽ നടക്കുന്ന പെൺകുട്ടികളുടെ കൗമാര വിവാഹം, പെൺകുട്ടികൾ കൗമാര കാലത്ത് പാലിക്കുന്ന അനാരോഗ്യപരമായ ആചാരങ്ങൾ എന്നിവ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
- പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളിൽ ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും ഉറപ്പുവരുത്തുക അവ വൃത്തിയായി പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
- സാമൂഹ്യനീതി വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി അങ്കണവാടികൾ ഇല്ലാത്ത വിദൂരമായ പട്ടികവർഗ ഊരുകളിൽ മിനി അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
- വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.
- പട്ടിക വർഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിൽ കൗമാര ക്ലബ്ബുകൾ രൂപീകരിക്കുക.

- പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കു ക.

**5.4.5 അഗതി കുടുംബങ്ങളിലെ കുട്ടികൾ**

- ശരിയായ പരിചരണവും സംരക്ഷണവും ലഭിക്കാൻ സാധ്യതയില്ലാത്ത അഗതി കുടുംബങ്ങ ളിലെ കുട്ടികൾക്ക് അങ്കണവാടികൾ മുഖേനയും ആശ്രയ പദ്ധതി പ്രകാരവും പ്രത്യേക പരി രക്ഷ നൽകുക.

**5.4.6 തീരദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ**

- തീരദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ട്രോളിംഗ് നിരോധിച്ച സീസണുകളിലും പ്രകൃതിക്ഷോഭ കാലങ്ങളിലും ഭക്ഷണവും വിദ്യാഭ്യാസവും മുടങ്ങാതിരിക്കാൻ ആവശ്യ മായ നടപടികളും പ്രത്യേക രോഗ പ്രതിരോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കൊഴി ഞ്ഞുപോയ കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിനും നടപടികൾ സ്വീകരിക്കുക
- ആസൂത്രണ മാർഗരേഖയിൽ സൂചിപ്പിക്കുന്നത് പോലെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് ഉറപ്പാക്കുക

**5.4.7എച്ച്.ഐ.വി ബാധിതരായവരുടെ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ കുട്ടികൾ**

- എച്ച്.ഐ.വി. ബാധിതരായ കുട്ടികളും എച്ച്.ഐ.വി. ബാധിതരായിട്ടുള്ള മാതാപിതാക്കളുടെ കുട്ടികളും സമൂഹത്തിന്റെ അവഗണനയും വിവേചനവും നേരിടുന്നവരാണ്. ഇത് ഒഴിവാ ക്കുന്നതിനും അവർക്ക് ആവശ്യമായ പരിചരണ സേവനങ്ങളും സാമൂഹ്യ പിന്തുണയും ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. ഇതിന് വേ ി സർക്കാർ പുറ പ്പെടുവിച്ചിട്ടുള്ള പ്രത്യേക മാർഗരേഖ പ്രകാരം നൽകേ സേവനങ്ങൾ മുഴുവൻ പേർക്കും ലഭ്യമാക്കുക.

**5.4.8 നിത്യരോഗ ബാധിതരായ കുട്ടികൾ**

- മാരകമായ നിത്യരോഗ ബാധിതരായ കുട്ടികൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ലഭ്യ മാക്കാൻ കഴിയുന്ന ധനസഹായങ്ങളും സൗജന്യ ചികിത്സാ സേവനങ്ങളും കൂടാതെ പാലി യേറ്റീവ് പരിചരണവും ഉറപ്പു വരുത്തുക.

**5.4.9 ഇതര സംസ്ഥാന തൊഴിലാളികൾ, നാടോടികൾ, ഭിക്ഷാടനം നടത്തുന്നവർ എന്നിവ രുടെ കുട്ടികൾ**

ഒരിടത്ത് സ്ഥിര താമസക്കാരല്ലാത്ത ഇതര സംസ്ഥാന തൊഴിലാളികളുടേയും നാടോടികളുടേയും ഭിക്ഷാടനം നടത്തുന്നവരുടേയും കുട്ടികളിൽ ഏറെയും അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരും അവഗണന അനുഭവിക്കുന്നവരുമാണ്. ഇവർക്കായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

- അങ്കണവാടികളിൽ ഭക്ഷണവും പരിചരണവും ഏർപ്പെടുത്തുക
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യം ഉറപ്പാക്കുക

- പ്രത്യേക ക്രഷെകൾ സ്ഥാപിക്കുക (സർക്കാർ അനുമതിയോടെ).
- സ്കൂളിൽ ചേർക്കാൻ കഴിയുന്നവരെ സ്കൂളുകളിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ഇതര സംസ്ഥാന തൊഴിലാളികളുടെ ആവാസ കേന്ദ്രത്തിനടുത്ത് പ്രത്യേക അങ്കണവാടികൾ പ്രവർത്തിപ്പിക്കുക. പ്രത്യേക ജാഗ്രതാ സമിതികൾ രൂപീകരിക്കുക.
- ഈ വിഭാഗം കുട്ടികൾക്കായി അങ്കണവാടികൾ രാവിലെ 7 മുതൽ വൈകിട്ട് 7 വരെ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകം സംവിധാനങ്ങൾ ആവിഷ്ക്കരിക്കുക
- ഇവർക്കറിയാവുന്ന ഭാഷയിൽ നിർദ്ദേശ/അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക.

**5.10 ജയിൽ ശിക്ഷ അനുഭവിക്കുന്ന/അനുഭവിച്ച മാതാപിതാക്കളുടെ കുട്ടികൾ**

- ജയിൽ ശിക്ഷ അനുഭവിച്ച മാതാപിതാക്കളുടെ കുട്ടികൾ കടുത്ത വിവേചനവും അവഗണനയും സമൂഹത്തിൽ നിന്ന് നേരിടേ തായി വരുന്നു ്. ഇങ്ങനെയുള്ള കുട്ടികളെ ക ത്തി അവർക്ക് പരിരക്ഷയും പിന്തുണയും നൽകാനും അവർക്കെതിരെയുള്ള വിവേചനങ്ങൾ ഇല്ലാതാക്കാനും വേ നടപടികൾ സ്വീകരിക്കേ താണ്. ഇങ്ങനെയുള്ള കുട്ടികളെ ബാലസഭാ പ്രവർത്തനങ്ങളിൽ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിക്കുക, കലാകായിക പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, സ്കൂളുകളിലെ വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക, പൊതു പ്രവർത്തന വേദികളിൽ ചുമതലകൾ നൽകുക തുടങ്ങിയവ ചെയ്തുകൊ ് സമൂഹവുമായി ഇവരെ കൂടുതൽ അടുപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടൽ നടത്തേ താണ്.

മുകളിൽ പറഞ്ഞ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് പുറമെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾ എവിടെയെല്ലാമുേ ാ അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും സ്വീകരിക്കേ താണ്.

**5.5 –പങ്കാളിത്തം, വികസനം**

**5.5.1 കലാ–കായിക പ്രോത്സാഹനം, വിനോദം**

അങ്കണവാടികളിലും സ്കൂളുകളിലും കുട്ടികളുടെ കലാ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും കായിക ശേഷികൾ വികസിപ്പിക്കുന്നതിനും വിനോദത്തിനുമുള്ള പ്രവർത്തനങ്ങൾ സജീവമാക്കണം. അങ്കണവാടിവെൽഫെയർ കമ്മറ്റികൾ, സ്കൂൾ പി.ടി.എ. എന്നിവയുടെ സഹായത്തോടെ എല്ലാ സ്കൂളുകളിലും ഇവ സംഘടിപ്പിക്കാവുന്നതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഇതിനായി ഏറ്റെടുക്കാവുന്നതാണ്.

- സ്കൂളുകളിൽ പ്രത്യേക വൈദ്യഗ്ദമുള്ളവരുടെ (മ്യൂസിക്, ഫിസിക്കൽ എഡ്യുക്കേഷൻ, ഡ്രോയിംഗ് തുടങ്ങിയവ) സേവനം ഉപയോഗപ്പെടുത്തി വിദ്യാർത്ഥികളിൽ കലാ-കായിക ശേഷി വർദ്ധിപ്പിക്കണം.

- SSA സംഘടിപ്പിക്കുന്ന ക്യാമ്പുകൾ ഇത്തരം കലാ-കായിക പ്രോത്സാഹനത്തിനുള്ള പരിപാടികളാക്കി മാറ്റുന്നതിനുള്ള ഇടപെടലുകൾ നടത്തുക (തദ്ദേശഭരണ സ്ഥാപനതല വിദ്യാഭ്യാസ പദ്ധതി എസ്.എസ്.എ തയ്യാറാക്കുന്ന സന്ദർഭത്തിൽ അതിനു വേ ഇടപെടലുകൾ നടത്തണം).
- അങ്കണവാടി കുട്ടികളുടെ വാർഷിക കലോത്സവങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ സംഘടിപ്പിക്കുക. ഇതിനായി വികസന/തനത് ഫ ിൽ നിന്ന് (പരമാവധി 20000/- രൂപ) തുക വിനിയോഗിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്തുകളും നഗരസഭകളും, ലഭ്യമായ പുറമ്പോക്ക് ഭൂമി പൊതുസ്ഥലമായി സംരക്ഷിക്കുകയോ സ്ഥലം വിലക്ക് വാങ്ങിയാണെങ്കിൽ പോലും വാർഡ് തോറും പൊതു കളിസ്ഥലവും കുട്ടികളുടെ പാർക്കുകളും സ്ഥാപിക്കുക. ഗ്രാമപഞ്ചായത്ത്/നഗരസഭാതലങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുക. പൊതു കളിസ്ഥലം, കുട്ടികളുടെ പാർക്ക്, സ്റ്റേഡിയം എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്.
- സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തത്തോടെയും പ്രാദേശിക ക്ലബുകളുടെ സഹായത്തോടേയും എല്ലാ കുട്ടികൾക്കും നീന്തൽ, സൈക്ലിംഗ്, യോഗ പരിശീലനങ്ങൾ നൽകുക.

### 5.5.2 പങ്കാളിത്തവേദികൾ

- കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ബാലസഭ, ബാലസമിതി, ബാലപഞ്ചായത്ത് പ്രവർത്തനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തനക്ഷമമാക്കുക.
- സ്കൂളുകളിൽ സ്കൂൾ പാർലമെന്റുകളും വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളും നടക്കുന്നു ന്ന് ഉറപ്പുവരുത്തുക.
- ഹൈസ്ക്കൂൾ/ഹയർസെക്കന്ററി സ്ക്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്/സ്കൗട്ട്സ് & ഗൈഡ്സ് തുടങ്ങിയ പരിപാടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അങ്കണവാടികൾ വഴി കുമാരിക്ലബ്ബുകൾ രൂപീകരിക്കുന്നതോടൊപ്പം ആൺകുട്ടികളുടെ ക്ലബുകൾ (Adolescent boys clubs) രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വാർഡുതോറും വർഷത്തിൽ 2 തവണയെങ്കിലും കുട്ടികളുടെ പ്രത്യേക ഗ്രാമസഭ സംഘടിപ്പിക്കുക.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ (കുട്ടികളുടെ ഗ്രാമസഭ, കുട്ടികളുടെ പാർക്ക്, ലൈബ്രറി എന്നിവയുടെ നടത്തിപ്പ്, കേരളോത്സവം, വിവിധ സെമിനാറുകൾ, പൊതുചടങ്ങുകൾ മുതലായവ). സംഘാടകരായും ചുമതലക്കാരായും പ്രവർത്തകരായും കുട്ടികളെ പങ്കെടുപ്പിച്ച് അവർക്ക് പൊതു പ്രവർത്തന രംഗത്ത് അനുഭവവും പരിചയവും ലഭ്യമാക്കുക

## 6 –പശ്ചാത്തല സൗകര്യങ്ങൾ, സേവന ഗുണമേന്മ

### 6.6.1 പശ്ചാത്തല സൗകര്യങ്ങൾ

- കുട്ടികൾ എത്തുന്ന പൊതു ഇടങ്ങളിലെല്ലാം (അങ്കണവാടി, സ്കൂൾ, ഹോസ്റ്റൽ, ആശുപത്രി , ബസ് സ്റ്റാന്റ്, മാർക്കറ്റ്, കളിസ്ഥലം) കുട്ടികൾക്കാവശ്യമായ അനുയോജ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും തടസ്സ വിമുക്ത സൗകര്യങ്ങളും ഉറപ്പാക്കുക.
- എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കീഴിലും പൊതു പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ ഉറപ്പാക്കപ്പെടുകയും അവ ബാലസൗഹൃദ ഇടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുക.
- കുട്ടികൾ വിഹരിക്കുന്ന എല്ലാ പൊതു ഇടങ്ങളുടേയും സൗകര്യ പഠനം നടത്തി (Feasibility Mapping) നിലവാരവും സുരക്ഷയും ഉറപ്പു വരുത്തുന്നതിന് വേ പരിപാടികൾ ആസൂത്രണം ചെയ്യുക

### 6.6.2 സേവന ഗുണമേന്മ ഉറപ്പുവരുത്തൽ

പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും കുട്ടികൾക്കായി നൽകുന്ന /നൽകേ സേവനങ്ങൾ ആവശ്യമുള്ളവരും അർഹരുമായ മുഴുവൻ കുട്ടികൾക്കും കൃത്യമായും ഗുണമേന്മയോടെയും ലഭിക്കുന്നുെ ന്ന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. അതിനായി താഴെപ്പറയുന്നവ ചെയ്യേ താണ്.

- കുട്ടികൾക്ക് വേ ി സേവന-ക്ഷേമ പരിപാടികൾ നടത്തുന്ന സ്ഥാപനങ്ങൾ/ഏജൻസികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും (ഉദാ: സാമൂഹ്യ സുരക്ഷാ മിഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, ശിശുക്ഷേമ സമിതി ) ലഭ്യമാകുന്ന സേവനങ്ങളും എന്തൊക്കെയെന്നും (ഉദാ: കാൻസർ സുരക്ഷാ പദ്ധതി, താലോലം, അമ്മത്തൊട്ടിൽ ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്ഥാപനങ്ങളിൽ അറിയിപ്പ് ബോർഡുകളിലൂടെ അറിയിക്കാൻ നടപടി സ്വീകരിക്കുക.
- ജനപ്രതിനിധികൾ പ്രതിമാസ കാര്യപരിപാടി തയ്യാറാക്കി അവരവരുടെ വാർഡുകളിലെ സ്ഥാപനങ്ങൾ സന്ദർശിച്ച് (അംഗൻവാടികൾ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ) പ്രവർത്തനങ്ങൾ വിലയിരുത്തുക. ജനപ്രതിനിധികളുടെ സ്ഥാപന സന്ദർശന റിപ്പോർട്ടുകൾ സ്റ്റാന്റിംഗ് കമ്മറ്റി, ഭരണ സമിതി യോഗങ്ങളിൽ അജ യായി ഉൾപ്പെടുത്തി ചർച്ച ചെയ്യുക.
- ജനകീയ കമ്മറ്റികളുടെ ശാക്തീകരണം : അങ്കണവാടി—ലെവൽ മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റികൾ, പി.ടി.എ. കൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ വാർഡ്തല ആരോഗ്യ- ശുചിത്വ - പോഷണ സമിതികൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തണം.
- എക്സ്റ്റൻഷൻ സർവീസ് മാനേജ്മെന്റ്: ഫീൽഡ്തല വിജ്ഞാന വ്യാപന സേവന പ്രവർത്തകരുടെ (Extension officers) പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃത്യമായ വിലയിരുത്തലിന് വിധേയമാക്കുക.

- കുട്ടികൾക്ക് വേ ിയുള്ള സർവീസ് ചാർട്ടർ: തദ്ദേശഭരണ സ്ഥാപനത്തിന്റെ എല്ലാ സ്ഥാപനങ്ങളും കുട്ടികൾക്ക് വേ ി നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും സ്ഥാപനങ്ങളിൽ പരസ്യഫലകങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

## 7. പൊതു നിർദ്ദേശങ്ങൾ

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുക്കൊ ് തദ്ദേശ തലത്തിൽ തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ കുട്ടികൾക്ക് വേ ി ഉറപ്പാക്കേ എല്ലാ സേവനങ്ങളും സംവിധാനങ്ങളും ഉൾപ്പെടുത്തേ താണ്. ബാലസൗഹൃദ തദ്ദേശഭരണം ഉറപ്പാക്കുക എന്നതാണ് കുട്ടികളുടെ സമഗ്ര വികസന പരിപാടി ലക്ഷ്യം വെക്കുന്നത്. ഇക്കാര്യത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ചൈൽഡ് റിസോഴ്സ് സെന്റർ – കില തയ്യാറാക്കിയിട്ടുള്ള 'ബാല സൗഹൃദ തദ്ദേശ ഭരണ പ്രവർത്തന സഹായി' (Operational Manual) റഫർ ചെയ്യേ താണ്. ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിലാണ് ആദ്യം കുട്ടികൾക്കായുള്ള സമഗ്ര വികസന പദ്ധതി തയ്യാറാക്കേ ത്. ഗ്രാമപഞ്ചായത്ത് തലങ്ങളിൽ തയ്യാറാക്കുന്ന സമഗ്ര പരിപാടിയിലെ നിർദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കണം ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ സമഗ്ര പരിപാടി തയ്യാറാക്കേ ത്. ഇതോടൊപ്പം ബ്ലോക്ക്-ജില്ലാപഞ്ചായത്ത് നിയന്ത്രണത്തിലുള്ള , സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥരുടേയും സേവനം, ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന സമഗ്രപരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സ്വീകരിക്കേ താണ്.
ബാലസൗഹൃദ പ്രവർത്തനങ്ങൾക്കാവശ്യമായ ഫ ് പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വകയിരുത്താവുന്നതാണ്. കുട്ടികൾക്കായുള്ള സമഗ്ര പദ്ധതി തയ്യാറാക്കുമ്പോൾ ധനവിനിയോഗത്തിനും സംഘാടനത്തിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേ താണ്.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ നിന്നുകൊ ് നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തിയും കാര്യക്ഷമമാക്കിയും ചെയ്യേ വ ആദ്യം ചെയ്യുക.
2. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ചെയ്യാൻ കഴിയുന്നവ അപ്രകാരം ചെയ്യുക.
3. തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ഫ ുകൾ വിനിയോഗിച്ച് പദ്ധതി - പദ്ധതിയേതര വിഭാഗങ്ങളിൽ ചെയ്യേ വ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

- പദ്ധതിയിൽ ഉൾപ്പെടുത്തേ വയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കിയും അല്ലാത്തവക്കാവശ്യമായ തനത് ഫ ് ബജറ്റിൽ വകയിരുത്തിയും വേണം സമഗ്ര പരിപാടി തയ്യാറാക്കൽ.
- മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയായിരിക്കണം കുട്ടികളുടെ സമഗ്ര പരിപാടിക്ക് രൂപം നൽകേ ത്. എന്നാൽ പ്രോജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കണം.
- കുട്ടികളുടെ അവസ്ഥ വസ്തുനിഷ്ഠമായും ശാസ്ത്രീയമായും മനസ്സിലാക്കുന്നതിന് ചൈൽഡ് സ്റ്റാറ്റസ് സ്റ്റഡി (കുട്ടികളുടെ അവസ്ഥാ പഠനം) നടത്തേ താണ്. അതിന് വേ മാർഗനിർദ്ദേശങ്ങൾ (Operational Manual) കില നൽകുന്നതാണ്.

- ഈ മാർഗരേഖയിലെ നിർദേശങ്ങൾ പ്രകാരം ബാലസൗഹൃദ പ്രാദേശിക ഭരണം ഉറപ്പാക്കുന്നതിനായി പ്രാദേശിക ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന എല്ലാ നിയമാനുസൃതമായ പ്രവർത്തനങ്ങളും അതത് വിഷയ മേഖലകൾ ഉൾപ്പെടുത്തി ഫ ് വകയിരുത്താവുന്നതാണ്.

## 8. മോണിറ്ററിംഗ് സംവിധാനം

### 8.1 പ്രോജക്ടുകളുടെ മോണിറ്ററിംഗ്

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ പ്രകാരം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്റ്റും മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കേ താണ്.
- സ്ത്രീകളുടേയും കുട്ടികളുടേയും വികസനം എന്ന വർക്കിംഗ് ഗ്രൂപ്പാണ് കുട്ടികൾക്ക് വേ ി യുള്ള പരിപാടികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്യേ താണ്.

### 8.2 സ്ഥാപനതല പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്

അങ്കണവാടി, സ്കൂൾ, ആരോഗ്യ സ്ഥാപനം എന്നിവയുടേയും അവയിലൂടെ നടക്കുന്ന പ്രവർത്തനങ്ങളും യഥാക്രമം അങ്കണവാടി വെൽഫെയർ കമ്മറ്റി, പി.ടി.എ, ആശുപത്രി മാനേജ്മെന്റ് കമ്മറ്റി എന്നിവ പ്രാഥമിക മോണിറ്ററിംഗ് നടത്തണം ഇവരുടെ റിപ്പോർട്ട് യഥാസമയം ബന്ധപ്പെട്ടവർക്ക് നൽകണം.

### 8.3 സമഗ്ര പരിപാടിയുടെ ഏകോപനവും മോണിറ്ററിംഗും

- കുട്ടികൾക്ക് വേ ി നടത്തുന്ന എല്ലാ പദ്ധതി- പദ്ധതിയേതര പ്രവർത്തനങ്ങളും അടങ്ങുന്ന സമഗ്ര പരിപാടിയുടെ ഏകോപനവും മോണിറ്ററിംഗും നടത്തുന്നതിനായി താഴെപ്പറയുന്ന ഘടനയിൽ തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ കുട്ടികളുടെ സമഗ്ര വികസന ഏകോപന മോണിറ്ററിംഗ് സമിതി രൂപീകരിക്കേ താണ്.

**a). ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ/ബ്ലോക്ക് പഞ്ചായത്ത്**

| | | |
|---|---|---|
| ചെയർപേഴ്സൺ | – | പ്രസിഡ ്/മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ |
| വൈസ് ചെയർപേഴ്സൺ | – | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| കൺവീനർ | – | ഐ.സി.ഡി.എസ് സൂപ്പർവൈസർ/എ.സി.ഡി.പി.ഒ/സി.ഡി.പി.ഒ |
| അംഗങ്ങൾ | – | 1. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെയുള്ള മറ്റ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ<br>2. ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ (ഗ്രാമ പഞ്ചായത്ത്/നഗരസഭാതലങ്ങളിൽ. ബ്ലോക്ക് പഞ്ചായത്ത് തല ങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളിലെ അതാത് തല |

ങ്ങളിലെ സീനിയർ ഉദ്യോഗസ്ഥർ

3. സി.ഡി.എസ് ചെയർപേഴ്സൺ(ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനതലങ്ങളിൽ മാത്രം.
4. കുട്ടികൾക്ക് വേ ി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളിൽ നിന്നോ പൊതു പ്രവർത്തകരിൽ നിന്നോ 3 സന്നദ്ധ പ്രവർത്തകർ

**b). ജില്ലാ തലം**

തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പുകളും കുട്ടികൾക്ക് വേ ി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ സൂക്ഷ്മമായ മോണിറ്ററിംഗിന് വിധേയമാക്കണം. അതിനായി താഴെപ്പറയുന്ന ഘടനയിൽ ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിക്കേ താണ്.

| | | |
|---|---|---|
| ചെയർപേഴ്സൺ | | ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ |
| വൈസ് ചെയർപേഴ്സൺ | – | ജില്ലാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| കൺവീനർ | – | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| അംഗങ്ങൾ | – | 1. ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി), ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, പട്ടികജാതി വികസനം, പട്ടികവർഗ വികസനം, ഫിഷറീസ് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ<br>2. ജില്ലാ പ്രോഗ്രാം ഓഫീസർ (ഐ.സി.ഡി.എസ്), അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ജില്ലാ വനിതാ വികസന ഓഫീസർ, ജില്ലാ ആശുപത്രികളിലെ സൂപ്ര ുമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, സമ്പൂർണ്ണ ശുചിത്വ മിഷന്റെ ജില്ലാതല ഉദ്യോഗസ്ഥൻ<br>3. കുട്ടികൾക്ക് വേ ി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികളായ മൂന്ന് പേർ/കുട്ടികളുടെ മൂന്ന് പ്രതിനിധികൾ<br>4. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു അഡ്വക്കേറ്റ് |

തദ്ദേശഭരണ സ്ഥാപനതല-ജില്ലാതല മോണിറ്ററിംഗ് സമിതികൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും പ്രവർത്തനങ്ങളുടെ സമുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തുകയും വേണം. കുട്ടികളുടെ ക്ഷേമ-വികസന-സംരക്ഷണത്തിനായി ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഔദ്യോഗിക സമിതികളുമായുള്ള സംയുക്ത യോഗങ്ങളും ഈ സമിതികൾക്ക് നടത്താവുന്നതാണ്.